# ഓർമകളിലെ എൻ. വി.

ഡോ. എൻ. വി. പി. ഉണിത്തിരി
(ആനന്ദമഠം, പോസ്റ്റ്. തേഞ്ഞിപ്പലം,
മലപ്പുറം ജില്ല– 673636
ഫോൺ: 04942403058)

## ആമുഖം

നമ്മുടെ പ്രിയകവി വിഷ്ണുനാരായണൻ നമ്പൂതിരിയുടെ സമ്പൂർണകൃതികളുടെ സമാഹാരമായ *വൈഷ്ണവ*ത്തിൽ അദ്ദേഹം ഇംഗ്ലീഷിലും സംസ്കൃതത്തിലും എഴുതിയ കവിതകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ആ സംസ്കൃതകവിതകൾ *സുകൃതം* എന്ന പേരിൽ സമാഹരിക്കാനും ദേവനാഗരീലിപിയിൽത്തന്നെ അച്ചടിക്കാനും കേരളസാഹിത്യ അക്കാദമി തീരുമാനിച്ചിരിക്കുന്നതിനാൽ സിക്രട്ടറി ഡോ. കെ. പി. മോഹനൻ നിർദേശിച്ചതനുസരിച്ച് *സുകൃത*ത്തിന്റെ സമ്പാദനം നിർവഹിക്കാൻ ഞാൻ സന്തോഷപൂർവം ഒരുങ്ങി. അതു ചെയ്യുന്നതോടൊപ്പം വിഷ്ണുനാരായണൻ നമ്പൂതിരിയെപ്പോലെ, ഞാനും ഗുരുവായി ആദരിക്കുന്ന എൻ. വി. കൃഷ്ണവാരിയരെപ്പറ്റി എനിക്കുള്ള സ്മരണകൾ 'ഓർമകളിലെ എൻ. വി.' എന്നപേരിൽ പുസ്തകരൂപത്തിൽ എഴുതിയാൽ കൊള്ളാമെന്നും വിഷ്ണുമാസ്റ്റർതന്നെ ഏതാണ്ട് അരനൂറ്റാണ്ടിനുമുൻപ് സ്വന്തം വീട്ടിൽവെച്ച് എന്നെ പരിചയപ്പെടുത്തിയ ബി. കൃഷ്ണകുമാർ (ആത്മാരാമൻ എന്ന പേരിൽ പ്രസിദ്ധനായ എഴുത്തുകാരൻ) എന്നോട് ആവശ്യപ്പെടുകയുണ്ടായി.

*ഋഗ്വേദ*ത്തിന്റെ മലയാളഗദ്യപരിഭാഷ എഴുതുന്നതിൽ മുഴുകിയിരുന്ന എനിക്ക് അതിന്നിടയിൽ ഈ രണ്ടു കൃത്യങ്ങളും നിർവഹിക്കാൻ കഴിഞ്ഞുവെന്നതിൽ അതിരറ്റ ചാരിതാർഥ്യമുണ്ട്. കൂട്ടത്തിൽ *ഋഗ്വേദമലയാളഗദ്യപരിഭാഷ*യും പൂർത്തിയാക്കാൻ സാധിച്ചു. തൽക്കാലം അഞ്ചു ഭാഗങ്ങളിലായി നാലായിരത്തിനും അയ്യായിരത്തിനുമിടയിൽ പേജുകൾ വരുന്ന ആ ബൃഹത്കൃതി താമസിയാതെ പ്രസിദ്ധപ്പെടുത്താൻ കഴിയുമെന്നു വിശ്വസിക്കുന്നു.

*ഓർകളിലെ എൻ. വി.* എന്ന ഈ ലഘുഗ്രന്ഥത്തിലെ ആദ്യത്തെ പതിനാലധ്യായങ്ങൾ തൽക്കാലം ഓർമയിൽ വന്ന എൻ.വി. യും ഞാനും തമ്മിലുള്ള ബന്ധത്തെയും അതുമായി ബന്ധപ്പെട്ട മറ്റു വ്യക്തികളെയും സംഭവങ്ങളെയും പറ്റിയാണ്. ചെറിയ അധ്യായങ്ങളാണിവ. സാമാന്യം വലിയ പതിനഞ്ചാമധ്യായം എൻ.വി. യുടെ സംസ്കൃതഗവേഷണത്തെക്കുറിച്ചുള്ള പ്രബന്ധം. അടുത്തതും അവസാനത്തേതുമായ അധ്യായം 1976–ൽ എൻ. വി. യുടെ ഷഷ്ടിപൂർത്തിസ്മരണികയിൽ (*എൻ. വി. യും മലയാളസാഹിത്യവും*) ഉൾപ്പെടുത്തുന്നതിനുവേണ്ടി അദ്ദേഹവുമായി ഞാൻ നടത്തിയ



സുദീർഘമായ അഭിമുഖസംഭാഷണമാകുന്നു. അധികമാരും അറിഞ്ഞിട്ടില്ലാത്ത എൻ.വി. യുടെ ആദ്യകാലാനുഭവങ്ങളാണ് അതിലെ മുഖ്യഭാഗം.

നാലഞ്ചു കൊല്ലം കൊണ്ട് ഇത്രയും ചെയ്യാനുള്ള പ്രേരണ യശഃശരീരനായ എൻ. വി. നിരന്തരം തന്നിരുന്ന പ്രചോദനവും പ്രോത്സാഹനവുമാണെന്നു രേഖപ്പെടുത്താൻ ഈ അവസരം ഞാൻ ഉപയോഗിക്കുന്നു.

ഈ പുസ്തകത്തിന്റെ പ്രസാധനം ഏറ്റെടുത്ത മാതൃഭൂമിയുടെ പ്രവർത്തകന്മാരോട്, വിശേഷിച്ച് പബ്ലിക്കേഷൻസിന്റെ മാനേജർ കെ. നൗഷാദിനോട്, കൃതജ്ഞത.

**ഡോ. എൻ. വി. പി. ഉണിത്തിരി**

ഉള്ളടക്കം

1. കേരളസാഹിത്യസമിതിയുടെ രൂപവൽക്കരണം
2. തലശ്ശേരി ശാഖ
3. സാഹിത്യസമിതിശില്പശാല
4. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകഡയരക്ടർ
5. അടിയന്തരാവസ്ഥയിൽ
6. മലയാളകവിതയുടെ സംസ്കൃതവിവർത്തനങ്ങൾ
7. ആനന്ദവർധനന്റെ കളിക്കൂട്ടുകാരൻ
8. കേരളസർവകലാശാലയിൽ ലക്ചറർ
9. എം. ആർ. സി.
10. മാതൃഭൂമിയിലേക്കുള്ള തിരിച്ചുവരവ്
11. കുറേക്കൂടി മാതൃഭൂമിസ്മരണകൾ
12. സാഹിത്യസമിതി പ്രസിഡണ്ട്
13. എൻ. വി. ക്കു ഡി. ലിറ്റ്
14. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ എൻ. വി. യുടെ പിൻഗാമി
15. എൻ. വി. യുടെ സംസ്കൃതഗവേഷണം
16. സംഭവബഹുലമായൊരു ജീവിതം

★



## 1. കേരളസാഹിത്യസമിതിയുടെ രൂപവൽക്കരണം

ശിഷ്യരും സുഹൃത്തുക്കളുമായ ഞങ്ങളെപ്പോലുള്ളവർ എൻ. വി. എന്നു വിളിക്കുന്ന എൻ. വി. കൃഷ്ണവാരിയരെപ്പറ്റി ഞാൻ ആദ്യമായി കേൾക്കുന്നത് ഞാൻ ജനിച്ചുവളർന്ന കണ്ണൂർ ജില്ലയിൽ ചെറുതാഴം പഞ്ചായത്തിൽ കുളപ്പുറത്തെ എന്റെ നാട്ടുകാരനും മാടായി ഗവ. ഹൈസ്കൂളിൽ അധ്യാപകനുമായിരുന്ന യശഃശരീരനായ കവി എ. എസ്. നമ്പൂതിരിയിൽനിന്നാണ്. അദ്ദേഹം കോഴിക്കോട് സാമൂതിരി കോളേജിലാണ് പഠിച്ചിരുന്നത്. സി. രാധാകൃഷ്ണൻ, എ. പി. പി. നമ്പൂതിരി, എൻ. എൻ. കക്കാട്, വിഷ്ണുനാരായണൻ നമ്പൂതിരി, അക്കിത്തം, തിക്കോടിയൻ, കെ. എ. കൊടുങ്ങല്ലൂർ എന്നിവരെപ്പറ്റിയൊക്കെ അദ്ദേഹം പറയുമായിരുന്നു. കവിയശഃപ്രാർഥിയായിരുന്ന ഞാൻ എ. എസ്. മാഷോടാണ് കവിതാപുസ്തകങ്ങൾ വായിക്കാൻ വാങ്ങിയിരുന്നത്. പോയാലെല്ലാം മാസ്റ്ററുടെ അമ്മ ചായയും പലഹാരവും തരും. എ. എസ്. മുൻപറഞ്ഞവരെപ്പറ്റിയൊക്കെ പലപ്പോഴും പറയുമായിരുന്നു. എൻ. വി കൃഷ്ണവാരിയരെപ്പറ്റിയാണ് കൂടക്കൂടെ പറഞ്ഞിരുന്നത്.

പിന്നീടു ഞാൻ ഹൈസ്കൂളിൽ പഠിക്കുമ്പോൾ എൻ. വി.യുടെ *നീണ്ടകവിതക*ളും *കുറേക്കൂടി നീണ്ടകവിതക*ളും മറ്റും അദ്ദേഹം എന്നെ പരിചയപ്പെടുത്തുകയുമുണ്ടായി.

ഇന്നത്തെ ചെറുതാഴം ഹയർ സെക്കന്ററി സ്കൂളിന്റെ പൂർവരൂപമായ മൊട്ടക്ക് സ്കൂൾ എന്നറിയപ്പെട്ടിരുന്ന ചെറുതാഴം ഗവ. എൽ. പി. സ്കൂളിൽ രണ്ടാം ക്ലാസ്സിൽ പഠിച്ചിരുന്ന കാലത്ത് "പഠിപ്പു തീർന്നാൽ പള്ളിക്കൂടം വിട്ടുകഴിഞ്ഞെന്നാൽ പറയുക പറയുക..." എന്ന കവിത ആംഗ്യപ്പാട്ടായി 'വിച്ചൻ ബാലൻ മാഷ്' എന്നു പലരും പറയാറുള്ള, വാസ്തവത്തിൽ നല്ല സഹൃദയനും രസികനുമായ, ബാലൻ മാഷ് ഒരിക്കൽ എക്സ്ട്രാ ക്ലാസിനു വന്നപ്പോൾ ഞങ്ങളെക്കൊണ്ടു പാടിച്ചിരുന്നു. പിന്നീടു വളരെക്കാലം കഴിഞ്ഞാണ് അത് എൻ. വി. യുടേതാണെന്നു ഞാൻ മനസ്സിലാക്കിയത്. അങ്ങനെയാണ്, അറിയാതെയാണെങ്കിലും, എൻവിക്കവിതയുമായി ആദ്യമായി പരിചയപ്പെട്ടത്.

പിന്നീട് എസ്. എസ്. എൽ. സി. പ്രശസ്തമായ നിലയിൽ വിജയിച്ചുവെങ്കിലും കോളേജുപഠനത്തിനു വീട്ടിലെ സാമ്പത്തികാവസ്ഥ അനുവദിക്കാതിരുന്നതുകൊണ്ട് 1965–ൽ കണ്ണൂർ ബേസിക് ട്രയിനിംഗ് സ്കൂളിൽ അധ്യാപകപരിശീലനത്തിനു ചേർന്നു. അന്നത്തെ നിയമ

മനുസരിച്ച് പ്രൈവറ്റായി ഉയർന്നു പഠിക്കാൻ അധ്യാപകനായി
മൂന്നു കൊല്ലത്തെ സർവീസ് വേണമായിരുന്നു. 1965–'67 ലെ രണ്ടു
കൊല്ലത്തെ ആ അധ്യാപകപരിശിലനക്കാലം എന്നെ സംബന്ധിച്ചിട
ത്തോളം സാഹിത്യപ്രവർത്തനപരിശീലനകാലം കൂടിയായിരുന്നു
വെന്നു പറഞ്ഞാൽ തെറ്റില്ല. മഹാകവി പി. കുഞ്ഞിരാമൻനായർ,
വാഗ്ഭടാനന്ദഗുരുദേവന്റെ പ്രമുഖശിഷ്യനും വാഗ്മിയുമായ എം. ടി.
കുമാരൻ, സുകുമാർ അഴീക്കോട് മുതലായ പ്രസിദ്ധരുടെ പ്രസംഗ
ങ്ങൾ കേൾക്കാൻ അവസരമുണ്ടായത് കുഞ്ചൻ നമ്പ്യാരുടെ അന
ന്തരതലമുറിയിൽപ്പെട്ട സഹൃദയനായ ഡോ. എൻ. ബാലകൃഷ്ണന്റെ
പ്രധാനാധ്യാപകത്വം സൃഷ്ടിച്ച അന്തരീക്ഷത്തിലാണ്. പി. വി. കെ.
നെടുങ്ങാടിയുടെ പത്രാധിപത്യത്തിൽ കണ്ണൂരിൽനിന്ന് അന്നു പുറ
പ്പെട്ടിരുന്ന *ദേശമിത്രം* വാരിക കവിയശഃകാംക്ഷികളായ എന്നെപ്പോ
ലുള്ള ചെറുപ്പക്കാരെ അകമഴിഞ്ഞു പ്രോത്സാഹിപ്പിച്ചിരുന്നു.

അക്കാലത്താണ് കേരളസാഹിത്യസമിതിയുമായി ഞാൻ ബന്ധ
പ്പെട്ടത്. പുരോഗമനസാഹിത്യസംഘടന മിക്കവാറും നിർജീവമായ
തോടെ, മലബാറിൽ വിശേഷിച്ചും, സാഹിത്യത്തിന്റെ ഉള്ളടക്കത്തി
ലെന്നപോലെ ശില്പഭംഗിയിലും തുല്യശ്രദ്ധ പതിയേണ്ടുന്ന ആവശ്യം
സാഹിത്യകാരന്മാരെയും ആസ്വാദകരെയും ബോധ്യപ്പെടുത്തുകയും
അതിനുവേണ്ട പരിശീലനം നൽകുകയും വേണമെന്ന ആശയം എൻ.
വി. യിലുദിച്ചു. ഇതേക്കുറിച്ച് സാഹിത്യത്തിന്ന് ഒരു പഞ്ചവത്സരപദ്ധ
തിയുണ്ടാവേണ്ടതിനെക്കുറിച്ച് അദ്ദേഹം അവിടവിടെ ചില ചർച്ച
കൾക്കു നേതൃത്വം കൊടുക്കുകയുണ്ടായി. ആ അനുഭവങ്ങളിൽനിന്ന്
സാഹിത്യകാരന്മാർക്കും സഹൃദയന്മാരായ വായനക്കാർക്കും ഒരാഴ്ച്ച
യോളമെങ്കിലും നീണ്ടുനിൽക്കുന്ന ഓരോ ശില്പശാല ഓരോ കൊല്ല
ത്തിലും ഓരോന്നെങ്കിലും നടത്തണമെന്ന ആശയം ഉരുത്തിരിഞ്ഞു
വന്നു. അങ്ങനെ, 1961–ലാണെന്നാണോർമ, എൻ. വി. യും എസ്.
കെ. പൊറ്റെക്കാടും സംയുക്തമായി ഒരു പ്രസ്താവനയിറക്കി.

ഇതിന് എൻ. വി. തന്നെ മുൻകൈയെടുത്തതിനു പല കാരണ
ങ്ങളുമുണ്ടാവാം. അക്കാലത്ത് അദ്ദേഹം *മാതൃഭൂമി ആഴ്ച്ചപ്പതിപ്പി*ന്റെ
പത്രാധിപരായിരുന്നു. കലാലയങ്ങളിലും അതുപോലുള്ള അക്കാദ
മിക സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന യുവാക്കളും മധ്യവയസ്ക
രുമായിരുന്നു മിക്ക എഴുത്തുകാരും. അവരുടെ രചനകൾ നോക്കി
ആവശ്യമായ തിരുത്തലുകൾ വരുത്തി പ്രസിദ്ധീകരിച്ചതിന്റെ വിപു
ലമായ അനുഭവസമ്പത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. കൃഷി,
വാണിജ്യം, വ്യവസായം മുതലായവപോലെ സാഹിത്യരചനയും പരി
ശീലനം വേണ്ടുന്ന ഒരു തൊഴിലാണെന്നും സാഹിത്യകാരൻ ഒരു



തൊഴിലാളിയാണെന്നും പുരോഗമനസാഹിത്യസംഘടന മനസ്സി
ലാക്കിയിരുന്നുവെങ്കിലും സംഘടനയിലെ ഭൂരിപക്ഷം പ്രവർത്തകരും
അനുയായികളും ഭാവത്തിൽ കാണിക്കുന്ന ശുഷ്കാന്തി രൂപത്തിൽ
കാണിച്ചില്ല. അങ്ങനെ മഹാകവി ജി. ശങ്കരക്കുറുപ്പ് പ്രസിഡണ്ടും
എൻ. വി. കൃഷ്ണവാരിയർ ജനറൽ സിക്രട്ടറിയുമായി കേരളസാഹി
ത്യസമിതി സ്ഥാപിതമായി. എൻ. വി. യുടെ നേതൃത്വത്തിൽ ഏതാ
ണ്ടൊരു പത്തു കൊല്ലം നടന്ന കേരളസാഹിത്യസമിതിപ്രവർത്തന
ങ്ങൾ മലയാളസാഹിത്യലോകത്തിലാകെ ഒരു ചലനമുണ്ടാക്കി.
രൂപമോ ഭാവമോ പ്രധാനം എന്നും മറ്റുമുള്ള ചോദ്യങ്ങൾക്കു വാസ്ത
വത്തിൽ വലിയ അർഥമൊന്നുമില്ലെന്നും ഭാവരൂപൈക്യമാണ് വേണ്ട
തെന്നുമുള്ള സാഹിത്യതത്ത്വം ഏറെക്കുറെ സാർവത്രികമായി
അംഗീകരിക്കപ്പെട്ടു. (വളരെ വൈകിയാണെങ്കിലും ഇ. എം. എസ്സ്.
പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ ഈ പോരായ്മ തിരിച്ചറിഞ്ഞു
പ്രസിദ്ധമായ *ഭാഷാപോഷിണി*പ്രബന്ധത്തിലൂടെ സഹൃദയസമക്ഷം
അവതരിപ്പിക്കുകയുണ്ടായി)

★

## 2. തലശ്ശേരി ശാഖ

പലേടത്തും ശാഖകളുണ്ടായിരുന്നുവെങ്കിലും സാഹിത്യസമിതിയുടെ തലശ്ശേരിശാഖ മാത്രമായിരുന്നു സജീവം. എം. എസ്. മേനോൻ, എം. എൻ. വിജയൻ എന്നിവരുടെ നേതൃത്വത്തിൽ നല്ലൊരു സംഘം പ്രവർത്തകർ അവിടെ ഉണ്ടായിരുന്നു. *നിരൂപണം മലയാളത്തിൽ, പൗരസ്ത്യസാഹിത്യദർശനം, ഭാരതീയകാവ്യചിന്തകൾ, ആശാന്റെ കാവ്യലോകം, മുണ്ടശ്ശേരി* മുതലായ പ്രത്യേകവിഷയങ്ങളെ ആസ്പദമാക്കി വിശിഷ്ടപണ്ഡിതന്മാരെക്കൊണ്ട് പ്രൗഢപ്രബന്ധങ്ങൾ അവതരിപ്പിക്കുകയും അവ സമാഹരിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്യുക ആദ്യകാലങ്ങളിൽ പതിവായിരുന്നു.

1964 മുതൽ കുറേ കൊല്ലം (തിരുവനന്തപുരത്തു ഗവേഷണം നടത്തുന്ന കാലത്തും ലീവെടുത്തും ഞാനതിൽ സംബന്ധിച്ചിരുന്നു) ഞാൻ അതിൽ സദസ്യനായും പ്രബന്ധകർത്താവായും പങ്കെടുക്കുകയുണ്ടായി. കുട്ടിക്കൃഷ്ണമാരാർ, വി. ടി. ഭട്ടതിരിപ്പാട്, പണ്ഡിതരാജൻ കെ. അച്യുതപ്പൊതുവാൾ, പി. സി. വാസുദേവനിളയത്, കെ. പി. നാരായണപ്പിഷാരടി, കെ. കുഞ്ചുണ്ണിരാജ, ഇ. ആർ. ശ്രീകൃഷ്ണ ശർമ, ചെറുകാട്, ഇ. കെ. നാരായണൻ പോറ്റി, ഒ. എൻ. വി; എം. ലീലാവതി, സുഗതകുമാരി, എൻ. എൻ. കക്കാട്, ടി. പി. സുകുമാരൻ, കെ. പി. ശങ്കരൻ, വിഷ്ണുനാരായണൻ നമ്പൂതിരി, എൻ. കെ. ദേശം മുതലായി അന്നു മലയാളസാഹിത്യത്തിലെ മുതിർന്നവരും യുവാക്കളുമായ പലരെയും ആദ്യമായി ഞാൻ കാണുന്നതും ചിലരുമായി പരിചയപ്പെടുന്നതും തലശ്ശേരി സാഹിത്യസമിതിയുടെ ഏകദിനവാർഷികസമ്മേളനങ്ങളിൽവെച്ചാണ്.

ഏതാണ്ട് ഇരുപതാം വയസ്സിൽ ടി. ടി. സി.യും മലയാളം വിദ്വാൻ പ്രിലിമിനറി പരീക്ഷയും പാസ്സായ ഞാൻ തളിപ്പറമ്പ് മൂത്തേടത്തു ഹൈസ്കൂളിൽ ഭാഷാധ്യാപകനായി ജോലിനോക്കുന്ന കാലത്തു തന്നെ *ജയകേരളം* വാരികയിൽ *രാമായണ-മഹാഭാരത*ങ്ങളെക്കുറിച്ചു പ്രൗഢി തോന്നിക്കുന്ന തുടർലേഖനങ്ങളെഴുതിയിരിന്നതുകൊണ്ട് ഞാനൊരു സംസ്കൃതപണ്ഡിതനാണെന്ന ഒരു ധാരണ പലർക്കുമുണ്ടായിരുന്നു. എന്നാൽ, വാസ്തവം അതല്ല. അങ്ങനെ സ്വയം തോന്നിയിട്ടുമില്ല. കേരളസാഹിത്യസമിതിയുടെ ശില്പശാലകളിലും വാർഷികസമ്മേളനങ്ങളിലും പങ്കെടുക്കുക വഴി എൻ. വി. യെയും എം. എസ്. മേനോനെയും മറ്റും പരിചയപ്പെട്ടതുകൊണ്ടുള്ള അനുഭവമാവാം കാരണം. സംസ്കൃതം അടിസ്ഥാനപരമായി പഠിക്കേണ്ടത മലയാളം നന്നായി കൈകാര്യം ചെയ്യുന്നതിനും ആവശ്യമാണെന്ന



തോന്നൽ ഉണ്ടായതിനെത്തുടർന്നാണ് ഞാൻ ഹൈസ്കൂളിൽ എന്നെ മലയാളം പഠിപ്പിച്ച വ്യാകരണശിരോമണി ഒ. കെ. മുൻഷിയുടെ കീഴിൽ അടിസ്ഥാനപരമായി സംസ്കൃതം പഠിക്കാൻ തുടങ്ങിയത്.

കേരളസാഹിത്യസമിതിയുടെ ശില്പശാലയിലും തലശ്ശേരിശാഖാ വാർഷികത്തിലും കണ്ട പരിചയം വെച്ച് ചെറുകാട്, വിഷ്ണുനാരായണൻ നമ്പൂതിരി എന്നിവർ കുളപ്പുറത്തെ എന്റെ വീട്ടിലും ഓരോ തവണ വരികയുണ്ടായി. അതിനുമുൻപ് പ്രസിദ്ധരിൽ ചിറയ്ക്കൽ ടി. ബാലകൃഷ്ണൻനായർ മാത്രമേ എന്റെ വീട്ടിൽ വന്നിരുന്നുള്ളൂ. ചെറുകാട് വീട്ടിൽ താമസിക്കുകയുമുണ്ടായി. അമ്മ അക്കാലത്ത് ബ്ലൗസിടാറില്ലായിരുന്നു. തോർത്തുകൊണ്ട് മാറു മറയ്ക്കുകയേ പതിവുണ്ടായിരുന്നുള്ളൂ. (എന്നോടൊപ്പം തിരുവനന്തപുരത്തും പിന്നീട് കോഴിക്കോട്ടും താമസിച്ചുതുടങ്ങിയ കാലത്താണ് അവർ സ്ഥിരമായി ബ്ലൗസിട്ടുതുടങ്ങിയത്. ഇതിനു കാരണം ചെറുകാടിന്റെ ആ സന്ദർശനമാണ് എന്നു പറയാൻവേണ്ടിയാണ് ഈ ബ്ലൗസുപാഖ്യാനം ഇവിടെ പരാമർശിച്ചത്. അന്ന് കുളപ്പുറത്തെ കിണറിന് ആൾമറയുണ്ടായിരുന്നില്ല. വീട്ടിൽനിന്നു പോകുമ്പോൾ ചെറുകാട് തന്ന രണ്ടുപദേശങ്ങൾ അമ്മയെക്കൊണ്ട് ബ്ലൗസിടുവിക്കണമെന്നും കിണറിന് ആൾമറ കെട്ടണമെന്നുമായിരുന്നു.

വീട്ടിൽനിന്നു മടങ്ങുമ്പോൾ, ഞാൻ ബി. എ. (മലയാളം) ഒന്നാം റാങ്കോടെ പാസ്സായെന്നും രണ്ടാം ഭാഷ സംസ്കൃതമായതുകൊണ്ടു സംസ്കൃതം എം. എ. യ്ക്ക് ഇരിക്കാൻ നിയമതടസ്സമുണ്ടാവില്ലെന്നും *സിദ്ധരൂപം* മുതൽ *സിദ്ധാന്തകൗമുദി*യും *മഹാഭാഷ്യ*വും വരെ വ്യാകരണശിരോമണി ഒ. കെ. മുൻഷിയുടെ കീഴിൽ പരമ്പരാഗതമായ രീതിയിൽ പഠിച്ചിട്ടുണ്ടെന്നും *ധ്വന്യാലോകം* പോലുള്ള അപൂർവം ചില ഗ്രന്ഥങ്ങൾ ഗുരുമുഖത്തുനിന്നുതന്നെ പഠിക്കാൻ ആഗ്രഹമുണ്ടെന്നും അറിയിച്ചു. "അതിനെന്താ വിരോധം? താൻ പട്ടാമ്പിക്കു വന്നോളൂ. അവിടെ കോളേജിന്നടുത്ത് എന്റെ 'ഷെൽട്ടറി'ൽ താമസിച്ച് വെങ്കിട കൃഷ്ണന്റെയും രാമചന്ദ്രയ്യരുടെയും അടുത്തുനിന്നു പഠിക്കാം. *ധ്വന്യാലോകം* രാമചന്ദ്രയ്യർ അസ്സലായി പഠിപ്പിച്ചുതരും." – ഇതായിരുന്നു ചെറുകാടിന്റെ പ്രതികരണം. പ്രൊഫ. വെങ്കിടകൃഷ്ണൻ പട്ടാമ്പി സംസ്കൃതകോളേജിൽനിന്നും പ്രൊഫസർ രാമചന്ദ്രയ്യർ തൃപ്പൂണിത്തുറ സംസ്കൃതകോളേജിൽനിന്നും പ്രിൻസിപ്പൽമാരായി റിട്ടയർ ചെയ്തു പട്ടാമ്പിയിൽ ട്യൂഷനും എഴുത്തുമായി കഴിയുകയാണ്. ചെറുകാടിന്റെ നിർദേശമനുസരിച്ച് ഞാൻ മൂന്നു മാസം *ധ്വന്യാലോക*വും *മുക്താവലി*യിലെ ശബ്ദഖണ്ഡവും പഠിച്ചു.

വിഷ്ണുനാരായണൻ നമ്പൂതിരി സാഹിത്യസമിതിക്കു വന്നപ്പോൾ അതുമായി ബന്ധപ്പെട്ട് എന്നോടുകൂടിയാണ് അദ്ദേഹത്തിന്റെ കുലപരദേവതാക്ഷേത്രമായ അറത്തിലമ്പലവും സ്വന്തം തറവാടും (ഇപ്പോൾ അതില്ല) ദർശിച്ചത്. അതേത്തുടർന്നാണ് അദ്ദേഹം 'അർത്തിൽ ദുർഗ' എന്ന അനുഭൂതിമധുരമായ കവിതയെഴുതിയത്. അർത്തിൽ ദുർഗയെപ്പറ്റി ഒരു സംസ്കൃതശ്ലോകവും അദ്ദേഹം എഴുതിയിട്ടുണ്ട് (അത് *സുകൃതം* എന്ന തന്റെ സംസ്കൃതകാവ്യസമാഹാരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.) വിഷ്ണുമാഷ് എനിക്കു സമ്മാനിച്ച തന്റെ കാവ്യസമാഹാരങ്ങളിൽ മിക്കതിലും പച്ചമഷിപ്പേന്നുകൊണ്ട് 'കുളപ്പുറത്ത് പത്മനാഭൻ ഉണ്ണിത്തിരിക്ക്' എന്നാണ് എഴുതിയിട്ടുള്ളത്.

തലശ്ശേരി സാഹിത്യസമിതിയെപ്പറ്റി പറഞ്ഞപ്പോൾ ഈ രണ്ടു വ്യക്തികളെ അനുസ്മരിച്ചതാണ്. സുഹൃത്തെന്ന നിലയിൽ ചെറുകാടും കവിയെന്ന നിലയിൽ വിഷ്ണുനാരായണൻ നമ്പൂതിരിയും എൻ.വി. ക്കു വളരെ പ്രിയപ്പെട്ടവരത്രേ. വിഷ്ണുമാഷാകട്ടെ എൻ. വി. യെ പരമഗുരുവായാണ് കണക്കാക്കിയത്. എൻ. വി. യെപ്പറ്റി മലയാളത്തിലും (*വൈഷ്ണവം*) സംസ്കൃതത്തിലും (*സുകൃതം*) അദ്ദേഹം എഴുതിയ കവിതകൾ ഇക്കാര്യം വിളിച്ചോതും.

സാഹിത്യസമിതിയുടെ തലശ്ശേരിശാഖ *മാനദണ്ഡം* എന്ന ഒരു മാസിക നല്ല നിലയിൽ നടത്തിയിരുന്നു. എൻ. വി., പക്ഷേ, സാഹിത്യസമിതിയുടെ തലശ്ശേരിശാഖയിൽ പങ്കെടുത്തിരുന്നുവെങ്കിലും കോഴിക്കോടു കേന്ദ്രമായ കേരളസാഹി ത്യസമിതിയുടെ പ്രവർത്തനങ്ങളിൽത്തന്നെയാണ് അധികവും ശ്രദ്ധിച്ചത്. അതിന്റെ മുഖ്യപ്രവർത്തനം വാർഷികശില്പശാലകളായിരുന്നു. അതേപ്പറ്റി അടുത്ത അധ്യായങ്ങളിൽ.

★



**3. സാഹിത്യസമിതിശില്പശാല**

കോഴിക്കോടു കേന്ദ്രമായ കേരളസാഹിത്യസമിതി എൻ. വി. യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച സാഹിത്യശില്പശാലകളാണ് എന്നിലെ സാഹിത്യതാല്പര്യം വളർത്തിക്കൊണ്ടുവന്നത്. 1964–ൽ കണ്ണൂർ ബേസിക് ട്രയിനിംഗ് സ്കൂളിൽ പഠിക്കുന്ന കാലത്ത് ചിറയ്ക്കൽ ടി. ബാലകൃഷ്ണൻ നായരുടെ ഉപദേശമനുസരിച്ച് ഇരിങ്ങാലക്കുട സാഹിത്യപരിഷത്തിൽ ഞാൻ പങ്കെടുത്തിരുന്നു. അതോടനുബന്ധിച്ചു നടത്തിയ കവിതാമത്സരത്തിൽ എനിക്കായിരുന്നു ഒന്നാം സമ്മാനം കിട്ടിയത്. 1965–ൽ തലശ്ശേരി സാഹിത്യസമിതി ശാഖാ വാർഷികത്തിൽ പങ്കെടുത്തപ്പോഴും കവിതാമത്സരത്തിൽ ഒന്നാം സമ്മാനത്തിന്നർഹനായത് ഞാൻതന്നെയായിരുന്നു.

ഈ സമ്മേളനമാണ് എൻ. വി. യുടെ നേതൃത്വത്തിലുള്ള വാർഷികശില്പശാലകളിൽ മിക്കവാറും തുടർച്ചയായി പങ്കെടുക്കാൻ എന്നെ പ്രേരിപ്പിച്ചത്. കോഴിക്കോടു ശ്രീരാമകൃഷ്ണമിഷൻ ഹൈസ്കൂളിൽ നടന്ന ശില്പശാലയാണ് *ദേശമിത്ര*വുമായി ബന്ധപ്പെട്ട കവിതാപ്രവർത്തനങ്ങളുമായി കഴിഞ്ഞുകൂടിയിരുന്ന എന്റെ സാഹിത്യസങ്കല്പത്തെ പാടേ അട്ടിമറിച്ചത്. കവിതയും നിരൂപണവും മാത്രമാണ് സാഹിത്യമെന്നായിരുന്നു എന്റെ അക്കാലത്തെ ധാരണ. നോവലും ചെറുകഥയും ഒന്നാന്തരം സാഹിത്യരൂപങ്ങളാണെന്നും തകഴിയും കേശവദേവും ബഷീറും പൊറ്റെക്കാടുമൊക്കെ മേലേക്കിടസാഹിത്യകാരന്മാരാണെന്നും മനസ്സിലാക്കാൻ സഹായിച്ചത് ആ ശില്പശാലയായിരുന്നു. എൻ. വി. *മാതൃഭൂമി ആഴ്ച്ചപ്പതിപ്പി*ന്റെ പത്രാധിപരായിരുന്ന കാലത്തെ 'വളരുന്ന സാഹിത്യ'മെന്ന പംക്തിയിൽ നിരൂപണമെഴുതിയിരുന്ന യുവാക്കളാണ് (അവർ മിക്കവരും കലാലയാധ്യാപകരായിരുന്നു) കുറേക്കാലം, പ്രത്യേകിച്ച് മലബാറിൽ, സാഹിത്യനായകരായി അറിയപ്പെട്ടുപോന്നത്. അവരെല്ലാം സാഹിത്യസമിതിയുടെ പ്രവർത്തനങ്ങളിൽ ആകണ്ഠം മുഴുകിയിരുന്നു. ആഴ്ച്ചപ്പതിപ്പിന്റെ ബാലസംഘത്തിലെ കുട്ടേട്ടനായ കുഞ്ഞുണ്ണിമാഷ് ശില്പശാലയിൽ പാചകത്തിന്റെ മേൽനോട്ടം വഹിക്കും. എൻ. വി. തന്റെ 'ഹൈക്കു'ക്കവിതകളെ 'കവിത'കളായി അംഗീകരിച്ചിരുന്നില്ലെന്നത് കുഞ്ഞുണ്ണിമാഷിന്റെ അക്കാലത്തെ സ്ഥിരം പരിഭവമായിരുന്നു. രാഘവവാരിയർ (അതേ, നമ്മുടെ ഇന്നത്തെ ഡോ. എം. ആർ രാഘവവാരിയർ!) സഹായത്തിനുണ്ടാവും.

കുട്ടിക്കൃഷ്ണമാരാരുടെ *സാഹിത്യഭൂഷണം* വായിച്ച് ആവേശമുൾക്കൊണ്ട ഞാൻ, ശില്പശാലയിൽ ഒഴിവുകിട്ടിയ സമയം

നോക്കഎൻ. വി. യെ സമീപിച്ച് സംസ്കൃതസാഹിത്യവിമർശനത്തിൽ പരിചയം നേടുന്നതിന് എന്താണു വേണ്ടതെന്ന ഉപദേശം ചോദിച്ചപ്പോൾ, "ആദ്യം വേണ്ടത് സംസ്കൃതത്തിൽ സാമാന്യമെങ്കിലുമായ ഉപസ്ഥിതി കൈവരുത്തുകയാണ്. അതിനുശേഷം പഠിച്ചു തുടങ്ങാനുള്ള ഒരു പുസ്തകം ഞാൻ തരാം" എന്നു പറഞ്ഞ് ഗോവിന്ദഠക്കുരന്റെ *കാവ്യപ്രദീപ*മെന്ന വ്യാഖ്യാനത്തോടുകൂടിയ മമ്മടന്റെ *കാവ്യപ്രകാശം* പിറ്റേന്നാൾ എനിക്കു കൊണ്ടുവന്നു തന്നു. 'കുറച്ചു കാലമെടുക്കു'മെന്നു ഞാൻ പറഞ്ഞതിന് 'അതൊന്നും സാരമില്ല' എന്നായിരുന്നു എൻ. വി. യുടെ സമാധാനം.

എൻ. എൻ. കക്കാട് കവിയശഃപ്രാർഥികളുടെ കവിത വെട്ടിച്ചുരുക്കാൻ മിടുമിടുക്കനായിരുന്നു. എ. പി. പി. നമ്പൂതിരി, വിഷ്ണുനാരായണൻ നമ്പൂതിരി, കെ. പി. ശങ്കരൻ, കെ. വി. രാമകൃഷ്ണൻ മുതലായവരൊക്കെ ക്യാമ്പംഗങ്ങളുടെ കവിതകളും കഥകളും നോവലുകളുമെല്ലാം പരിശോധിച്ചു തിരുത്തിക്കൊടുക്കുന്ന സമ്പ്രദായം ശില്പശാല കഴിഞ്ഞാലും എഴുത്തുകുത്തുകളിലൂടെ തുടർന്നിരുന്നു. ഈ പതിവിനുപിന്നിലും എൻ. വി. തന്നെയായിരുന്നുവെന്നു ഞാൻ കരുതുന്നു. ഫലത്തിൽ, ഒരു ശില്പശാല ഒരാഴ്ച്ചയിലധികം നീണ്ടുനിൽക്കാറില്ലെങ്കിലും അടുത്ത ശില്പശാലവരെ ഈ ഗുരുശിഷ്യബന്ധങ്ങൾ, ഒപ്പം ഇവരുടെയെല്ലാം സാഹിത്യരചനകൾ എവിടെ കണ്ടാലും കഴിയുന്നത്ര വായിക്കുകയും അഭിപ്രായവിനിമയം നടത്തുകയും ചെയ്യുക എന്ന രീതിയിൽ, മിക്കവരും പുലർത്തിപ്പോന്നു.

ആദ്യത്തെ ജ്ഞാനപീഠപുരസ്കാരം മഹാകവി ജി.ക്കു ലഭിക്കുന്നതിന് എൻ. വി. യാണു കാരണക്കാരൻ എന്നൊരു കിംവദന്തി സാഹിത്യലോകത്തു പരക്കുന്ന കാലത്താണ് സാഹിത്യസമിതിയുടെ സാഹിത്യപ്രവർത്തനങ്ങൾ സജീവമായി നടന്നുവന്നിരുന്നത്. കേന്ദ്രനിയമമന്ത്രിയായിരുന്ന പനമ്പള്ളി ഗോവിന്ദമേനോൻ ജി. യുടെ കാവ്യാരാധകനായ അഭ്യുദയകാംക്ഷിയാണെന്നു പറഞ്ഞാൽപോലും തെറ്റില്ല. ജി. യുടെയും എൻ. വി. യുടെയും സുഹൃത്തുക്കളും ശിഷ്യരുമാണ് ഇവയിലെല്ലാം സജീവമായി മുഴുകുന്നതും. ആധുനികമലയാളസാഹിത്യത്തിൽ മഹാകവിത്രയത്തിനുശേഷം തല മുതിർന്ന കവിയാണദ്ദേഹം എന്നതിൽ സംശയമില്ല. ഇതെല്ലാം യാദൃച്ഛികമാവാം.

എങ്കിലും മുണ്ടശ്ശേരി, കുട്ടിക്കൃഷ്ണമാരാര് മുതലായ നിരൂപകന്മാർ ജി. യെ മഹാകവിയായി അംഗീകരിക്കുന്നതിൽ വൈമനസ്യമുള്ളവരാണെന്നാണ് അവരുടെ സാഹിത്യപ്രവർത്തനം സൂക്ഷ്മമായി നിരീക്ഷിച്ചാൽ തോന്നുക. സുകുമാർ അഴീക്കോടിന്റെ *ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു* എന്ന വിമർശനകൃതി 1965–ലാണു പുറത്തു



വന്നത്.

"അറിവിൻ വെളിച്ചമേ ദൂരെപ്പോ ദൂരെപ്പോ നീ
വെറുതേ സൗന്ദര്യത്തെക്കാണുന്ന കൺ പൊട്ടിച്ചൂ!"

എന്ന ജി. യുടെ വരികളുടെ അനുമോദനാത്മകമായ അഴീക്കോടിന്റെ ഉദ്ധരണം (സുകുമാരൻ പൊറ്റക്കാടിന്റെ കവിതകളുടെ സുദീർഘമായ അവതാരികയിൽ) ഞാൻ വായിച്ചത് ഈ ജി. വിമർശനഗ്രന്ഥം വായിക്കുന്നതിനു തൊട്ടു മുൻപാണ്!

അതുകൊണ്ട് ഇങ്ങനെയൊരപവാദം എൻ. വി. യെപ്പറ്റി ഉണ്ടായത് സ്വാഭാവികം. ഏതായാലും ജ്ഞാനപീഠപുരസ്കാരലബ്ധി ജി.ക്കു അഭിമാനവും ആശ്വാസവും നൽകുന്നതിന് കാര്യമായ നിമിത്തമായെന്നു പറയാം.

ഞാൻ തിരുവനന്തപുരത്തുള്ളപ്പോഴാണ് മഹാകവിയുടെ മരണം. – 1978 ഫെബ്രുവരിയിൽ. അദ്ദേഹം മെഡിക്കൽ കോളേജാശുപത്രിയിൽ 'ഇനി അധികം നാളില്ല' എന്ന വിചാരത്തിൽ ശയ്യാവലംബിയായി കഴിയുന്നു. ഞാനും ഒന്നരവയസ്സുമാത്രം പ്രായമായ മോനെയെടുത്ത് ആനന്ദവും അദ്ദേഹത്തെ ചെന്നു കണ്ടു. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ മഹാകവിയുടെ പേരിൽ കഴിപ്പിച്ച പുഷ്പാഞ്ജലിപ്രസാദവും ഞാൻ കൈയിൽ കരുതിയിരുന്നു. അത് അദ്ദേഹത്തിന് ആശ്വാസവും ആഹ്ളാദവും നൽകുമെന്ന് എനിക്കറിയാം. പ്രസാദം കൈനീട്ടി വാങ്ങി അദ്ദേഹം മോനെ തലയിൽ കൈവെച്ചനുഗ്രഹിച്ചത് ഇപ്പോഴും ഞാനോർക്കുന്നു.

ജി. ശങ്കരക്കുറുപ്പ്, എസ്. കെ. പൊറ്റെക്കാട്ട്, തിക്കോടിയൻ, എം. ടി. വാസുദേവൻ നായർ, ബാലാമണിയമ്മ, എം. ലീലാവതി, ഒ. എൻ. വി. കുറുപ്പ്, പി. ഗോവിന്ദപ്പിള്ള മുതലായവരുടെ സാന്നിധ്യം പലപ്പോഴും ഈ ശില്പശാലകളിൽ ഉണ്ടാവും. എൻ. എൻ. പിള്ളയുടെ നാടകക്ലാസ്സുകൾ എല്ലാവരെയും ആകർഷിച്ചിരുന്നു. (തുടരും)

★

### 4. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകഡയരക്ടർ

1974–ൽ ഞാൻ എം. എ. കഴിഞ്ഞ് അധികം താമസിയാതെ കേരളസർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസ്സിലെ സംസ്കൃതവിഭാഗത്തിൽ ഗവേഷകവിദ്യാർഥിയായി ചേർന്നു. ഡോ. എസ്. വെങ്കിടസുബ്രഹ്മണ്യയ്യരായിരുന്നു സംസ്കൃതവിഭാഗത്തിലെ പ്രൊഫസറും വകുപ്പധ്യക്ഷനും. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് ഞാൻ ഗവേഷണം നടത്തിയത്. കേരളത്തിൽ പതിനാലാം നൂറ്റാണ്ടിൽ ജീവിച്ചുവെന്നു കരുതപ്പെടുന്ന കാവ്യ–നാടകവ്യാഖ്യാതാവും കവിയും നാടകകൃത്തുമായ പൂർണസരസ്വതിയായിരുന്നു എന്റെ ഗവേഷണവിഷയം.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ എൻ. വി. ചെന്നതോടെ എം. ആർ. ചന്ദ്രശേഖരൻ, വിഷ്ണുനാരായണൻ നമ്പൂതിരി, സുഗതകുമാരിയുടെ ഭർത്താവായ ഡോ. കെ. വേലായുധൻ നായർ, പ്രൊഫ. എ. വി. ശങ്കരൻ, പ്രൊഫ. സി. കെ. മൂസ്സത്, സി. പി. നാരായണൻ, എം. പി. പരമേശ്വരൻ, സർവോപരി ഡോ. കെ. എൻ. എഴുത്തച്ഛൻ തുടങ്ങി പ്രസിദ്ധരായ എഴുത്തുകാരുടെ കേന്ദ്രമായി ആ സ്ഥാപനം. സർവകലാശാലാതലംവരെ മലയാളം പഠനമാധ്യമമാക്കുന്നതോടെ എല്ലാം സ്വതന്ത്രമായി രചിക്കുവാൻ കഴിയുമെങ്കിൽ അങ്ങനെ, അല്ലെങ്കിൽ പ്രസിദ്ധപാഠപുസ്തകങ്ങളുടെ വിവർത്തനങ്ങൾ പ്രസിദ്ധീകരിക്കുക, അതിനു സഹായകമായ *മാനവികശബ്ദാവലി, ശാസ്ത്രശബ്ദാവലി* മുതലായവ തയ്യാറാക്കേണ്ടിവന്നു. അന്നത്തെ നിലയ്ക്ക് മലയാളം ടൈപ് റൈറ്ററിന് ആവശ്യമായ കീബോർഡ് രൂപകല്പന ചെയ്യുകയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ കടമയായിത്തീർന്നു. എല്ലാറ്റിനെയും വിമർശിക്കുക തൊഴിലായി മാറിയ ഒരുവിഭാഗം പരക്കെ തുറന്ന വിമർശനം തുടങ്ങി. ഭരണമാറ്റം വന്നതോടെ അകത്തും പുറത്തും ഒരുപോലെ തുറന്ന പോരാട്ടമായി. താൻ കൂടെ കൊണ്ടുവന്നവർതന്നെ എതിരായതോടെ എൻ. വി. കുറച്ചുകാലംകൂടി പിടിച്ചുനിന്നു. അന്നത്തെ മുഖ്യമന്ത്രി സി. അച്യുതമേനോൻ എൻ. വി. യെ സഹായിച്ചുവെങ്കിലും അതുതന്നെ അദ്ദേഹത്തെ എതിർക്കുന്നവർക്ക് ഊർജം പകരുകയാണുണ്ടായത്. അവസാനം കൂടെനിന്ന അധികാരകേന്ദ്രങ്ങൾക്കും തങ്ങളുടേതായ രാഷ്ട്രീയകാരണങ്ങളാൽ എൻ. വി. യെ കൈവിടേണ്ടിവന്നു. അങ്ങനെ അനർഹമാംവിധം എൻ. വി. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു പിരിഞ്ഞു.

എൻ. വി. യുടെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ ഈ ആദ്യഘട്ടം മലയാളഭാഷയ്ക്ക് അനർഘമായ നേട്ടമുണ്ടാക്കിയെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. *മാതൃഭൂമി ആഴ്ചപ്പതിപ്പി*ന്റെ പത്രാധിപരെന്ന നിലയ്ക്ക്



സയൻസിനു മലയാളസാഹിത്യത്തിൽ അർഹമായ പ്രവേശവും പ്രാധാന്യവും കൊടുക്കുന്നതിൽ എൻ. വി. ശ്രദ്ധിച്ചിട്ടുള്ള വസ്തുത സി. രാധാകൃഷ്ണനെപ്പോലുള്ള ശാസ്ത്രജ്ഞരായ സാഹിത്യകാരന്മാർ പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. ശാസ്ത്രസാഹിത്യമെന്നൊരു ശാഖതന്നെ മലയാളത്തിൽ രൂപപ്പെടുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും എൻ. വി. അവിടെവെച്ചുതന്നെ തുടങ്ങിയ ജോലി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ കുറേക്കൂടി ഊർജിതമായി മുന്നോട്ടുകൊണ്ടു പോയി. ഈ സേവനത്തിനു കൈരളി അദ്ദേഹത്തോട് എത്രമാത്രം കടപ്പെട്ടിട്ടുണ്ടെന്നു പറയേണ്ടതില്ല. അദ്ദേഹം വ്യക്തിപരമായി അനുഭവിച്ച കഷ്ടപ്പാടുകൾ എത്ര വലുതായാലും ഈ കൈരളീസേവനത്തോടു താരതമ്യപ്പെടുത്തുമ്പോൾ അവ തുലോം നിസ്സാരമാണെന്നു കാണേണ്ടതുണ്ട്.

അന്നൊരു ദിവസം ഞാൻ എൻ. വി. യെ കാണാൻ ചെന്നപ്പോൾ, അദ്ദേഹം ഒരു താളിയോലഗ്രന്ഥം നോക്കി പകർത്തിയെടുക്കുകയായിരുന്നു. എന്നെ കണ്ടപ്പോൾ എൻ. വി. മുഖമയർത്തി, “വര്ാ, ഇരിക്ക്യാ, ഞാൻ ഉണിത്തിരിക്കുകൂടി താല്പര്യമുള്ള ഒരു ഗ്രന്ഥമാണ് പകർത്തുന്നത്. ഇത് ഇപ്പോഴെങ്കിലും അച്ചടിച്ചില്ലെങ്കിൽ, ആകെ പൊടിഞ്ഞുപോകും. ഇപ്പോൾത്തന്നെ പല ഓലകളും പൊടിഞ്ഞ് അക്ഷരം കാണാൻ പറ്റാത്ത നിലയായിട്ടുണ്ട്. ഈ *മൂഷികവംശം* കോലത്തുനാടിന്റെ ചരിത്രമാണല്ലോ. ഉണിത്തിരിയുടെ നാടല്ലേ? പല സ്ഥലനാമങ്ങളും ഏതെന്നു തിരിച്ചറിയാൻ പറ്റുന്നില്ല. നിങ്ങൾക്കു കുറേയൊക്കെ സഹായിക്കാനാവും.” ചിലേടങ്ങളിൽ ഞാൻ സഹായിച്ചു. മറ്റു ചിലേടത്ത് ചില ഊഹങ്ങളും പറഞ്ഞു. ഒരാഴ്ച്ചയോ മറ്റോ കഴിഞ്ഞു ചെന്നപ്പോൾ, *വിജ്ഞാനകൈരളി*യുടെ ഒരു പ്രതി എടുത്തുകൊണ്ടുവന്ന്, “ഇതിൽ ഞാൻ *മൂഷികവംശ*ത്തെപ്പറ്റി എഴുതിയിട്ടുണ്ട്. വായിച്ചുനോക്കൂ” എന്നു പറഞ്ഞുകൊണ്ട് എനിക്കു തന്നു. അഭിപ്രായവും പറയണം. ഞാൻ വായനക്കാരിൽനിന്ന് അഭിപ്രായം ക്ഷണിച്ചിട്ടുണ്ട്.

“മൂഷികവംശം – ഒരു പഠനം” എന്നാണ് എൻ. വി. യുടെ പ്രബന്ധത്തിന്റെ പേര്. കൃതിയുടെ പശ്ചാത്തലവും പ്രാധാന്യവും ചൂണ്ടിക്കാട്ടിയശേഷം എൻ. വി. കഴിയുന്നത്ര വരികൾ ഉദ്ധരിച്ചുകൊണ്ട് ഉള്ളടക്കം വിവരിച്ചിട്ടുണ്ട്. ഈ കാവ്യം ഉടനെ ഹസ്തലിഖിതഗ്രന്ഥാലയം പ്രസിദ്ധീകരിക്കണം എന്ന നിർദേശത്തോടെയാണ് ലേഖകൻ പ്രബന്ധം ഉപസംഹരിച്ചത്.

ഇതിനു നല്ല പ്രതികരണമുണ്ടായി. വടക്കേ മലബാറിന്റെ ആധികാരികവക്താവായി ഗണിക്കപ്പെട്ടുപോരുന്ന പ്രസിദ്ധഗവേഷകനായ

ചിറയ്ക്കൽ ടി. ബാകൃഷ്ണൻ നായർ *മൂഷികവംശ*ത്തിൽ പരാമർശിക്കപ്പെട്ട സ്ഥലങ്ങളെയും നദികളെയും രാജാക്കന്മാരെയും പറ്റി *വിജ്ഞാനകൈരളി*യുടെ രണ്ടു ലക്കങ്ങളിലായി ഒരു ദീർഘലേഖനം പ്രസിദ്ധീകരിച്ചു.

പ്രൊഫ. വെങ്കിടസുബ്രഹ്മണ്യയ്യർ എൻ. വി. യുടെ ലേഖനം വായിച്ച് എന്നോടു പറഞ്ഞു: "എൻ. വി. യുടെ *മൂഷികവംശ*ത്തെപ്പറ്റിയുള്ള ലേഖനം വായിച്ചു. അസ്സലായി. അവിടെ ജോലി ചെയ്തിരുന്നപ്പോഴേ എനിക്ക് ഈ അഭിപ്രായമുണ്ടായിരുന്നതാണ്. ഇനി, ഉടനെ പ്രസിദ്ധീകരിക്കണമെന്ന എൻ. വി. യുടെ നിർദേശം രാഘവൻ പിള്ളയ്ക്ക് കണ്ടില്ലെന്നു നടിക്കാൻ പറ്റില്ല."

അതുതന്നെ സംഭവിച്ചു. ഹസ്തലിഖിതഗ്രന്ഥാലയം ഡയരക്ടർ ഡോ. കെ. രാഘവൻ പിള്ള എഡിറ്റു ചെയ്ത *മൂഷികവംശം* സാമാന്യം നല്ല രീതിയിൽ അച്ചടിച്ചു പ്രസിദ്ധം ചെയ്തു (1977). ഡോ. എൻ. പി. ഉണ്ണി "എ ഹിസ്റ്ററി ഓഫ് മൂഷികവംശ" എന്ന പഠനഗ്രന്ഥവും (1980) ഡോ. കെ. പി. എ. മേനോൻ ആംഗലവിവർത്തനത്തോടുകൂടി ഒരു പുതിയ പതിപ്പും (1990) പുറത്തിറക്കിയിട്ടുണ്ട്.

എന്നെ സംബന്ധിച്ചിടത്തോളം ഈ കാലഘട്ടം വളരെ വിജ്ഞാനവളർച്ചയ്ക്കു സഹായകമായി. മറ്റ് ആനുകാലികങ്ങൾ പ്രസിദ്ധീകരിക്കാൻ വൈമനസ്യം കാണിക്കുന്ന ഗവേഷണപ്രബന്ധങ്ങൾ താൻ തുടങ്ങിയ *വിജ്ഞാനകൈരളി*യിലേക്കു നൽകുന്നതിന് എൻ. വി. അങ്ങേയറ്റം പ്രോത്സാഹിപ്പിച്ചു. അങ്ങനെ ഒട്ടേറെ ഗവേഷണലേഖനങ്ങൾ രചിക്കാനും ഗവേഷണത്തിനു കിട്ടുന്ന സ്കോളർഷിപ്പുകൊണ്ടുമാത്രം ജീവിക്കാൻ വിഷമിച്ചുപോന്ന എനിക്കു മതിയായ പ്രതിഫലം നേടാനും അദ്ദേഹം പിതൃനിർവിശേഷമായ വാത്സല്യമാണു കാണിച്ചത്.

ഈ പരമഗുരുവിന്റെ പാത മറ്റു പല കാര്യങ്ങളിലുമെന്നപോലെ, എന്റെ കാര്യത്തിലും വിഷ്ണുനാരായണൻ നമ്പൂതിരിയും പിന്തുടർന്നു. എൻ. വി. പിതൃനിർവിശേഷമായിട്ടാണെങ്കിൽ, വിഷ്ണു ജ്യേഷ്ഠനിർവിശേഷമായിട്ടാണെന്നു മാത്രം. തായാട്ടു ശങ്കരനാണ് പത്രാധിപരെങ്കിലും ഉപപത്രാധിപരായ വിഷ്ണുനാരായണൻനമ്പൂതിരിയാണ് കാര്യങ്ങളെല്ലാം നിർവഹിച്ചിരുന്നത്. *ഗ്രന്ഥാലോക*ത്തിലേക്കു നിരൂപണത്തിനു വരുന്ന പുസ്തകങ്ങളിൽ പലതും എന്നെ ഏൽപ്പിച്ചിരുന്നു. പുസ്തകങ്ങൾ വില കൊടുക്കാതെ കിട്ടുക സന്തോഷമുള്ള കാര്യമാണെങ്കിലും എന്തു ചപ്പുചവറിനും പുസ്തകാഭിപ്രായമെഴുതുക എന്നത് ഗൗരവപ്പെട്ട പഠനഗവേഷണങ്ങൾക്കു തടസ്സമാവുമെന്നു കണ്ട് അതിൽനിന്ന് എന്നെ ഒഴിവാക്കണമെന്ന അഭ്യർഥന



വിഷ്ണുമാഷ് സ്വീകരിക്കുകയും അത്തരം പഠനങ്ങൾ തയ്യാറാക്കണമെന്ന് നിർദേശിക്കുകയും ചെയ്തു.

*മേഘസന്ദേശ*ത്തിനു കുട്ടിക്കൃഷ്ണമാരാര് എഴുതിയ വ്യാഖ്യാനം *വിദ്യുല്ലതാ*കാരനായ പൂർണസരസ്വതിയെ അസ്ഥാനത്തും അനാവശ്യമായും കളിയാക്കുന്നുണ്ടോ എന്ന സംശയം എന്നിലുളവാക്കിയിരുന്നു. സാഹിത്യസമിതിയുടെ ഒരു ശില്പശാലയിൽ, എല്ലാ സാഹിത്യകൃതികൾക്കും പ്രയോജനം കണ്ടെത്താനാകുമെങ്കിൽ *മേഘസന്ദേശ*ത്തിനെന്താ പ്രയോജനം പറയുക എന്നു തായാട്ടു ശങ്കരൻ ചോദിച്ചപ്പോൾ, എൻ. വി. പൂർണസരസ്വതി *വിദ്യുല്ലത*യിൽ കൊടുത്ത സന്ദേശകാവ്യപ്രയോജനങ്ങൾ, വിശേഷിച്ച് *മേഘസന്ദേശ*പ്രയോജനങ്ങൾ, സദസ്യരെയാകെ അദ്ഭുതപ്പെടുത്തിക്കൊണ്ട് എണ്ണിയെണ്ണിപ്പറഞ്ഞത് എനിക്ക് ഓർമ വന്നു. എൻ. വി. യുടെ ഓർമശക്തി അദ്ഭുതകരമെന്നു തോന്നിയെങ്കിലും പൂർണസരസ്വതിയെപ്പറ്റി അത്ര നല്ല അഭിപ്രായമല്ല അപ്പോൾ അത് എന്നിലുളവാക്കിയത്. കുട്ടിക്കൃഷ്ണമാരാരുടെ കളിയാക്കൽ ഉചിതമെന്നു തോന്നുകയും ചെയ്തു. പൂർണസരസ്വതി ഗവേഷണവിഷയമായിക്കിട്ടിയപ്പോൾ ഞാൻ അദ്ദേഹത്തിന്റേതെന്ന് ഉള്ളൂരും വടക്കുങ്കൂറും മറ്റും പറഞ്ഞ കൃതികൾ (പ്രസിദ്ധവും താളിയോലയിൽ കിടക്കുന്നതുമായവ) തേടിപ്പിടിച്ചു വായിച്ചപ്പോഴാണ് *വിദ്യുല്ലത*യുടെ മേന്മ ഞാൻ അനുഭവിച്ചറിഞ്ഞത്. ദക്ഷിണാവർത്തനാഥന്റെയും മറ്റും *മേഘസന്ദേശ*വ്യാഖ്യാനങ്ങളുമായി താരതമ്യപ്പെടുത്തിയപ്പോൾ അത് ഒന്നുകൂടി വർധിച്ചു. മാരാരുടെ *മേഘസന്ദേശ*ഗദ്യപരിഭാഷ അദ്ദേഹത്തിന്റെ മറ്റു കാളിദാസകാവ്യ–നാടകഗദ്യപരിഭാഷകളെപ്പോലെത്തന്നെയോ, ഒരു വേള, ഇത്തിരി കൂടുതലായോ കേരളീയസഹൃദയർക്ക്, വിശേഷിച്ച് സംസ്കൃതാനഭിജ്ഞർക്ക്, വളരെയേറെ പ്രയോജനപ്രദമാണെങ്കിലും പൂർണസരസ്വതിയെ പലേടത്തും ഉപജീവിക്കുകയും ചിലേടത്ത് അനർഹമാംവിധം കളിയാക്കുകയും ചെയ്തതായി കണ്ടു. പൂർണസരസ്വതിയോടുള്ള കടപ്പാടാകട്ടെ സൂചിപ്പിക്കുകപോലും ചെയ്തതുമില്ല. ഇതു ശരിയായില്ലെന്ന എന്റെ തോന്നൽ ഞാൻ പ്രൊഫസറോടു പറയുകയും അദ്ദേഹം അതിന്റെ ഗവേഷണപ്രാധാന്യം മനസ്സിലാക്കി എന്നെ പ്രോത്സാഹിപ്പിക്കുകയും മലയാളത്തിൽ ലേഖനമാക്കി പ്രസിദ്ധീകരിക്കണമെന്നു നിർദേശിക്കുകയും ചെയ്തു. എൻ. വി. അപ്പോൾ മധുര കാമരാജ് സർവകലാശാലയിൽ വിസിറ്റിംഗ് പ്രൊഫസറായി പോയതുകൊണ്ട് തിരുവനന്തപുരത്ത് ഇല്ലാതിരുന്നതിനാൽ, ഞാൻ "മാരാർ പറയാത്തൊരു കടപ്പാട്" എന്ന ലേഖനമെഴുതി വിഷ്ണുനാരായണൻ നമ്പൂതിരിയെ കാണിക്കുകയും അദ്ദേഹമത് തായാട്ടു ശങ്കരന്റെ അഭി

നന്ദനത്തോടെ *ഗ്രന്ഥാലോക*ത്തിൽ അടുത്ത ലക്കത്തിലെ മുഖ്യ ലേഖനമായി പ്രസിദ്ധീകരിക്കുകയും ചെയ്തു. ആ ലേഖനം വായിച്ചാണ് പി. ഗോവിന്ദപ്പിള്ളയെപ്പോലെ പല പ്രമുഖരും എന്നെ ശ്രദ്ധിക്കുകയും അകമഴിഞ്ഞു പ്രോത്സാഹിപ്പിക്കുകയും ചെയ്തത്. തുടർന്ന് വക്രോക്തിയുടെ ഉല്പത്തിവികാസപരിണാമങ്ങൾ വിവരിച്ച് വൈലോപ്പിള്ളിക്കവിതയിൽ പ്രയോഗിച്ചുദാഹരിച്ചുകൊണ്ടുള്ള പഠനം *ഗ്രന്ഥാലോക*ത്തിൽ അഞ്ചു ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചു. ഇതോടെ എനിക്ക് കൂടുതൽ അനുവാചകരുടെ ശ്രദ്ധ പിടിച്ചു പറ്റാൻ സാധിച്ചു. ഈ ലേഖനപരമ്പരയുടെ വികസിതരൂപമാണ് എന്റെ "വക്രോക്തിഃ കാവ്യജീവിതം" എന്ന ഗ്രന്ഥം. (ആറുകൊല്ലം മുൻപ് ഭയങ്കരമായ ഒരു വീഴ്ച്ചയെത്തുടർന്ന് ദീർഘയാത്രകളും പൊതുപരിപാടികളും തീരെ ഒഴിവാക്കേണ്ടി വന്ന സാഹചര്യത്തിൽ സംസ്കൃതത്തിലെയും മലയാളത്തിലെയും വിവിധസാഹിത്യകാരരുടെ കൃതികളെ സമഗ്രപഠനത്തിനു വിധേയമാക്കിയപ്പോൾ ഈ വക്രോക്തിപദ്ധതിയെയാണ് ഞാൻ അവലംബിച്ചതെന്നുകൂടി പറഞ്ഞാലേ ചിത്രം പൂർണമാവൂ)

★



## 5. അടിയന്തരാവസ്ഥയിൽ

ഞാൻ കേരളസർവകലാശാലാസംസ്കൃതവിഭാഗത്തിൽ ഗവേഷകവിദ്യർഥിയായി ഒന്നരക്കൊല്ലം കഴിഞ്ഞപ്പോൾ അവിടെത്തന്നെ ലക്ചററായി നിയമനം ലഭിച്ചു. ഇതിന്റെ വിശദവിവരങ്ങൾ പിന്നീടു പറയാം. ആ കാലഘട്ടം (1975–77) ഇന്ത്യൻ ജനാധിപത്യം ഗുരുതരമായ പ്രതിസന്ധി നേരിടുന്ന ഒന്നായിരുന്നു. അലഹബാദ് ഹൈക്കോടതിവിധിയെത്തുടർന്ന് ഇന്ദിരാഗാന്ധി പ്രധാനമന്ത്രിസ്ഥാനം നിലനിർത്തുന്നതിനുവേണ്ടി ജനാധിപത്യത്തെത്തന്നെ അട്ടിമറിച്ചുകൊണ്ട് അടിയന്തരാവസ്ഥ പ്രഖ്യാപിക്കുകയും ജനാധിപത്യസ്ഥാപനങ്ങളെ ഫലത്തിൽ നോക്കുകുത്തിയാക്കിനിർത്തുകയും സഞ്ജയ് ഗാന്ധി, വി. സി. ശുക്ല മുതലായ സിൽബന്തികളും അനുചരരും സ്വച്ഛന്ദം വിഹരിക്കുകയും ഈ അമിതാധികാരപ്രവണതയ്ക്കെതിരെ ജയപ്രകാശിന്റെ നേതൃത്വത്തിൽ കോൺഗ്രസ്സിലെ ഒരു വിഭാഗവും പ്രതിപക്ഷപ്പാർട്ടികളിൽ വലിയൊരു പങ്കും ജനതാപ്പാർട്ടിയിൽ ചേർന്നും ഐക്യദാർഢ്യം പ്രകടിപ്പിച്ചും അടിയന്തരാവസ്ഥയ്ക്കെതിരെ അണിനിരക്കുകയും 1977–ൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ ഇന്ദിരാഗാന്ധിയുൾപ്പെടെ ഭരണകക്ഷിയിൽപ്പെട്ട പല പ്രമുഖരും തോൽക്കുകയും മോറാർജി ദേശായിയുടെ നേതൃത്വത്തിൽ പുതിയ മന്ത്രിസഭ ഭരണത്തിലേറുകയും ജനാധിപത്യം പുനഃസ്ഥാപിക്കുകയും ചെയ്ത സംഭവബഹുലമായ ഈ കാലഘട്ടത്തിൽ എൻ. വി. കൈക്കൊണ്ട നിലപാടുകൾ അദ്ദേഹത്തിന്റെ ഏറ്റവുമടുത്ത ശിഷ്യരെയും സുഹൃത്തുക്കളെയും പോലും അമ്പരപ്പിച്ചു. വ്യക്തിബന്ധം നിലനിർത്തിക്കൊണ്ടുതന്നെ ഞങ്ങളിൽ പലർക്കും വ്യത്യസ്തനിലപാടുകളെടുക്കേണ്ടി വന്നു.

വിഷ്ണുനാരായണൻ നമ്പൂതിരി, പി. നാരായണക്കുറുപ്പ് തുടങ്ങി പലരും എൻ. വി. യോടു വിയോജിപ്പു പ്രകടിപ്പിച്ചുകൊണ്ട് തിരുവനന്തപുരത്തുതന്നെ ജെ. പി. പ്രസ്ഥാനത്തിൽ അണിനിരന്നു. വിഷ്ണുനാരായണൻനമ്പൂതിരിയും ഞാനും ജെ. പി. സംബന്ധിച്ച രഹസ്യസ്വഭാവമുള്ള ഒരു യോഗത്തിൽ പങ്കെടുത്ത ഓർമയുണ്ട്. തായാട്ടു ശങ്കരന്റെ *ദേശാഭിമാനി*വാരികയിലെ ഗാന്ധിജിയുടെയും ജെ. പി. പ്രസ്ഥാനത്തിന്റെയും മാർക്സിയൻ ചിന്തയുടെയും സ്ഫുലിംഗങ്ങൾ കലർന്ന *സ്വകാര്യചിന്തകൾ* വർഗീയവാദികളുടെയും വർഗീയഫാസിസ്റ്റുകളുടെയും സാമൂഹ്യസാംസ്കാരികരംഗത്തെ ഇടപെടലുകളിലൂടെ ചെറുത്തുതോൽപ്പിക്കാൻ കാലോചിതമായി ഇന്നും പൂർവാധികം ഉപയോഗപ്പെടുത്തേണ്ടതാണ്. എൻ. വി. യുടെ ഈ നിലപാടുകളോട് തായാട്ടിനെപ്പോലുള്ളവർ തരിമ്പും യോജിച്ചിരുന്നില്ല.

അക്കാലത്ത് എൻ. വി. എഴുതിയ "കോഴിയും പുലരിയും" എന്ന കവിത പ്രസിദ്ധീകരിക്കുന്നതിനു മുൻപുതന്നെ എന്നെ വായിച്ചുകേൾപ്പിച്ചിരുന്നു. അന്നു മനസ്സിലാക്കിയതിലുമധികം അർഥം അതിനുണ്ടെന്ന് അദ്ദേഹം ദില്ലിയിൽ ഇന്ദിരാഗാന്ധി വിളിച്ചുചേർത്ത സാംസ്കാരികപ്രവർത്തകരുടെ യോഗത്തിൽ പങ്കെടുത്തു തിരിച്ചുവന്നതിനുശേഷം എനിക്കു ബോധ്യമായി. ആ യോഗത്തിൽ ശ്രീകാന്ത് വർമയുടെ നേതൃത്വത്തിൽ ഒരു (ഫാസിസ്റ്റ്വിരുദ്ധ? – അടിയന്തരാവസ്ഥയെ എതിർത്തിരുന്ന ജയപ്രകാശും അനുയായികളുമാണത്രേ ഫാസിസ്റ്റുകൾ!) സാഹിത്യസംഘടന രൂപീകരിച്ച് ഇന്ദിരാഗാന്ധിയുടെ ചെയ്തികളെ പരോക്ഷമായി ന്യായീകരിക്കുകയാണ് ലക്ഷ്യമാക്കിയതെന്നു തോന്നുന്നു. അതിനുള്ള കേരളനേതൃത്വം തനിക്കാണെന്ന് അദ്ദേഹം പറഞ്ഞില്ലെങ്കിലും എനിക്ക് തോന്നി. സംഘടനയിൽ അംഗമാവാനുള്ള ഫോറം എനിക്കു തന്നപ്പോൾ "ആലോചിച്ച് പറയാം" എന്നു ഞാൻ വിസമ്മതിക്കുകയാണുണ്ടായത്. പിന്നീടു വിഷ്ണുനാരായണൻ നമ്പൂതിരിയോടു പറഞ്ഞപ്പോൾ അദ്ദേഹവും ഇങ്ങനെയാണ് ചെയ്തതെന്നു മനസ്സിലായി. രാഷ്ട്രീയകാരണങ്ങളാൽ കമ്യൂണിസ്റ്റുപാർട്ടിക്കും അതുകൊണ്ടുതന്നെ അച്യുതമേനോന്നും അടിയന്തരാവസ്ഥയെ ന്യായീകരിക്കുകയും രാജൻകൊലപാതകത്തിലടക്കം പഴി കേൾക്കേണ്ടിയും വന്നു. ഇതെല്ലാം എൻ. വി. യെ ഈ വഴിക്കു ചിന്തിപ്പിച്ചിരിക്കാം. ഏതായാലും ഞങ്ങളെപ്പോലുള്ള സുഹൃത്തുക്കളെയും ശിഷ്യരെയും ഈ നിലപാട് വളരെയേറെ ദുഃഖിപ്പിച്ചു.

★



**5. മലയാളകവിതകളുടെ സംസ്കൃതവിവർത്തനങ്ങൾ**

കേരളസർവകലാശാലയിൽ ഗവേഷകവിദ്യാർഥിയായിരുന്ന കാലത്ത് സംസ്കൃത–മലയാളവിഭാഗങ്ങളിലെ ലൈബ്രറികളോടൊപ്പം ഓറിയന്റൽ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലെ താളിയോലഗ്രന്ഥങ്ങളാണ് പ്രധാനമായും ഞാൻ ഉപയോഗിച്ചിരുന്നത്. പൂർണസരസ്വതിയാണ് ഗവേഷണവിഷയമെങ്കിലും ഞാൻ അതിൽ ഒതുങ്ങിനിന്നില്ല. അങ്ങനെ വിവിധതാളിയോലഗ്രന്ഥങ്ങൾ പരിശോധിക്കുന്നതിനിടയിലാണ് ഡോ. വെങ്കിടസുബ്രഹ്മണ്യയ്യരുടെ സതീർഥ്യനും അന്ന് പഞ്ചാബിലുള്ള ഹോശിയാർപൂരിലെ വിശ്വേശ്വരാനന്ദ ഇൻഡോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊഫസറുമായിരുന്ന ഡോ. കെ. വി. ശർമ അവിടെ വന്ന് ഭാസ്കരൻ രണ്ടാമന്റെ *ലീലാവതി* എന്ന ഗണിതഗ്രന്ഥത്തിന് തൃക്കുടവേലി ശങ്കരവാരിയരും നാരായണനും ചേർന്നെഴുതിയ *ക്രിയാക്രമകരി* എന്ന വിപുലമായ വ്യഖ്യാനത്തിന്റെ താളിയോലഗ്രന്ഥങ്ങൾ ഒത്തുനോക്കുന്നതിനു തന്നെ സഹായിക്കണമെന്ന് എന്നോടു പറഞ്ഞത്. ആ ബന്ധം താളിയോലഗ്രന്ഥപരിശോധനയിൽ വിദഗ്ധപരിശീലനം നേടുന്നതിൽ എനിക്കു വളരെയേറെ സഹായകമായി. വള്ളത്തോളിന്റെ *ശിഷ്യനും മകനും* ഞാൻ *ശിഷ്യഃ സുതശ്ച* എന്ന പേരിൽ സംസ്കൃതത്തിലേക്കു വിവർത്തനം ചെയ്തിട്ടുണ്ടെന്ന് ഞാൻ അദ്ദേഹത്തെ അറിയിച്ചു. 'അതും അതുപോലെ താങ്കൾ എഴുതുന്ന മറ്റു റിസർച്ച് പേപ്പേഴ്സും തനിക്കു ഹോശിയാർപൂരിലേക്ക് അയച്ചുതന്നാൽ മതി' എന്നു നിർദേശിച്ചതനുസരിച്ചാണ് അതടക്കം എന്റെ ഇംഗ്ലീഷിലുള്ള ചില ഗവേഷണപ്രബന്ധങ്ങളും ഹോശിയാർപൂർ ജേർണലിൽ പ്രകാശിതമാവാനിട വന്നത്. കാവ്യതർജമ എൻ. വി. നോക്കി തിരുത്തിയതാണെന്നു പറഞ്ഞപ്പോൾ 'അത് അതുപോലെ കൊടുക്കാൻ പിന്നെ രണ്ടാമതൊന്നാലോചിക്കേണ്ടതില്ല' എന്നായിരുന്നു പ്രതികരണം.

*ശിഷ്യഃ സുതശ്ച* എൻ. വി. തിരുത്തിത്തന്നത് ഓർക്കാൻ രസമുള്ള കഥയാണ്. ഓരോ ശ്ലോകവും ഉച്ചത്തിൽ വായിച്ച് തിരുത്തിത്തിരുത്തി മുന്നോട്ടു പോയി. *സിദ്ധരൂപം* മുതൽ *മഹാഭാഷ്യം* വരെ അടിസ്ഥാനപരമായി പഠിച്ചുവെന്നവകാശപ്പെടുന്ന ഒരാൾക്ക് ഒരിക്കലും വരാൻ പാടില്ലാത്ത തെറ്റുകളാണ് ആദ്യഭാഗത്തു വിശേഷിച്ചും വന്നുപോയിരുന്നത്. വള്ളത്തോൾ ഉപയോഗിച്ച സംസ്കൃതപദങ്ങൾ ആകാവുന്നത്ര അതുപോലെ ഉപയോഗിച്ചു. ആദ്യശ്ലോകത്തിലെ "കുബേരപത്തനത്തിൻ" എന്ന പദം "കുബേരപത്തനസ്യ" എന്ന

പരിഭാഷപ്പെടുത്തി. സുകനകപദവും അതുപോലെത്തന്നെ. പക്ഷേ താഴികക്കുടമോ? എന്തു ചെയ്യുമെന്നായി ഞാൻ. എൻ. വി. ഉടനെ പറഞ്ഞു: "കുംഭകസ്യ." ഒരിടത്തു ഞാൻ നഭോതലമെന്നു പ്രയോഗിച്ചപ്പോൾ "അതുവേണ്ട; നഭസ്തലമെന്നു മതി," അതൃപ്തികരമായി ഒന്നും സംഭവിക്കാത്ത മട്ടിൽ, എന്നു തിരുത്തുകയേ അദ്ദേഹം ചെയ്തുള്ളൂ! മറ്റേതെങ്കിലും പണ്ഡിതനാണെങ്കിൽ 'കാട് കാട്; ഇതൊന്നും തിരുത്താൻ എനിക്കു സമയമില്ല!' എന്ന് പറഞ്ഞൊഴിയുകയും കൈയെഴുത്തുപ്രതി തിരിച്ചുതരികയും ചെയ്യുമായിരുന്നു! വായിച്ചുവായിച്ച്,

സ്കന്ദൻ തദാ പുഞ്ചിരിയിട്ടു, നന്ദി
കൺചിമ്മി, വീശീ ഗദ വീരഭദ്രൻ,
വീർപ്പൊന്നു വിട്ടൂ രുരു, കൈ തിരുമ്മി
കുണ്ഡോദരൻ നാവു കടിച്ചു ചണ്ഡൻ!

എന്ന ശ്ലോകത്തിലെത്തിയപ്പോൾ, ഞാൻ വിഷണ്ണനായി പറഞ്ഞു: "എത്ര ക്രിയകളാണ്! ഇതെനിക്കു തർജമ ചെയ്യാനാവില്ല. എൻ. വി. തന്നെ ചെയ്തുതരണം." എൻ. വി. യാകട്ടെ, വല്ലാതെ ആലോചിക്കുമ്പോൾ താൻ പലപ്പോഴും പതിവുള്ളതുപോലെ, തലമുടി പിടിച്ചുപറിക്കുന്നതുപോലെ ചെയ്തുകൊണ്ട് ഒരു നിമിഷം ആലോചിച്ച്, ഇപ്രകാരം പരിഭാഷപ്പെടുത്തി:

സ്കന്ദസ്തദാസ്മേഷ്ട, ദദംശ ജിഹ്വാം
ചണ്ഡോ, ഗദാം ഭ്രാമയതി സ്മ ഭദ്രഃ,
രുരുർനിശശ്വാസ, കരം വ്യമൃദ്നാത്
കുണ്ഡോദര,ശ്ചാക്ഷി മിമീല നന്ദീ.

ഇതിൽ ഞാൻ വളരെയേറെ സന്തൃപ്തനായി. അതിനുശേഷം മഹാകവി പി. കുഞ്ഞിരാമൻ നായരുടെ *നരബലി* ഞാൻ സംസ്കൃതത്തിലേക്കാക്കി. അതും എൻ. വി. യെ കാണിച്ചു തിരുത്തിച്ചു. 1989 –ൽ എൻ. വി. മരിക്കുമ്പോൾ ഞാൻ കേരളസർക്കാരിന്റെ സാംസ്കാരിക ഉപദേശകസമിതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്തായിരുന്നു. അതിനാൽ സാഹിത്യത്തിൽ എന്റെ വളർത്തച്ഛനായ ആ മഹാഗുരുവിന്റെ ഭൗതികദേഹം അവസാനമായി ഒരുനോക്കു കാണാൻ പോലും എനിക്കു സാധിച്ചില്ല.

തുടർന്നും ഞാൻ കേരളത്തിലെ ശ്രദ്ധേയരായ മഹാകവികളുടെ അഖിലലോകശ്രദ്ധ പിടിച്ചുപറ്റാൻ പോരുന്ന കവിതകൾ സംസ്കൃതത്തിലേക്കു പരിഭാഷപ്പെടുത്തുകയുണ്ടായി. വള്ളത്തോളിന്റെ *മഗ്ദലനമറിയം* 'മഗ്ദലമേരീ' എന്ന പേരിലും *അച്ഛനും മകളും* 'പിതാസുതാ ച' എന്ന പേരിലും, കുമാരനാശാന്റെ *ചണ്ഡാലഭിക്ഷുകി*



അതേ പേരിലും ഇടശ്ശേരിയുടെ "അമ്പാടിയിലേക്കു വീണ്ടും" 'പുനരപി ഗോകുലം പ്രതി' എന്ന പേരിലും വിഷ്ണുനാരായണൻ നമ്പൂതിരിയുടെ "ജയം" 'ജയഃ' എന്ന പേരിലും ശ്രീനാരായണഗുരുവിന്റെ ദൈവദശകം, ജാതിനിർണയം, ജാതിലക്ഷണം, ദത്താപഹാരഃ എന്നിവ സംസ്കൃവിഭക്തിപ്രത്യയം മാത്രം മാറ്റി അതേ പേരുകളിലും തർജമ ചെയ്തു. അക്കൂട്ടത്തിൽ എടുത്തുപറയേണ്ടത് ഒ. എൻ. വി. യുടെ *ഉജ്ജയിനി* എന്ന എന്ന കാവ്യാഖ്യായിക അതേ പേരിൽ രണ്ടായിരത്തോളം ശ്ലോകം വരുന്ന കാവ്യമായി പരിഭാഷപ്പെടുത്തിയതാണ്. ഇന്നു ജീവിച്ചിരിപ്പുള്ള പ്രശസ്തകവിയായ പ്രഭാവർമയുടെ ഏറെ പ്രസിദ്ധമായ *ശ്യാമമാധവ*ത്തിന്റെ അതേപേരിലുള്ള സംസ്കൃത വിവർത്തനവും ശ്രദ്ധിക്കപ്പെടേണ്ടതുതന്നെ. ഈ പരിഭാഷാരചനകളിലൊക്കെ ഞാൻ പലപ്പോഴും തപ്പിത്തടയുന്ന സമയത്ത് സംശയം തീർക്കാൻ എൻ. വി. ഇല്ലല്ലോ എന്നോർത്ത് സങ്കടപ്പെട്ടിട്ടുണ്ട്. അപ്പോഴൊക്കെ അല്പമെങ്കിലും ആശ്വാസം കൊണ്ടത് സഹപ്രവർത്തകനായ ഡോ. സി. രാജേന്ദ്രൻ, പ്രിയശിഷ്യരായ ഡോ. ധർമരാജ് അടാട്ട്, ഡോ. എൻ. കെ. സുന്ദരേശ്വരൻ, ഡോ. വി. ആർ. മുരളീധരൻ, ഡോ. പി. വി. നാരായണൻ മുതലായവരോട് ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്തുകൊണ്ടാണ്.

★

### 7. ആനന്ദവർധനന്റെ കളിക്കൂട്ടുകാരൻ

കാര്യവട്ടത്തുള്ള കേരളസർവകലാശാലാസംസ്കൃതവിഭാഗത്തിൽ ആദ്യം ഗവേഷകവിദ്യാർഥിയായും പിന്നീട് അവിടെത്തന്നെ ലക്ചററായും ജോലിയും ക്യാമ്പസ്സിനു പുറത്ത് അധികം അകലെയല്ലാതെ പാങ്ങപ്പാറയിലും പിന്നീട് ക്യാമ്പസ്സിലെ ക്വാർട്ടേഴ്സിലും താമസവുമാണെങ്കിലും തിരുവനന്തപുരം നഗരത്തിലെ മിക്കവാറുമെല്ലാ സാംസ്കാരികപരിപാടികളിലും ഞാൻ സന്നിഹിതനാവാറുണ്ടായിരുന്നു. വിശേഷിച്ചും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും *വിജ്ഞാനകൈരളി*യുമായും, ഗ്രന്ഥശാലാസംഘവും *ഗ്രന്ഥാലോക*വുമായും ബന്ധപ്പെട്ട പരിപാടികളിൽ.

ഗ്രന്ഥശാലാസംഘം (ഇന്നത്തെ ലൈബ്രറി കൗൺസിൽ) ഹാളിൽ മിക്കവാറും ആഴ്ച്ചയിലൊരു ദിവസം ഏതെങ്കിലുമൊരു വിഷയത്തെപ്പറ്റി ചർച്ച നടക്കാറുണ്ടായിരുന്നു. കഴിയുന്നത്ര എല്ലാ മീറ്റിങ്ങുകളിലും ഞാൻ പങ്കെടുക്കാറുണ്ട്. എൻ. വി; ഗുപ്തൻ നായർ, പി. ടി. ഭാസ്കരപ്പണിക്കർ, വിഷ്ണുനാരായണൻ നമ്പൂതിരി മുതലായവരും ഏതാണ്ടു സ്ഥിരാംഗങ്ങളാണ്.

കേരളസർവകലാശാലാ സംസ്കൃതവിഭാഗത്തിൽ ലക്ചററുടെ ഒഴിവ് ഉണ്ടെന്നും അത് ഉടനെ പരസ്യപ്പെടുത്തുമെന്നും ഞാൻ ഗവേഷണവിദ്യാർഥിയായിരിക്കേ കേട്ടിരുന്നു. അത് സംവരണം ചെയ്യപ്പെടുമോ എന്ന സംശയമുണ്ടായിരുന്നുവെങ്കിലും അങ്ങനെ സംഭവിച്ചില്ല. രണ്ടുവർഷത്തെ അധ്യാപനസേവനം വേണമെന്നു നിഷ്കർഷിച്ചിരുന്നതുകൊണ്ട് രണ്ടുവർഷം തികയാത്ത ഞാൻ അപേക്ഷിക്കണമോ എന്നു സംശയിച്ചുനിന്നുവെങ്കിലും പ്രൊഫസർ 'അപേക്ഷിച്ചുനോക്കൂ; പ്രസിദ്ധീകരണങ്ങളൊക്കെയുണ്ടല്ലോ' എന്നു സമ്മതം സൂചിപ്പിച്ചതുകൊണ്ട് സുഗതകുമാരി, തിരുനല്ലൂർ കരുണാകരൻ, ഒ. എൻ. വി; അയ്യപ്പപ്പണിക്കർ, പന്മന രാമചന്ദ്രൻ നായർ, മലയാളവകുപ്പുമേധാവി പ്രൊഫ. കെ. രാമചന്ദ്രൻ നായർ, ഡോ. ടി. ഭാസ്കരൻ, ഡോ. വി. എസ്. ശർമ്മ മുതലായവരെല്ലാം അപേക്ഷിക്കാൻ എന്നെ പ്രോത്സാഹിപ്പിച്ചു. എൻ. വി. യുടെ ഉപദേശം ചോദിക്കണമെന്നുണ്ടായിരുന്നുവെങ്കിലും അദ്ദേഹം സ്ഥലത്തുണ്ടായിരുന്നില്ല.

നാട്ടിൽ പോകുമ്പോഴെല്ലാം കഴിയുന്നത്ര താളിയോലഗ്രന്ഥങ്ങൾ പരിശോധിക്കാൻ ഞാൻ അവസരം കണ്ടെത്തിയിരുന്നു. അങ്ങനെ കണ്ണൂർജില്ലയിൽ തളിപ്പറമ്പിന്നടുത്തുള്ള മഴൂരിൽ പുതുക്കടി പെരിന്തട്ടയില്ലത്ത് ഈശാനൻ നമ്പൂതിരിയുടെ ഗ്രന്ഥശേഖരം പരിശോധിക്കവേ, *നളചന്ദ്രോദയ*മെന്ന ഒരു ഗ്രന്ഥം കണ്ടെത്തി. കുറേ ഭാഗം



വായിച്ചുനോക്കിയപ്പോൾ തരക്കേടില്ലാത്ത ഒരു കാവ്യമാണതെന്നു കണ്ടു. അതു മുഴുവൻ പകർത്തി പഠനാത്മകമായ ഒരാമുഖത്തോടുകൂടി പുസ്തകരൂപത്തിൽ കുത്തിക്കെട്ടിയത് ഞാൻ എൻ. വി. യെ കാണിച്ചിരുന്നു. മദ്രാസ് യൂനിവേഴ്സിറ്റിയുടെ *ന്യൂ കാറ്റലോഗസ് കാറ്റലോഗറ*ത്തിൽ ഉൾപ്പെടുത്താതിരുന്നതു കണ്ടപ്പോൾ ഡോ. കെ. കുഞ്ചുണ്ണിരാജാവിനോടു ചോദിച്ച് അത് ഗവേഷകരാരും കണ്ടെത്താത്തതാണെന്നു ഉറപ്പിച്ചുപറഞ്ഞു. ഇതിനുപുറമെ പത്തോളം ഇംഗ്ലീഷ് ഗവേഷണപ്രബന്ധങ്ങളും ധാരാളം മലയാളഗവേഷണപ്രബന്ധങ്ങളും വള്ളത്തോളിന്റെ *ശിഷ്യനും മകനും* എന്ന ഖണ്ഡകാവ്യത്തിന്റെ *ശിഷ്യഃ സുതശ്ച* എന്ന സംസ്കൃതവിവർത്തനവും (ഇത് ഡോ. കെ. വി. ശർമ എഡിറ്റു ചെയ്ത ഹോശിയാർപൂർ യൂനിവേഴ്സിറ്റി ജേർണലിന്റെ രണ്ടു ലക്കങ്ങളിലായി പ്രസിദ്ധപ്പെടുത്തിയിരുന്നു) ഉണ്ടെന്ന വിശദവിരങ്ങളെല്ലാം ഞാൻ അപേക്ഷയോടൊപ്പം കാണിച്ചിരുന്നു. കണ്ണൂർജില്ലയിലെ വിവിധവിദ്യാലയങ്ങളിലായി പത്തുകൊല്ലത്തെ അധ്യാപനസേവനവും ഉണ്ട്. ഇതെല്ലാം പരിശോധിച്ച സെലക്ഷൻ കമ്മിറ്റി എന്നെ നിയമിക്കാൻ ശുപാർശ ചെയ്തു. അങ്ങനെ ഞാൻ 1975 ൽ കേരളസർവകലാശാലാസംസ്കൃതവിഭാഗത്തിൽ ലക്ചററായി ചേർന്നു. ജോലിയെല്ലാം അതിനു മുൻപ് ഗവേഷകവിദ്യാർഥിയായപ്പോൾ ചെയ്തതുതന്നെ. മലയാളവിഭാഗത്തിൽ ഉപഭാഷയായ സംസ്കൃതം പഠിപ്പിക്കുക. പിന്നീട് സംസ്കൃതത്തിൽ എം. ഫിൽ. തുടങ്ങിയപ്പോൾ ആ വിദ്യാർഥികളെയും പഠിപ്പിക്കുകയും ഗവേഷണത്തിനു നേതൃത്വം നൽകുകയും ചെയ്യുക.

തിരുവനന്തപുരത്തുവെച്ചാണ് എന്റെ മകൻ ആനന്ദവർധനൻ ജനിച്ചത്. ഞാൻ റിസർച്ച് സ്കോളറായിരിക്കുമ്പോൾത്തന്നെ ആനന്ദവല്ലി ഗർഭിണിയായിരുന്നു. ഞങ്ങളുടെ വിവാഹം കഴിഞ്ഞ് അപ്പോഴേക്കും നാലു കൊല്ലം പൂർത്തിയാവാറായി. കാര്യവട്ടത്തിന്നടുത്ത് പാങ്ങപ്പാറയിൽ ഒരു വീട്ടിന്റെ പാതിഭാഗത്താണ് ഞങ്ങൾ വാടകയ്ക്കു താമസിച്ചിരുന്നത്. വീട്ടുടമസ്ഥന്റെ അമ്മ സ്വന്തം അമ്മയെപ്പോലെത്തന്നെ ആനന്ദത്തിന്റെ ഗർഭശുശ്രൂഷകൾ നിർവഹിച്ചു. എനിക്കു ലക്ചററുടെ നിയമനം കിട്ടി ഏതാനും മാസങ്ങൾക്കുശേഷമാണ് മകൻ ജനിച്ചത്. യഥാകാലം അവന് ആനന്ദവർധനൻ എന്നു പേരിട്ടു.

അന്ന് എൻ. വി. നഗരത്തിലെ വഞ്ചിയൂരാണ് താമസിച്ചിരുന്നത്. സുഗതകുമാരിയും വിഷ്ണുനാരായണൻ നമ്പൂതിരിയും ഭാര്യ സാവിത്രിയുമെല്ലാം മകനെ കാണാൻ വന്നു. മകനു കഷ്ടിച്ച് ഒരു വയസ്സു കഴിഞ്ഞപ്പോഴാണെന്നാണോർമ, ഞങ്ങൾ മകനുമായി എൻ.വി. യുടെ വീട്ടിൽ ചെന്നു. എൻ. വി. താമസിയാതെ പറമ്പിൽ

പോയി തെങ്ങിന്റെ പച്ചയോല പൊട്ടിച്ചുകൊണ്ടുവന്ന് 'പീപ്പിളി 'യാക്കി അവനെയുമെടുത്ത് ഉമ്മറത്തുവന്നു പീപ്പിളിയും വിളിച്ച് കുട്ടിയെ കളിപ്പിച്ചുകൊണ്ടിരിപ്പായി. വരാൻ നേരത്ത് അവന് എൻ. വി. 'മുത്തശ്ശ'നെ വിടാൻ ബഹുമടി! ആ മുത്തശ്ശൻ അവന്ന് ഒരു കളിക്കൂട്ടുകാരൻ!

★



### 8. കേരളസർവകലാശാലയിൽ ലക്ച്ചറർ

മധുരയിൽനിന്നു തിരിച്ചുവന്ന എൻ. വി. തന്റെ മദ്രാസ് സർവ കലാശാലയിലെ എം. ലിറ്റ്. തീസിസ്സ് മിനുക്കുപണി നടത്തി പുസ്ത കമായി പ്രസിദ്ധീകരിച്ചിരുന്നു. *മാതൃഭൂമി*യിലും ഭാഷാ ഇൻസ്റ്റിറ്റ്യൂ ട്ടിലും നിന്നു പിരിഞ്ഞ എൻ. വി. യെ ഉറൂബിന്റെ ഒഴിവിൽ *കുങ്കുമം* വാരികയുടെ പത്രാധിപരായി നിയമിച്ച് തിരുവനന്തപുരത്ത് താമസ സൗകര്യമൊരുക്കാൻ മാനേജരായ കൃഷ്ണസ്വാമി റെഡ്യാർ തയ്യാ റായി. ഈ സ്ഥാനലബ്ധിയും തിരുവനന്തപുരത്തെ വാസവും എൻ. വി. യിലെ പത്രാധിപരെയും ഗവേഷകനെയും ഏറെക്കുറെ പുനരു ജ്ജീവിപ്പിച്ചുവെന്നു പറഞ്ഞാൽ തെറ്റില്ല.

"മാരാർ പറയാത്തൊരു കടപ്പാട്" എസ്. ഗുപ്തൻ നായർ, എം. കൃഷ്ണൻ നായർ മുതലായ തിരുവനന്തപുരക്കാരായ മലയാളം പ്രൊഫസർമാരും അഭിനന്ദിക്കുകയുണ്ടായി. ആയിടയ്ക്കു പ്രസിദ്ധീ കരിച്ച പത്തുപന്ത്രണ്ടു പ്രബന്ധങ്ങൾ സമാഹരിച്ച് ഒരു പുസ്തകമി റക്കിയാൽ കൊള്ളാമെന്ന് എനിക്കു തോന്നി. കുങ്കുമം പത്രാധിപരായ ഉറൂബായിരുന്നു അന്ന് സാഹിത്യപ്രവർത്തകസഹകരണസംഘ ത്തിന്റെ പ്രസിഡണ്ട്. അദ്ദേഹം തിരുവനന്തപുരത്ത് പെരുന്താന്നിയിൽ സുഭാഷ് നഗറിലാണ് താമസം. ഞാൻ ലേഖനക്കെട്ടുമായി അദ്ദേഹത്തെ സമീപിച്ചു. സ്വയം പരിചയപ്പെടുത്തിയതിനുശേഷം ഞാൻ കാര്യം പറഞ്ഞു. അദ്ദേഹം ലേഖനങ്ങളാകെ ഒന്നോടിച്ചുനോക്കി വക്രോക്തി യെക്കുറിച്ചുള്ള അഞ്ചെണ്ണം മാറ്റിനിർത്തി "ഇതു വേറൊരു പുസ്ത കമാക്കാം. ഈ അറെണ്ണം ഒരു ചെറിയ പുസ്തകമാക്കാം. എൻ. വി. യുടെ അവതാരിക കിട്ടുമെങ്കിൽ നന്നായി."

"അതിനു പ്രയാസമുണ്ടാവില്ല. എല്ലാം എൻ. വി. കണ്ടതുതന്നെ യാണ്."

"എങ്കിൽ ഇവ ഒന്നുകൂടി വായിച്ചു വല്ല തിരുത്തലുകളും വേണ മെങ്കിൽ വരുത്തി അവതാരികയോടുകൂടി എനിക്കു തിരിച്ചുതരിക." എന്നു പറഞ്ഞ് അദ്ദേഹം എന്നെ തിരിച്ചയച്ചു.

അടുത്ത തവണ നാട്ടിൽ പോകുന്ന പോക്കിൽ കോഴിക്കോട്ടി റങ്ങി എൻ. വി. യെക്കണ്ടു കൈയെഴുത്തുപ്രതി കൊടുത്ത് വിവരം പറഞ്ഞു. തിരുവനന്തപുരത്തേക്കുള്ള മടക്കത്തിൽ അവതാരികയോ ടുകൂടിയ 'ഗവേഷണപ്രബന്ധങ്ങൾ' എന്നു പേരിട്ട ആ കൈയെഴു ത്തുപ്രതി ഉറൂബിന്റെ കൈയിൽ കൊടുത്തു.

എൻ. വി. യുടെതന്നെ പ്രേരണയുടെയും പ്രോത്സാഹനത്തിന്റെയും സന്തതികളായ എന്റെ മാരാരെയും അഭിരാമനെയും അരുണഗിരിനാഥനെയും ദശനാമികളെയും സരസ്വതി എന്ന വാക്കിനെയും പറ്റിയുള്ള പ്രബന്ധങ്ങളുടെ സമാഹാരമാണ് *ഗവേഷണപ്രബന്ധങ്ങൾ*.

എന്റെ അറുപതിൽപ്പരം പുസ്തകങ്ങളിൽ ഏറ്റവും ചെറിയ ഈ ആദ്യപുസ്തകത്തിനുമാത്രമേ അവതാരികയെഴുതിച്ചിട്ടുള്ളൂ. അതും എന്റെ സാഹിത്യ-ഗവേഷകമണ്ഡലങ്ങളിലെ വളർച്ചയ്ക്ക് ഏറ്റവുമധികം പ്രചോദനമേകിയ എൻ. വി. യെക്കൊണ്ട്. 1974-ൽ ഏൽപ്പിക്കപ്പെട്ട എന്റെ ആ ആദ്യഗ്രന്ഥം സാഹിത്യപ്രവർത്തകസഹകരണസംഘം പ്രസിദ്ധീകരിച്ചത് സ്വാഭാവികമായും അഞ്ചുവർഷത്തിനുശേഷമാണ് – 1979 ൽ. ഈ അഞ്ചു വർഷത്തിനുള്ളിലാണ്, കേരളസർവകലാശാലാസംസ്കൃതവിഭാഗത്തിൽ ഗവേഷകവിദ്യാർഥിയായ ഞാൻ അവിടെത്തന്നെ ഒന്നരവർഷത്തിനുശേഷം ലക്ചററാവുകയും രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ കോഴിക്കോടു സർവകലാശാലാ സംസ്കൃതവിഭാഗത്തിലേക്കു മാറുകയും *ഗവേഷണപ്രബന്ധങ്ങ*ളുടെ ഗ്രന്ഥകാരനവകാശപ്പെട്ട ആദ്യത്തെ പത്തുകോപ്പികൾ സ്വീകരിക്കുകയും എന്നെ എം. എ. യ്ക്കുള്ള *രസഗംഗാധര*ഭാഗങ്ങൾ തലശ്ശേരിയിലുള്ള വീട്ടിൽ വെച്ച് പഠിപ്പിച്ച പ്രൊഫ. എം. എസ്. മേനോന്റെ കീഴിൽത്തന്നെ സേവനമനുഷ്ഠിച്ചുതുടങ്ങുകയും ചെയ്തത്.

എൻ. വി. *കുങ്കുമ*ത്തിന്റെ പത്രാധിപരായി തിരുവനന്തപുരത്ത് ഉറൂബ് താമസിച്ച അതേ വീട്ടിൽ ആയിരുന്നു താമസിച്ചത്. അവിടെ ഞാൻ കൂടക്കൂടെ പോകാറുണ്ടായിരുന്നു. *വിജ്ഞാനകൈരളി*യെപ്പോലെ ഗവേഷണപ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കാനുള്ള സൗകര്യമൊന്നുമില്ലെങ്കിൽപ്പോലും എൻ. വി. എന്നെക്കൊണ്ട് വാരികയുടെ ഓണപ്പതിപ്പുകളിൽ ലേഖനങ്ങളെഴുതിക്കുമായിരുന്നു. ഉദ്ദണ്ഡശാസ്ത്രിയുടെ *മല്ലികാമാരുതം (സംസ്കൃത)പ്രകരണ*ത്തെയും ഡോ. കെ. കുഞ്ഞുണ്ണിരാജയുടെ ഗവേഷണപ്രബന്ധങ്ങളെയും കുറിച്ച് ഓരോ ലേഖനമെഴുതിച്ച് രണ്ട് ഓണപ്പതിപ്പുകളിൽ പ്രസിദ്ധീകരിച്ച ഓർമയുണ്ട്. *വിജ്ഞാനകൈരളി*യിലേക്ക് അയച്ചുകൊടുക്കുന്ന ലേഖനങ്ങളും അദ്ദേഹത്തെ കാണിച്ച് ഉപദേശനിർദേശങ്ങൾ വാങ്ങാറുണ്ടായിരുന്നു. പ്രധാനപ്പെട്ട എന്റെ ഗവേഷണപ്രബന്ധങ്ങളെല്ലാം ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കണമെന്ന് ഡോ. വെങ്കടസുബ്രഹ്മണ്യയ്യരോടൊപ്പം എൻ. വി. യും നിഷ്കർഷിക്കുമായിരുന്നു. കോഴിക്കോടു സർവകലാശാലാവൈസ് ചാൻസലറായിരുന്ന ഡോ. ടി. കെ. രവീന്ദ്രൻ അന്ന് കേരളസർവകലാശാലയിലെ ചരിത്രവിഭാഗം റീഡറായിരുന്നു. അദ്ദേഹം താൻ നടത്തിയിരുന്ന *ജേർണൽ ഓഫ് കേരള സ്റ്റഡീസി*ൽ എന്റെ ആ ഇംഗ്ലീഷ് ലേഖനങ്ങൾ ചോദിച്ചു വാങ്ങി പ്രസിദ്ധീകരിക്കുകയുണ്ടായി.



ആയിടയ്ക്കാണ് എൻ. വി. യുടെ ഷഷ്ടിപൂർത്തി എറണാകുളത്തുവെച്ച് ഗംഭീരമായി ആഘോഷിച്ചത്. സ്വാഗതസംഘാധ്യക്ഷനായ മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ നിർദേശമനുസരിച്ച് എൻ. വി. യുമായി ഞാൻ നടത്തിയ സുദീർഘമായ അഭിമുഖം ഇവിടെവെച്ചു തന്നെയാണ് തയ്യാറാക്കിയത്. ഞാൻ ഇക്കാര്യത്തെപ്പറ്റി പറഞ്ഞപ്പോൾ വളരെ ഉത്സാഹത്തോടെയാണ് എൻ. വി. അഭിമുഖത്തിനു തയ്യാറായത്. ദേശീയസ്വാതന്ത്ര്യസമരകാലത്ത് ഒളിവിൽവെച്ച് 'സ്വതന്ത്രഭാരതം' മാസിക കല്ലച്ചിൽ തയ്യാറാക്കി പ്രചരിപ്പിച്ചതും കീഴരിയൂർ ബോമ്പുകേസിനു വഴിവെച്ച സംഭവങ്ങളിൽ പങ്കാളിയായതും മറ്റും എത്ര അനുഭവതീവ്രതയോടെയാണ് അദ്ദേഹം അന്നു വിവരിച്ചതെന്ന് പറഞ്ഞറിയിക്കുക പ്രയാസം. തന്റെ "ആഗസ്റ്റുകാറ്റിൽ ഒരില" എന്ന കവിതയിലെ കുറച്ചു വരികൾ ചൊല്ലിയാണ് 'സംഭവബഹുലമായൊരു ജീവിതം' എന്നു ഞാൻ പേരിട്ട ആ അഭിമുഖം അവസാനിപ്പിച്ചത്. അഭിമുഖത്തിന്റെ ചരിത്രപ്രാധാന്യം മനസ്സിലാക്കി വസ്തുതാപരമായോ മറ്റോ ഒരു പിഴവും വരാതിരിക്കാൻ ചോദ്യോത്തരരൂപത്തിൽ അഭിമുഖം മുഴുവൻ പകർത്തിയെഴുതി ഞാൻ മറ്റൊരു ദിവസം എൻ. വി. യെക്കൊണ്ട് തിരുത്തിച്ചുവാങ്ങി. അത് വിഷ്ണുനാരായണൻ നമ്പൂതിരി *ഗ്രന്ഥാലോക*ത്തിൽ ചേർത്തു. അത് *എൻ. വി. യും മലയാളസാഹിത്യവും* എന്ന എൻ. വി. യുമായി ബന്ധപ്പെട്ട ഏതാണ്ടു മുഴുവൻ എഴുത്തുകാരും അണിനിരന്ന ഷഷ്ടിപൂർത്തിസ്മരണികയിൽ ഉൾപ്പെടുത്തുകയും ചെയ്തു. ജി. തന്റെ പ്രസംഗത്തിൽ എന്റെ ഈ അഭിമുഖത്തെ പ്രത്യേകം എടുത്തുപറയുകയുണ്ടായി.

കോഴിക്കോട് സർവകലാശാലയിലേക്കു മാറുന്നതിനുമുൻപ് എന്റെ പി. എച്ച്. ഡി. തീസിസ്സ് (പൂർണസരസ്വതി ആസ് എ പോയെറ്റ് ആന്റ് കമെന്റേറ്റർ) "എൻ. വി. യെയും ഒന്നു കാണിച്ചോളൂ" എന്ന ഡോ. വെങ്കിടസുബ്രഹ്മണ്യയ്യരുടെ നിർദേശപ്രകാരം എൻ. വി. യുടെ വീട്ടിൽ ചെന്ന് കാണിച്ചു. മൂന്നുനാലു ദിവസം തുടർച്ചയായി ചെലവഴിച്ച് അദ്ദേഹം അതു മുഴുവൻ വായിച്ച് തിരുത്തിത്തന്നു. അങ്ങനെ തിരുത്തിയ ആ തീസിസ് ഭംഗിയായി ടൈപ്പ് ചെയ്യിച്ച് ബൈന്റ് ചെയ്തു പ്രൊഫസർക്കു സമർപ്പിച്ചിട്ടേ ഞാൻ ഏതാണ്ട് അഞ്ചുകൊല്ലത്തെ തിരുവനന്തപുരം വാസം അവസാനിപ്പിച്ച് കാലിക്കറ്റ് സർവകലാശാലാസംസ്കൃതവിഭാഗത്തിലേക്കു മടങ്ങിയുള്ളൂ.

★

### 9. എം. ആർ. സി.

കോഴിക്കോട് സർവകലാശാലയിൽ വരുന്നതിനു മുൻപുതന്നെ സാഹിത്യസമിതിയുമായി ബന്ധപ്പെട്ടും മറ്റും എൻ. എൻ. കക്കാട്, എ. പി. പി. നമ്പൂതിരി, വി. എ. കേശവൻ നമ്പൂതിരി, കെ. വി. രാമകൃഷ്ണൻ, ഗംഗാധരൻ നായ്ക്കത്ത്, എം. ആർ. രാഘവവാരിയർ മുതലായവരുമായി എനിക്ക് സാഹിത്യബന്ധവും സൗഹൃദവുമുണ്ടായിരുന്നു. എല്ലാവരും എൻ. വി. യുമായും *മാതൃഭൂമി*യുമായും ബന്ധമുള്ളവർ.

സാഹിത്യസമിതിയിൽ കുറേക്കാലം എൻ. വി. യുടെ ശിഷ്യനെന്ന നിലയിൽ ശില്പശാലാനിയന്ത്രകനായി ശോഭിച്ച (ഞങ്ങൾ എം. ആർ. സി. എന്ന ചുരുക്കപ്പേരിൽ വിളിക്കുന്ന) പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻ പയ്യന്നൂർ കോളേജിൽ കുറേക്കാലം മലയാളം പ്രൊഫസറായിരുന്നു. തേഞ്ഞിപ്പലത്തുള്ള സർവകലാശാലയിൽ അദ്ദേഹം സിന്റിക്കേറ്റു മെമ്പറായിരുന്നു. സാഹിത്യസമിതിബന്ധവും എന്റെ ജന്മസ്ഥലമായ കുളപ്പുറവുമായുള്ള സ്ഥലപരമായ സാമീപ്യവും എന്നെ എം. ആർ. സി. യുടെ പതിവുസന്ദർശകനായി മാറ്റി.

*ദേശമിത്രം* കാലഘട്ടത്തിനുശേഷം പി. എച്ച്. ഡി. ഗവേഷകനായി തിരുവനന്തപുരത്തേക്കു പോകുന്നതുവരെ ആറേഴുവർഷക്കാലം ചുരുങ്ങിയത് ആഴ്ച്ചയിൽ ഒരിക്കലെങ്കിലും എം. ആർ. സി. യെ കണ്ടു സാഹിത്യസംബന്ധമായി സംസാരിക്കാതിരുന്നിട്ടില്ലെന്നു പറയാം. അദ്ദേഹത്തിന്റെ സ്വകാര്യഗ്രന്ഥശേഖരത്തിൽനിന്ന് എത്രയെത്ര പുസ്തകങ്ങളാണെന്നോ ഞാൻ കൊണ്ടുപോയി വായിച്ച് കൃത്യസമയത്തു തന്നെ മടക്കിക്കൊടുത്തുകൊണ്ടിരുന്നത്! എം. ആർ. സി. വിദ്യാഭ്യാസപരമായും സാഹിത്യപരമായുമുള്ള എന്റെ വളർച്ചയുടെ പടവുകൾ മുഴുവൻ പ്രോത്സാഹനമനസ്സോടെ കണ്ട മഹാശയനാണ്. തൃശ്ശൂർ കേരളവർമ കോളേജിൽ എൻ. വി. യുടെയെന്നപോലെ, അദ്ദേഹം *മാതൃഭൂമി ആഴ്ച്ചപ്പതിപ്പി*ന്റെ പത്രാധിപരായി പോയപ്പോൾ പകരം വന്ന പ്രൊഫ. എം. എസ്. മേനോന്റെയും ശിഷ്യനായിരുന്നു. കോഴിക്കോട് സർവകലാശാലയിലെ പ്രോ വൈസ് ചാൻസലറും ആക്റ്റിങ് വൈസ്ചാൻസലറുമായ പ്രൊഫ. സുകുമാർ അഴീക്കോട്, അക്കാലത്തെ റജിസ്റ്റാറായ ഡോ. ടി. കെ. കോശി, സിന്റിക്കേറ്റ്മെമ്പർ എം. ആർ. സി. എന്നീ മൂർത്തിത്രയമാണ് യൂനിവേഴ്സിറ്റി കാര്യങ്ങൾ ഏതാണ്ടു മുഴവുവൻ നിയന്ത്രിച്ചിരുന്നതെന്നു പറയാം. സർവകലാശാല 1968–ൽ സ്ഥാപിതമായെങ്കിലും സംസ്കൃതത്തിന് ഒരു ഡിപ്പാർട്ടുമെന്റുണ്ടായിരുന്നില്ല. പത്തുകൊല്ലം കഴിഞ്ഞതിനുശേഷം അങ്ങനെയൊന്നു വേണമെന്ന് അധികൃതർ നിശ്ചയിച്ചു. എം. ആർ. സി. ക്കും മറ്റധികൃതർക്കും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു പിരിയേണ്ടി വന്ന എൻ. വി. യെ റീഡറാക്കി സംസ്കൃതവകുപ്പധ്യക്ഷസ്ഥാനം ഓഫർ ചെയ്യണമെന്നായിരുന്നു ആഗ്രഹം. എൻ. വി. ക്കും, വളരെ വൈകിയെങ്കിലും, സർവകലാശാലാധ്യാപകനാവണമെന്ന പണ്ടേയുള്ള ആഗ്രഹം (മദ്രാസ് സർവകലാശാലയിൽ ഗവേഷണം ചെയ്തിരുന്ന കാലത്ത് എം. ലിറ്റ്. കഴിഞ്ഞതനുശേഷം പി. എച്ച്. ഡി.ക്കു ചേരണമെന്നും അവിടെ അധ്യാപകജോലി കിട്ടണമെന്നും എൻ. വി. ആശിച്ചിരുന്നതായി കേട്ടിട്ടുണ്ട്) സാങ്കേതികവും വ്യക്തിപരവുമായ ചില കാരണങ്ങളാൽ നടന്നില്ല. എന്നാൽ തലശ്ശേരി ബ്രണ്ണൻ കോളേജിലും എറണാകുളം മഹാരാജാസ് കോളേജിലും തിരുവനന്തപുരം യൂനിവേഴ്സിറ്റികോളേജിലും ഏറെക്കാലം സർവീസുള്ള ഡോ. എം. എസ്. മേനോന് അതിൽ താല്പര്യമുണ്ടായിരുന്നു. താമസിയാതെ പുതുതായി തുടങ്ങിയ സംസ്കൃതവിഭാഗത്തിൽ മേനോൻ മാസ്റ്റർ റീഡറും വകുപ്പധ്യക്ഷനുമായി ചുമതലയേറ്റു. അടുത്ത കൊല്ലം (1978) രണ്ടു ലക്ചറർതസ്തികകൾ പരസ്യം ചെയ്തു. പ്രൊഫ. സുകുമാർ അഴീക്കോടിന്റെയും മേനോൻ മാസ്റ്ററുടെയും സ്നേഹപൂർവമായ നിർബന്ധത്തിനു വഴങ്ങി, തിരുവനന്തപുരത്തെ അന്തരീക്ഷം വിടുന്നതിൽ വിഷമമുണ്ടെങ്കിലും, ഞാൻ അപേക്ഷിക്കുകയും ആദ്യത്തെ ലക്ചററായി എന്നെയും രണ്ടാമനായി ഡോ. സി. രാജേന്ദ്രനെയും നിയമിക്കുകയും ചെയ്തു.

1976–ൽ എം. ആർ. സി. കുറച്ചുകാലം പയ്യന്നൂരിൽനിന്നു സാഹിത്യസമിതിയുടെ മുഖജിഹ്വയായി *സാഹിത്യസമിതിമാസിക* എന്ന ഒരാനുകാലികപ്രസിദ്ധീകരണം നടത്തിവന്നിരുന്നു. രണ്ടുകൊല്ലക്കാലം അതു നീണ്ടുനിന്നു. രണ്ടാം ലക്കം മുതൽ ഞാൻ "പൗരസ്ത്യസാഹിത്യചിന്തകൾ" എന്ന ഒരു ലേഖനപരമ്പര പ്രസിദ്ധീകരിച്ചുതുടങ്ങി. സംസ്കൃതസാഹിത്യവിമർശനത്തിലെ നാഴികക്കല്ലുകളായ കൃതികളെ/കർത്താക്കളെ കുറിച്ചുള്ള കുറേ ലേഖനങ്ങൾ അതിൽ വന്നു. ഡോ. എം. ലീലാവതിയാണ് അവ സമാഹരിച്ച് ഒരു പുസ്തകമാക്കിക്കൂടേ എന്നു ചോദിച്ചത്. 1989–ലോ മറ്റോ അന്നത്തെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയരക്ടറായ ഡോ. എ. എൻ. പി. ഉമ്മർകുട്ടി എന്റെ ഒരു

പുസ്തകം പ്രസിദ്ധീകരണത്തിനുവേണ്ടി ആവശ്യപ്പെട്ടപ്പോൾ അത്യാവശ്യം വേണ്ട തിരുത്തലുകൾ വരുത്തി 'സംസ്കൃതസാഹിത്യവിമർശനം' എന്ന പേരിൽ പുസ്തകമാക്കി കൊടുത്തു. അധികം താമസിയാതെ അതിന്റെ രണ്ടാം പതിപ്പു വേണ്ടിവന്നപ്പോൾ അനുബന്ധങ്ങൾ ചേർത്ത് സമഗ്രമായി പരിഷ്കരിക്കുകയുണ്ടായി. അതു പല സർവകലാശാലകളും പാഠപുസ്തകമാക്കിയിട്ടുണ്ട്.

★



**10. മാതൃഭൂമിയിലേക്കുള്ള തിരിച്ചുവരവ്**

*മാതൃഭൂമി*യുടെ മുഖ്യപത്രാധിപരായ കെ. പി. കേശവമേനോന്റെ ചരമത്തോടെ പത്രത്തിന്റെ തലപ്പത്തുണ്ടായ നേതൃശൂന്യത തിരുത്തിക്കൊണ്ട് *കുങ്കുമം* വാരികയുടെ പത്രാധിപരായി കൊല്ലത്തു താമസിച്ചിരുന്ന എൻ. വി. യെ ഭാരവാഹികൾ, ഒരുതരം പ്രായശ്ചിത്തമെന്നോണം, *മാതൃഭൂമി*പ്രസിദ്ധീകരണങ്ങളുടെ മുഴുവൻ ഉത്തരവാദിത്വമുള്ള പത്രാധിപരായി നിയമിച്ച് കോഴിക്കോട്ടേക്കു വീണ്ടും കൊണ്ടുവന്നു.

എന്നെ സംബന്ധിച്ചിടത്തോളം കോഴിക്കോട്ടേക്കുള്ള എൻ. വി. യുടെ ഈ തിരിച്ചുവരവ് പഴയ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകാലം തിരിച്ചുവന്നതുപോലെയാണ്. അന്നു ഞങ്ങളിരുവരും തിരുവന്തപുരത്തായിരുന്നു. ഇന്നു കോഴിക്കോട്ടാണെന്ന വ്യത്യാസം മാത്രമേ എടുത്തു പറയത്തക്കതായുള്ളൂ. എങ്കിലും *മാതൃഭൂമി*യുടെ പഴയ പ്രഭാവം തിരിച്ചകൊണ്ടുവരിക എൻ. വി. ക്കും പ്രയാസമാണ്. കാലം മാറി; അന്തരീക്ഷം മാറി. അന്ന് *മാതൃഭൂമി*യിൽ പ്രസിദ്ധീകരിച്ചാലേ പ്രസിദ്ധി കിട്ടൂ എന്നായിരുന്നു നില. ഇന്ന് അതല്ല സ്ഥിതി. *ദേശാഭിമാനി, സമകാലികമലയാളം, കലാകൗമുദി, മാധ്യമം* തുടങ്ങിയ വാരികകളിൽ എഴുതുന്നവരും അർഹമായ പ്രശസ്തി കൈവരിച്ചുതുടങ്ങി. അന്നുപോലും *മാതൃഭൂമി*യിൽ പ്രസിദ്ധീകരിക്കാതെ പ്രസിദ്ധി നേടിയ കടമ്മനിട്ട രാമകൃഷ്ണനെപ്പോലുള്ള കവികൾ ഉണ്ടായിരുന്നു. ഇന്നത്തെ കഥ പറയുകയേ വേണ്ട. മുൻപറഞ്ഞ വാരികകൾക്കു പുറമെ *അന്വേഷണം, കവിത, തന്മ* മുതലായ ഉന്നതനിലവാരം പുലർത്തുന്ന ദ്വൈമാസിക–ത്രൈമാസികാദികളായ ആനുകാലികങ്ങൾ എഴുത്തുകാരെയും വായനക്കാരെയും തൃപ്തിപ്പെടുത്തിത്തുടങ്ങി.

എങ്കിലും എൻ. വി. *മാതൃഭൂമി*യുടെ നിലവാരം കഴിയാവുന്നത്ര ഉയർത്താൻ കഠിനപ്രയത്നം നടത്തി. മുൻപ് *മാതൃഭൂമി*യിൽ സാഹിത്യസമിതിബന്ധത്തിനു ശേഷവും അതിനുമുൻപെന്നപോലെ ഞാൻ കവിതകൾ അയച്ചുകൊടുത്തിരുന്നുവെങ്കിലും 'നിർവ്യാജമായ ഖേദത്തോടെ' എന്ന കവറിങ് ലെറ്ററോടുകൂടി തിരിച്ചുവരികയാണുണ്ടായത്. ഒരു വ്യത്യാസം മാത്രം. മുൻപുണ്ടായിരുന്ന "ശ്രീമൻ" എന്നതിനു പകരം "പ്രിയപ്പെട്ട ഉണിത്തിരി" എന്നായി സംബോധന. എനിക്കു വന്ന മാറ്റം മടക്കം കവർ കവിതയോടൊപ്പം വെക്കാ

തായിഎന്നതാണ്. പക്ഷേ, കവിത *മാതൃഭൂമി*യുടെ കവറിൽ മടങ്ങിവന്നുതുടങ്ങി. ചിലപ്പോൾ ചില തിരുത്തൽ നിർദേശങ്ങളുണ്ടാവും. അവസാനം, ഒരു കവിത ("ദ്രോണൻ") തിരിച്ചുവന്നില്ല. മറിച്ച്, 'കവിത നന്നായിട്ടുണ്ട്. പ്രസിദ്ധപ്പെടുത്താം' എന്ന കത്താണ് വന്നത്. എനിക്കുണ്ടായ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. *ദേശമിത്രം, ജയകേരളം, ജനയുഗം, ദേശാഭിമാനി, സാഹിത്യപരിഷത്ത്, ചന്ദ്രിക* മുതലായ പല ആനുകാലികങ്ങളിലും എന്റെ കവിതകൾ വരാറുണ്ടായിരുന്നു. മറുനാടൻ മലയാളികളുടേതെന്നു പ്രസിദ്ധമായ *ജയകേരള*ത്തിൽ ഈരണ്ടാഴ്ച്ച കൂടുമ്പോഴെങ്കിലും എന്റെ കവിതകളോടൊപ്പം വിവിധവിഷയങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളും പ്രസിദ്ധീകരിക്കാറുണ്ടായിരുന്നു. പക്ഷേ, *മാതൃഭൂമി*യിൽ പ്രസിദ്ധീകരിക്കുക എന്ന മോഹം ആദ്യമായി സഫലമാവാൻ പോവുകയാണ്! പക്ഷേ, പ്രസിദ്ധം ചെയ്യാമെന്ന കത്തുവന്ന് അധികനാളുകൾ കഴിയുന്നതിനുമുൻപ് എൻ. വി. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയരക്ടറായി തിരുവനന്തപുരത്തേക്കു പോയി. ഞാനാവട്ടെ സാഹിത്യസമിതിയുടെ ഒന്നുരണ്ടു ശില്പശാലകളിലെ പഠനങ്ങളും വിഷ്ണുനാരായണൻനമ്പൂതിരി, എൻ. കെ. ദേശം മുതലാവരുടെ കവിതകളും കെ. പി. ശങ്കരന്റെ സഹൃദയത്വസമ്പന്നമായ നിരൂപണങ്ങളും നൽകിയ അനുഭവങ്ങൾക്കു ശേഷം മലയാളകവിതാരംഗത്തു ശോഭിക്കില്ലെന്നു തിരിച്ചറിഞ്ഞ് പിന്മാറുകയാണുണ്ടായത്. സംസ്കൃതപഠനവും ഉന്നതബിരുദസമ്പാദനവും പാണ്ഡിത്യവും നിരൂപണവുമൊക്കെയാണ് എന്റെ മേഖലയെന്നും ആ മണ്ഡലങ്ങളിലാണ് ഞാൻ എഴുതേണ്ടതെന്നും മനസ്സിലാക്കി പ്രവർത്തിച്ചുതുടങ്ങി. തിരുവനന്തപുരത്തെ അനുഭവങ്ങൾ ഗവേഷണത്തിലും പഠനനിരൂപണങ്ങളിലും കേന്ദ്രീകരിക്കാൻ സഹായിക്കുകയും ചെയ്തു.

അതേയവസരം കവിതാഭ്രമം വിട്ടുമില്ല. മലയാളസാഹിത്യത്തിലുള്ള പ്രാവീണ്യത്തിന്റെ അടിത്തറയാണ് എന്റെ സംസ്കൃതപാണ്ഡിത്യത്തിനുള്ളതെന്നതുകൊണ്ട് മലയാളസാഹിത്യത്തിലെ ശ്രദ്ധേയഭംഗികൾ മലയാളത്തിന്നപ്പുറവുമെത്തിക്കണമെന്ന എന്റെ അബോധപൂർവമായ ആഗ്രഹമാവാം *ശിഷ്യനും മകനും* പോലുള്ള കാവ്യങ്ങൾ സംസ്കൃതത്തിലേക്കു പരിഭാഷപ്പെടുത്താൻ എന്നെ പ്രേരിപ്പിച്ചിരിക്കുക. എൻ. ഗോപാലപിള്ളയുടെ *സീതാവിചാരലഹരി* (*ചിന്താവിഷ്ടയായ സീത*യുടെ സംസ്കൃതപരിഭാഷ)യും *പ്രേമസംഗീത*വും (ഉള്ളൂരിന്റെ ആ പേരിലുള്ള കവിത) അതിനു കാരണമായിട്ടുണ്ട്. മഹാകവി പി. കുഞ്ഞിരാമൻ നായരുടേതുപോലുള്ള ഒരു മലയാളപ്രതി



ഭയെ പുറമേക്കു പരിചയപ്പെടുത്തുകയെന്ന ധർമം നിർവഹിക്കുകയാണ് *നരബലി*യുടെ സംസ്കൃതതർജമയിലൂടെ നിറവേറ്റാൻ ശ്രമിച്ചത്. എൻ. വി. നോക്കി തിരുത്തിയതിനുശേഷമുള്ള *നരബലി*പരിഭാഷ ആന്ധ്ര യൂനിവേഴ്സിറ്റിയിലെ പ്രൊഫസർ ഡോ. പി. ശ്രീരാമമൂർത്തി ഞങ്ങളുടെ ഡിപ്പാർട്ടുമെന്റിൽ വന്നപ്പോൾ ഒരു കൗതുകത്തിനു വേണ്ടി അദ്ദേഹത്തെ വായിച്ചുകേൾപ്പിച്ചപ്പോഴത്തെ അദ്ദേഹത്തിൻ പ്രതികരണം എന്റെ ആശയം ഒരാഗ്രഹചിന്ത മാത്രമല്ലെന്ന് എന്നെ ബോധ്യപ്പെടുത്തുകയുണ്ടായി. ആ കവിതയിലെ മലയാളത്തനിമ തുളുമ്പുന്ന പല ബിംബകല്പനകളും അദ്ദേഹത്തിനു വളരെ ഇഷ്ടപ്പെട്ടു. ഇതെല്ലാമോർത്തായിരിക്കണം എൻ. വി. എന്റെ മലയാളകവിതകളോടു കൈക്കൊണ്ട നിലപാടല്ല, മലയാളകവിതകളുടെ സംസ്കൃതപരിഭാഷകളോടു കൈക്കൊണ്ടത്. കവിതയെഴുത്തിലും മലയാളത്തിൽനിന്നു സംസ്കൃതത്തിലേക്കുള്ള ഈ കൂടുമാറ്റത്തിനു മറ്റു പലരുമെന്നതിനേക്കാൾ എൻ. വി. വഹിച്ച പങ്ക് വളരെയേറെയാണെന്നു ചുരുക്കം. ഇതിന്റെ വിശദാംശങ്ങൾ ഈ പുസ്തകത്തിൽത്തന്നെ മറ്റൊരിടത്തു വിവരിച്ചിട്ടുണ്ട്.

★

## 11. കുറേക്കൂടി മാതൃഭൂമിസ്മരണകൾ

എൻ. വി. *മാതൃഭൂമി ആഴ്ച്ചപ്പതിപ്പിൽ* വിഷയം നിർദേശിച്ചും അല്ലാതെയും ലേഖനങ്ങളെഴുതാനും നിരൂപണത്തിനുള്ള പുസ്തക ങ്ങളയച്ചുതരാനും തുടങ്ങി.

ഞാൻ "ശകവർഷം" എന്ന ലേഖനമെഴുതിയത് എൻ. വി. യുടെ നിർദേശമനുസരിച്ചാണ്. ഇതേപ്പറ്റി പൊതുവായൊരു ധാരണയല്ലാതെ ലേഖനമെഴുതാനുള്ള വിവരമൊന്നും എനിക്കില്ലെന്നു പറഞ്ഞപ്പോൾ ഡോ. ആർ. ബി. പാണ്ഡേയുടെ *ഇന്ത്യൻ പാലിയോഗ്രാഫി* എന്ന ഗ്രന്ഥം വായിച്ചാൽ മതി, അതിൽ പരാമർശിക്കപ്പെട്ട മറ്റു ഗ്രന്ഥങ്ങളും നോക്കുക എന്നായിരുന്നു എൻ. വി. യുടെ മറുപടി. അതനുസരിച്ച് ലേഖനം തയ്യാറാക്കി എൻ. വി. ക്കു കൊടുത്തു. ഇതൊക്കെ ആരാ ണു വായിക്കുക എന്ന സംശയം എനിക്കുണ്ടായിരുന്നു. ഇതു മന സ്സിലാക്കിയിട്ടെന്ന പോലെ, അദ്ദേഹം പറഞ്ഞു: "നിത്യജീവിതത്തിൽ ആവശ്യം വരുന്നതാണിതിന്റെ വായന എന്ന ബോധം അനുവാചക രിലുളവാക്കണം." എന്നിട്ട് ലേഖനമാകെ വായിച്ചുനോക്കി ആദ്യം ഇങ്ങനെയൊരു ഖണ്ഡിക കൂട്ടിച്ചേർത്തു: "സൂര്യന്റെ ഉദയാസ്തമ യങ്ങളെ, അല്ലെങ്കിൽ ഭൂമിയുടെ ഭ്രമണത്തെ ആസ്പദമാക്കിയുള്ള ദിനരാത്രവിഭജനംപോലെത്തന്നെ സ്വാഭാവികമാണ് സൂര്യന്റെ ദക്ഷി ണോത്തര അയനങ്ങളെ അല്ലെങ്കിൽ സൂര്യനു ചുറ്റുമുള്ള ഭൂമിയുടെ പ്രദക്ഷിണത്തെ ആസ്പദമാക്കിയുള്ള സംവത്സരഗണന. ഇതും കഴിഞ്ഞ് കാലത്തിന്റെ ഒരു നിശ്ചിതബിന്ദു മുതൽ ഒരു അബ്ദം അഥവാ സംവത്സരങ്ങളുടെ ഒരു പരമ്പര ആരംഭിക്കുന്നതായി മനു ഷ്യൻ സങ്കല്പിക്കുവാൻ തുടങ്ങിയത് അവനു ചരിത്രബോധം ഉള വായപ്പോഴാണ്. അബ്ദങ്ങളുടെ അടിസ്ഥാനത്തിൽ ചരിത്രസംഭവങ്ങ ളുടെ പൗർവാപര്യം നിർണയിക്കുന്ന ശാസ്ത്രമാണ് കാലവിജ്ഞാനം അഥവാ ക്രോണോളജി. കാലഗണനയുടെ സൂക്ഷ്മതയെ അവലം ബിച്ചാണ് ചരിത്രത്തിന്റെ സൂക്ഷ്മത നിലകൊള്ളുന്നത്. ഒന്നിലധികം രാഷ്ട്രങ്ങളിലെ ചരിത്രസംഭവങ്ങളെ കൂട്ടിയിണക്കണമെങ്കിൽ കാല ഗണന കുറേക്കൂടി സൂക്ഷ്മമാക്കേണ്ടിവരും. അതിനാൽ ഏതു പരി ഷ്കൃതജനതയും കാലഗണനയിൽ ശാസ്ത്രീയമായ സൂക്ഷ്മത പുലർത്തുവാൻ ശ്രദ്ധിക്കുന്നു."

ശകവർഷത്തെപ്പറ്റി പല പുതിയ വിവരങ്ങളും നൽകുന്ന ആ



ലേഖനം *സംസ്കൃതത്തിന്റെ നിഴലും വെളിച്ചവും* (ഡിസി ബുക്സ് പ്രസിദ്ധീകരണം, 1998) എന്ന സമാഹാരത്തിൽ ചേർത്തിട്ടുണ്ട്.

ഇതുപോലെ *ഗവേഷണപ്രബന്ധങ്ങളുടെ* ഒടുവിൽ ചേർത്ത "സരസ്വതി എന്ന വാക്കിനെപ്പറ്റി" എന്ന ലേഖനവും എൻ. വി. പറ ഞ്ഞിട്ടാണ് എഴുതിയത്. പൂർണസരസ്വതിയാണ് ഗവേഷണവിഷയ മെന്നു പറഞ്ഞപ്പോൾ എൻ. വി. ചോദിച്ചു: "സരസ്വതി എന്നതു കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? ആ വാക്ക് എങ്ങനെയാണ് വന്നത്? ഇതൊക്കെ കണ്ടുപിടിച്ച് ഒരു ലേഖനമാക്കി ഇംഗ്ലീഷിലും മലയാളത്തിലും എഴുതിക്കോളൂ. മലയാളലേഖനം *വിജ്ഞാനകൈര ളി*യിലിടാം." അതിനു വേണ്ടുന്ന വിവരങ്ങൾക്ക് ജി. എസ്. ഘുര്യേ യുടെ *ഇന്ത്യൻ സാധൂസ്* എന്ന പുസ്തകം നോക്കിയാൽ മതി എന്നും പറഞ്ഞു. മലയാളലേഖനം *വിജ്ഞാനകൈരളി*യിലും ഇംഗ്ലീഷ് ലേഖനം *ജേർണൽ ഓഫ് ഓറിയന്റൽ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടി*ലും പ്രസിദ്ധം ചെയ്തു. പട്ടാമ്പി കോളേ ജിൽ ഒരു സെമിനാറിൽ പ്രബന്ധമവതരിപ്പിക്കാൻ പോയ ഞാൻ അവിടെ വന്ന പ്രൊഫ. എം. പി. ശങ്കുണ്ണിനായരെ പരിചയപ്പെട്ടപ്പോൾ, "സരസ്വതി എന്ന വാക്കിനെപ്പറ്റി എഴുതിയ ആളല്ലേ? എൻ. വി. എന്നോടു നിങ്ങളെപ്പറ്റി പറഞ്ഞിട്ടുണ്ട്" എന്നു പറയുകയുണ്ടായി.

പിന്നീടൊരിക്കൽ എനിക്കു *മൂഷികവംശ*കാവ്യം *മാതൃഭൂമി*യി ൽനിന്നു നിരൂപണത്തിന് അയച്ചുകിട്ടി. വിസ്തരിച്ച് എഴുതിക്കോളൂ എന്നായിരുന്നു എൻ. വി. യുടെ നിർദേശം. ഞാൻ അതിനെപ്പറ്റി ദീർഘ മായ ഒരു ഗവേഷണപ്രബന്ധംതന്നെ എഴുതി ആഴ്ച്ചപ്പതിപ്പിലേക്കയ ച്ചുകൊടുത്തു. അതു പിന്നീട് എന്റെ *അത്യുത്തരകേരളം* എന്ന സമാ ഹാരത്തിൽ ഉൾപ്പെടുത്തുകയുണ്ടായി. ഇംഗ്ലീഷിലാക്കി അത് *സ്റ്റഡീസ് ഇൻ കേരള സാൻസ്ക്രിറ്റ് ലിറ്ററേച്ചർ* (*കാലിക്കറ്റ് യൂനിവേഴ്സിറ്റി സാൻസ്ക്രിറ്റ് സീരീസ്*, 23) എന്ന പുസ്തകത്തിൽ ചേർത്തു.

മറ്റൊരു തവണ പ്രൊഫ. കെ. പി. നാരായണപ്പിഷാരടിയുടെ *തുഞ്ചത്തെഴുത്തച്ഛൻ* എന്ന പുസ്തകമാണ് നിരൂപണം ചെയ്യാൻ തന്ന ത്. പല ഐതിഹ്യങ്ങളും വസ്തുസ്ഥിതി എന്ന മട്ടിൽ അതിൽ എഴു തിപ്പിടിപ്പിച്ചിരുന്നു. അത്തരമൊന്നു ഞാൻ നിരൂപണം ചെയ്യണോ എന്നു സംശയം പ്രകടിപ്പിച്ചപ്പോൾ, എല്ലാം തുറന്നെഴുതിക്കോളൂ എന്ന് എൻ. വി. പ്രോത്സാഹനം തന്നു. ഞാൻ അല്പം പരിഹാസ ച്ഛായ കലർത്തിയാണ് അത്തരം കാര്യങ്ങൾ നിരൂപണത്തിൽ പരാ മർശിച്ചത്. ഒരു തിരുത്തലും വരുത്താതെ *മാതൃഭൂമി*യിൽ അടിച്ചുവ

ന്നു. അതു പലർക്കും ഇഷ്ടപ്പെട്ടില്ല. പ്രത്യേകം ഓർമയിൽ വരുന്നത് ചൊവ്വല്ലൂർ കൃഷ്ണൻകുട്ടിയുടെ ഒരു എഴുത്താണ്. പണ്ഡിതനാണെന്നുവെച്ച് ഷാരടിമാഷെപ്പോലുള്ള ഒരാളെപ്പറ്റി ഇങ്ങനെയൊക്കെ എഴുതാമോ എന്ന ആക്ഷേപമൊക്കെ അതിലുണ്ട്. മാഷാകട്ടെ, ഉണ്ണിത്തിരിക്ക് അല്പം കുസൃതിയൊക്കെയുണ്ട് എന്നോ മറ്റോ അതു നിസ്സാരമായെടുത്തതേയുള്ളൂ. എനിക്ക് അദ്ദേഹത്തോടുള്ള ബഹുമാനത്തിനും അദ്ദേഹത്തിന് എന്നോടുള്ള സ്നേഹവാത്സല്യങ്ങൾക്കും ഒരു പോറലും സംഭവിച്ചില്ല. മാഷ് മരിക്കുന്നതുവരെയുള്ള ഞങ്ങളുടെ സൗഹൃദബന്ധം ഇതു തെളിയിച്ചു.

എന്റെ ഗവേഷകജീവിതത്തെ ഔദ്യോഗികമായ രീതിയിൽ ഫലപ്രദമായി തിരിച്ചുവിട്ട വന്ദ്യഗുരുനാഥനായ ഡോ. എസ്. വെങ്കിടസുബ്രഹ്മണ്യയ്യരെ എൻ. വി. ക്കു മുൻപേ അറിയും. ഞാൻ കേരളസർവകലാശാലയിൽ അദ്ദേഹത്തിന്റെ കീഴിൽ ഗവേഷകവിദ്യാർഥിയായി ചേർന്ന് അധികം താമസിയാതെ സംസ്കൃതവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ "ടെക്നിക്കൽ ലിറ്ററേച്ചർ ഇൻ സാൻസ്ക്രിറ്റ്" (സംസ്കൃതത്തിലെ സാങ്കേതികസാഹിത്യം) എന്ന വിഷയത്തിൽ ഒരു സെമിനാർ സംഘടിപ്പിക്കപ്പെട്ടിരുന്നു. ഗണിതം, വൈദ്യം, കൊത്തുപണി, തച്ചുശാസ്ത്രം, സംഗീതം, നൃത്തം, ചിത്രകല മുതാലായ എല്ലാ സാങ്കേതികവിജ്ഞാനശാഖകളിലുമുള്ള സാഹിത്യത്തിന്റെ ഒരു സാമാന്യരൂപം നൽകുന്നതും ശാസ്ത്രസാങ്കേതികവിദ്യകളിൽ താല്പര്യമുള്ള സംസ്കൃതഭാഷാനഭിജ്ഞർക്കു പ്രയോജനം ചെയ്യുന്നതുമായ അതേ പേരിലുള്ള സമാഹാരഗ്രന്ഥത്തിൽ എൻ. വി. യുടെ സമഗ്രവിഷയസ്പർശിയായ ഒരു ലേഖനം കാണാം. 1985–ൽ ഡോ. വെങ്കിടസുബ്രഹ്മണ്യയ്യർ അന്തരിച്ചപ്പോൾ എന്റെ ആ ഗുരുനാഥനെപ്പറ്റി *മാതൃഭൂമി* ആഴ്ച്ചപ്പതിപ്പിൽ എൻ. വി. പറഞ്ഞതനുസരിച്ച് ഞാൻ ഒരു ലേഖനമെഴുതുകയുണ്ടായി.

ഇങ്ങനെ എത്രയോ എൻ. വി. സ്മരണകൾ മാതൃഭൂമിയുമായി ബന്ധപ്പെട്ട് തേട്ടിത്തേട്ടി വരുന്നു.

★



## 12. സാഹിത്യസമിതിപ്രസിഡണ്ട്

1968–ൽ എൻ. വി. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകഡയരക്ടറായി തിരുവനന്തപുരത്തേക്കു താമസം മാറിയതോടെ, സാഹിത്യസമിതിയുടെ പൂർവപ്രതാപം വീണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ല.

കോഴിക്കോട്ടേക്കു തിരിച്ചുവന്നപ്പോൾ എൻ. വി. യെ വീണ്ടും സാഹിത്യസമിതി പ്രസിഡണ്ടായി തിരഞ്ഞെടുത്തു. മൂന്നു കൊല്ലം ഞാൻ ജനറൽ സിക്രട്ടറിയായി അദ്ദേഹത്തിന്റെ കൂടെ പ്രവർത്തിച്ചു. സമിതിയുടെ പ്രതാപകാലമായ അറുപതുകളിലെ ശില്പശാലകളെ ഒട്ടൊക്കെ ഓർമിപ്പിക്കുന്ന മൂന്നു ശില്പശാലകൾ ആ കാലയളവിൽ സംഘടിപ്പിക്കുകയുണ്ടായി. മാവൂർ, അലനല്ലൂർ, നിലമ്പൂർ എന്നിങ്ങനെ മൂന്നിടങ്ങളിൽ നടന്ന ആ ക്യാമ്പുകൾ സമകാലികസാഹിത്യസംഭാവനകളെപ്പറ്റി സജീവമായ ചർച്ചകൾക്കു വേദിയായി. മാവൂർ ശില്പശാലയുടെ വിജയത്തിനു പിന്നിൽ പി. ഗോവിന്ദൻ, ഏണാങ്കശേഖരൻ, പി. ഐ. ഉണ്ണി മുതലായവരും നിലമ്പൂരിലേതിന് സി. വി. എൻ. നമ്പൂതിരി, ടി. ജെ. നിലമ്പൂർ, വിപിൻ മുതലായവരുമാണ്. അലനല്ലൂർ ശില്പശാല വിജയമാക്കാൻ ശ്രമിച്ചവരിൽ പ്രമുഖർ പി. ഇ. ഡി. നമ്പൂതിരി, എം. പി. രാമചന്ദ്രമേനോൻ, മേലാറ്റൂർ രാധാകൃഷ്ണൻ, കീഴാറ്റൂർ അനിയൻ, പാലക്കീഴ് നാരായണൻ, എം. ഭാസ്കരൻ എന്നിവരാണെന്നോർക്കുന്നു.

കോഴിക്കോട്ടെ ജയിൽ റോഡിലുള്ള റാം മോഹൻ സെന്ററിൽവെച്ച് മിക്കവാറും ഓരോ മാസവും ഓരോന്നെന്ന നിലയിൽ ധാരാളം സെമിനാറുകൾ നടത്തിയതാണ് അന്നു ചെയ്ത പ്രധാനമായൊരു പ്രവർത്തനം. എസ്. കെ. പൊറ്റെക്കാട്, വൈലോപ്പിള്ളി, ഇടശ്ശേരി മുതലായി ജീവിച്ചിരുന്നവരും അല്ലാത്തവരുമായ അനേകം സാഹിത്യപ്രതിഭകളെപ്പറ്റി ചർച്ച ചെയ്യുകയുണ്ടായി. ജീവിച്ചിരിക്കുന്നവരാണെങ്കിൽ ചർച്ചാവിഷയമായ വ്യക്തിയെക്കൂടി ക്ഷണിച്ചുവരുത്തി അദ്ദേഹത്തിനു പറയാനുള്ളതും കേൾക്കുമായിരുന്നു.

ഡോ. കെ. എൻ. എഴുത്തച്ഛൻ അന്തരിക്കുന്നതിനു മുൻപുതന്നെഅദ്ദേഹത്തിന്റെ സംഭാവനകളെപ്പറ്റി സമിതി ഒരു സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. അതിൽ അദ്ദേഹം പങ്കെടുക്കുകയും ഞങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് "എന്റെ സാഹിത്യജീവിതം" എന്ന ആത്മകഥാപരമായ വിലപ്പെട്ടൊരു പ്രബന്ധം അവതരിപ്പിക്കുകയും

ചെയ്തു.

അന്നവിടെ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങൾകൂടി ഉൾപ്പെടുത്തി 1985–ൽ പുരോഗമനകലാസാഹിത്യസംഘം മലപ്പുറം ജില്ലാക്കമ്മിറ്റി *ഡോ. കെ. എൻ. എഴുത്തച്ഛൻ* എന്നൊരു പുസ്തകം പുറത്തിറക്കുകയുണ്ടായി. ഇ. എം. എസ്സാണ് അവതാരികയെഴുതിയത്. എഴുത്തച്ഛന്റെ ജീവചരിത്രക്കുറിപ്പ്, അദ്ദേഹം തന്നെ എഴുതിയതും മുൻപ് സൂചിപ്പിച്ചതുമായ "എന്റെ സാഹിത്യജീവിതം", ചെറുകാടിന്റെ *ജീവിതപ്പാത*യിലെ "നിറകുടം" എന്ന അധ്യായം, 25. 11. 82–ന് എൻ. വി. പട്ടാമ്പി സംസ്കൃതകോളേജിൽ ചെയ്ത കെ. എൻ. എഴുത്തച്ഛൻസ്മാരകപ്രസംഗമായ "കേരളീയസംസ്കൃതമഹാകാവ്യങ്ങളിൽ കേരളോദയത്തിനുള്ള അഭ്യർഹിതമായ സ്ഥാനം", ഡോ. എം. എസ്. മേനോന്റെ "കേരളോദയം", എന്റെ "പഠനഗവേഷണങ്ങൾ", ഡോ. ദേശമംഗലം രാമകൃഷ്ണന്റെ "മലയാളകവിതകൾ" എന്നിവയാണ് പ്രസ്തുതഗ്രന്ഥത്തിന്റെ ഉള്ളടക്കം.

1981 ആഗസ്ത് 14–ന് മഹാകവി വൈലോപ്പിള്ളിയുടെ സപ്തത്യാഘോഷവേളയിൽ മഹാകവി പ്രസിഡണ്ടും എം. എൻ. കുറുപ്പ് സിക്രട്ടറിയുമായി പുരോഗമനകലാസാഹിത്യസംഘം രൂപവൽക്കരിക്കപ്പെട്ടതോടുകൂടി കേരളസാഹിത്യസമിതിയുടെ പ്രസക്തി ഇല്ലാതായി എന്ന് സമിതിയുടെ സജീവാംഗങ്ങളിൽ പലരും വിശ്വസിക്കുകയും അതിൽനിന്നു വിട്ടുനിൽക്കുകയും ചെയ്തതോടെ ഞാൻ പുരോഗമനകലാസാഹിത്യസംഘത്തിൽ സജീവമായി പ്രവർത്തിക്കാൻ തുടങ്ങി. സമിതിയുടെ യോഗങ്ങളിൽ ഞാൻ മിക്കവാറും പങ്കെടുക്കാതായി.

പ്രൊഫ. എം. എസ്. മേനോൻ സർവീസിൽനിന്നു പിരിഞ്ഞതോടെ 1985–ൽ ഞാൻ കോഴിക്കോട് സർവകലാശാലാസംസ്കൃതവകുപ്പധ്യക്ഷനായി ചുമതലയേറ്റു. താമസിയാതെ ചെയ്ത കൃത്യങ്ങളിലൊന്ന് ഡിപ്പാർട്മെന്റ് കൗൺസിൽ കൂടി എൻ. വി. യെ വിസിറ്റിങ് പ്രൊഫസറാക്കുന്നതിന് അധികൃതരോട് അപേക്ഷിക്കാൻ തീരുമാനിക്കുകയാണ്. അതിനു ചില സാങ്കേതികപ്രശ്നങ്ങളുള്ളതുകൊണ്ട് ആ നിലയിൽ പരിഗണിച്ച് തനിക്കു സൗകര്യമുള്ള സമയങ്ങളിൽ വന്ന് എം. എ. വിദ്യാർഥികൾക്കും ഗവേഷകർക്കും ക്ലാസ്സെടുക്കാൻ അഭ്യർഥിച്ചു. ഇതിനെല്ലാം ഉത്തരവിറങ്ങാൻ വിചാരിച്ചതിലധികം താമസം വന്നു.

. അദ്ദേഹത്തിന്റെ ക്ലാസ്സുകളിൽ, മുൻപ് പ്രൊഫ. പി. സി. വാസുദേവനിളയതുമാസ്റ്ററുടെ ക്ലാസ്സുകളിലെന്നപോലെ, ഞങ്ങൾ അധ്യാപകരെല്ലാം ഇരുന്നിരുന്നു. തിരക്കേറിയ എൻ. വി ക്ക് ഞങ്ങൾക്കു വേണ്ടി വളരെയധികം സമയം ചെലവഴിക്കാൻ സാധിക്കാത്ത നിലയായിരുന്നു. എങ്കിലും എൻ. വി. യുടെ സാന്നിധ്യം ആവോളം ആസ്വദിച്ചുവെന്ന സന്തൃപ്തി ഞങ്ങൾക്കുണ്ട്. സംസ്കൃതദിനം, എൻഡോമെന്റ് പ്രഭാഷണങ്ങൾ തുടങ്ങിയവയിലെല്ലാം എൻ. വി. ക്കു സൗകര്യമുള്ളപ്പോഴൊക്കെ പങ്കെടുപ്പിക്കാൻ ഞങ്ങൾ ശ്രമിക്കുകയുണ്ടായി.



ഞാൻ സാംസ്കാരികവകുപ്പിന്റെ ഉപദേശകസമിതിയധ്യക്ഷനായപ്പോൾ, മുൻഭാരവാഹികൾ പ്രസിദ്ധീകരിച്ച,

1. മഹാകവി വള്ളത്തോൾ (ഒന്നാം ഭാഗം) – സി. കെ. മൂസ്സത്
2. ക്രിസ്തുഭാഗവതം – പി. സി. ദേവസ്യ
3. വിഷ്ണുസഹസ്രനാമം – സി. പി. കൃഷ്ണൻ ഇളയത്
4. ദക്ഷിണേന്ത്യൻ സംഗീതം – എ. കെ. രവീന്ദ്രനാഥ്

എന്നിവയും പ്രസിദ്ധീകരിക്കാൻ തയ്യാറാക്കിവെച്ചതുമായവയുൾപ്പെടെ,

5. മുഹമ്മദുനബിയുടെ ജീവിതസന്ദേശം – എം. ഷാഹുൽ ഹമീദ്
6. ആർ. ശങ്കർ – എം. കെ. കുമാരൻ
7. കെ. പി. കേശവമേനോൻ – വി. പാറുക്കുട്ടി അമ്മ

എന്നിവയ്ക്കുപുറമെ,

8. സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ളയുടെ പ്രയോഗദീപികയുടെ സംശോധിതസംസ്കരണം – ഡോ. എൻ. വി. പി. ഉണിത്തിരി
9. ഡോ. ടി. എ. ഗോപിനാഥറാവു എഡിറ്റു ചെയ്ത ട്രാവങ്കൂർ ആർക്കിയോളജിക്കൽ സീരീസ് (വാല്യം 1) എന്ന ഗ്രന്ഥത്തിന്റെ പുനഃപ്രസാധനം
10. സ്വാതി തിരുനാൾ – ശൂരനാട്ട് കുഞ്ഞൻ പിള്ള
11. മാർത്താണ്ഡവർമ – എ. പി. ഇബ്രാഹിം കുഞ്ഞ്
12. പണ്ഡിറ്റ് പി. ഗോപാലൻ നായർ – പി. രാജഗോപാലൻ
13. കേരളത്തിന്റെ ഇന്നലെകൾ – കെ. എൻ. ഗണേശ്
14. അയ്യൻ കാളി – സി. അഭിമന്യു
15. പുന്നശ്ശേരി നമ്പി നീലകണ്ഠശർമ – കെ. പി. നാരായണപ്പിഷാരടി
16. സി. കേശവൻ – ആർ പ്രകാശം
17. ശ്രീശങ്കരാചാര്യർ – കെ. കുഞ്ഞുണ്ണിരാജ
18. പി. എസ്. നടരാജപിള്ള – പി. സുബ്ബയ്യാപിള്ള
19. വൈദ്യരത്നം പി. എസ്. വാരിയർ – സി. എ. വാരിയർ

എന്നീ പുസ്തകങ്ങൾ ഞങ്ങൾ പുറത്തിറക്കി. ഓരോ പുസ്തകത്തിന്റെയും (ചിലപ്പോൾ മൂന്നുനാലു പുസ്തകങ്ങളുടെ) പ്രകാശനച്ചടങ്ങുകൾ വിവിധസ്ഥലങ്ങളിലായി നടത്തി. പാറുക്കുട്ടിയമ്മ രചിച്ച കെ. പി. കേശവമേനോന്റെ ജീവചരിത്രം എൻ. വി. യാണ് പ്രകാശനം ചെയ്തത്. കോഴിക്കോടു ടൗൺഹാളിൽ രണ്ടുമൂന്നുദിവസം നീണ്ടുനിന്ന പുസ്തകപ്രദർശനവും വിവിധസെമിനാറുകളും അതോടൊപ്പമുണ്ടായിരുന്നു. പ്രസ്തുതപരിപാടിയുടെ വിജയത്തിനുവേണ്ടി പ്രവർത്തിച്ചവരിൽ ഉപദേശകസമിതിയംഗം കൂടിയായ എൻ. വി. യുടെ പേര് എടുത്തുപറയേണ്ടതുണ്ട്.

കോഴിക്കോട് സർവകലാശാലാസംസ്കൃതവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നാലാമത് പ്രൊഫ. എം. എസ്. മേനോൻ പ്രഭാഷണം എൻ. വി. ഈ സദസ്സിലാണ് നിർവഹിച്ചത്. “വ്യാകരണപരിഭാഷക”ളായിരുന്നു വിഷയം. ഇതേപ്പറ്റി ഈ പുസ്തകത്തിൽ മറ്റൊരിടത്തു വിവരിച്ചിട്ടുണ്ട്.

ഉപദേശകസമിതിയോഗങ്ങളിൽ പങ്കെടുക്കാത്തതിന്റെ പേരിൽ എൻ. വി. യെപ്പറ്റി പലർക്കുമുണ്ടായിരുന്ന തെറ്റിദ്ധാരണ അതോടെ നീങ്ങുകയും ചെയ്തു. ഈ ലേഖനം വകുപ്പിന്റെ മുഖജിഹ്വയായ *സംസ്കാരകേരള*ത്തിന്റെ ആദ്യലക്കത്തിൽത്തന്നെ പ്രസിദ്ധീകരിച്ചു.

★



## 13. എൻ. വി. ക്കു ഡി. ലിറ്റ്

ശ്രീ. ടി. എൻ. ജയചന്ദ്രൻ കോഴിക്കോടുസർവകലാശാലയിൽ വൈസ് ചാൻസലറായിരുന്ന കാലത്ത് ഒരു ദിവസം വി. സി. യുടെ ഓഫീസ്സിൽനിന്നു മേനോൻമാസ്റ്റർക്ക് ഒരു കുറിപ്പ് കിട്ടി: “സർവകലാശാലയുടെ ആദർശസൂക്തമായ ‘നിർമായ കർമണാ ശ്രീഃ’ എന്നതിന്റെ അർഥമെന്താണ്?”

ഇത് ഉപനിഷത്തുകളിലോ മറ്റേതെങ്കിലും സംസ്കൃതകൃതികളിലോ കണ്ടതായി ഓർമയില്ല. “നിർമായ കർമണാ ശ്രീഃ” എന്നു മൂന്നായി പിരിച്ചാണ് അതുവരെ ഇതെഴുതിയിരുന്നത്. അപ്പോൾ അതിന് ഒരർഥവുമില്ല. നിർമായ – നിർമിച്ചിട്ട്. കർമണാ – കർമം കൊണ്ട്. ശ്രീഃ – ശ്രീ (ഐശ്വര്യം). ഇതിന്നെന്തർഥമാണ്? മേനോൻ മാസ്റ്റർക്ക് ശുണ്ഠി വന്നു.

ഞാൻ എൻ. വി. യെ കണ്ടു. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തി. അദ്ദേഹം പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു: “അതു സംസ്കൃതകൃതികളിലൊന്നുമില്ല. കെ. സി. ചാക്കോ ഉണ്ടാക്കിയതാ. ‘നിർവ്യാജമായ കർമം കൊണ്ടാണ് ഐശ്വര്യം സിദ്ധിക്കുന്നത് എന്ന അർഥത്തിൽ സംസ്കൃതത്തിൽ ഒരു മോട്ടോ ഉണ്ടാക്കണമെന്ന് അദ്ദേഹം ഒരിക്കൽ പറഞ്ഞിരുന്നു.”

എൻ. വി. തുറന്നു പറഞ്ഞില്ലെങ്കിലും അദ്ദേഹമാണോ അതിന്റെ രചയിതാവെന്ന് എനിക്കു സംശയം തോന്നി.

ഏതായാലും, ആ അർഥമാണു വേണ്ടതെങ്കിൽ “നിർമായ കർമണാ ശ്രീഃ” എന്നു രണ്ടായേ പിരിക്കാവൂ. വി. സി. ‘ഇതുവരെ ഇതൊന്നും ആലോചിക്കുകപോലും ചെയ്തില്ലല്ലോ!’ എന്നു വിചാരിക്കുകയാണോ എന്നു തോന്നുമാറ് അല്പനേരം മിണ്ടാതിരുന്നു. ആ സൂക്തം ഇനി മുതൽ ഒദ്യോഗികരേഖകളിൽ രണ്ടായി മാത്രമേ പിരിച്ചെഴുതാവൂ എന്ന് അദ്ദേഹം ബന്ധപ്പെട്ടവർക്കു നിർദേശം കൊടുത്തു എന്നാണറിഞ്ഞത്.

ഞാൻ കോഴിക്കോട്സർവകലാശാലാസംസ്കൃതവകുപ്പിന്റെ അധ്യക്ഷനായപ്പോൾ എൻ. വി. പറഞ്ഞു: “ഇനി ധാരാളം ഗവേഷണഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കണം. മലയാളത്തിൽ ഇപ്പോൾ ചെയ്യുന്നതൊക്കെ നടന്നുകൊള്ളട്ടെ. എന്നാൽ അതുമാത്രം പോരാ.”

അന്ന് എൻ. വി. നൽകിയ നിർദേശം അദ്ദേഹം ജീവിച്ചിരുന്ന

കാലത്ത് വളരെ ചെറിയ തോതിലേ എനിക്കു നടപ്പിലാക്കാൻ സാധിച്ചുള്ളൂ.

ഒരുവിധം എല്ലാ വിഷയങ്ങളെക്കുറിച്ചുമുള്ള സംശയപരിഹാരത്തിന് എൻ. വി. യെ സമീപിക്കാവുന്നതാണ്. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ആയിരക്കണക്കിനാളുകളുടെ അനുഭവമാണിത്. ഒരിക്കൽമാത്രമാണ് എനിക്കു വ്യത്യസ്തമായൊരനുഭവമുണ്ടായത്. അദ്ദേഹത്തിന്റെ വിദ്യാവ്യസനിതയെയും മഹാമനസ്കതയെയും വെളിപ്പെടുത്തുന്നതാകയാൽ ആ സംഭവം ഇവിടെ രേഖപ്പെടുത്തുന്നു.

1983 ജൂൺ–ജൂലായ് മാസക്കാലത്ത് അത്യുത്തരകേരളത്തിൽ ഡോ. അശോക് അക്ലൂജ്കറുടെ നേതൃത്വത്തിൽ ഞാൻ നടത്തിയ താളിയോലഗ്രന്ഥപരിശോധനയിൽ കണ്ടെത്തിയ കൃതികളിലൊന്ന് വാത്സ്യനാരായണൻ രചിച്ചതും *കൃഷ്ണയജുർവേദതൈത്തിരീയസംഹിത*യുടെ പദപാഠനിയമങ്ങൾ വിവരിക്കുന്നതുമായ *പദപ്രദീപിക*യാണ്. പ്രസ്തുതവിജ്ഞാനശാഖയിൽ കിട്ടാവുന്നിടത്തോളം ഗ്രന്ഥങ്ങൾ വായിച്ച് ആ അപൂർവഗ്രന്ഥം എഡിറ്റു ചെയ്യുന്നതിനും അതിനെക്കുറിച്ചുള്ള പഠനം തയ്യാറാക്കുന്നതിനുമുള്ള ശ്രമം നടത്തുന്നതിനുമിടയിൽ ചില സംശയങ്ങൾ തോന്നിയപ്പോൾ ഞാൻ കോഴിക്കോട്ടുള്ള എൻ. വി. യുടെ വസതിയിൽ ചെന്നു. അതുവരെ അദ്ദേഹത്തിൽനിന്നു കേൾക്കേണ്ടിവന്നിട്ടില്ലാത്ത വാക്കുകളാണ് അപ്പോൾ കേട്ടത്: "ഇതേക്കുറിച്ച് സംശയം തീർക്കാനുള്ള അറിവ് എനിക്കില്ലല്ലോ!"

ഞാൻ ആകെ നിരാശനായി. അപ്പോൾ അദ്ദേഹം പറഞ്ഞു: "അതു സാരമില്ല. ഉണിത്തിരിയുടെ സംശയം തീർക്കാൻ പറ്റിയ ഒരാൾ ഇവിടെ കോഴിക്കോട്ടുതന്നെയുണ്ട് – എ. കെ. ടി. കെ.എം. ഗുപ്തൻ നമ്പൂതിരിപ്പാട്, ദേശമംഗലം മനയ്ക്കലെയാ."

തുടർന്ന് "ഇവിടെ ടൗണിൽ അരിക്കച്ചവടക്കാരനായിരുന്നു നമ്പൂതിരിപ്പാട്" എന്നുപറഞ്ഞ് ഉറക്കെ പൊട്ടിച്ചിരിച്ചുകൊണ്ട് ഉത്സാഹത്തോടെ എൻ. വി. പറഞ്ഞു: "പോകാം. നമുക്ക് ഇപ്പോൾത്തന്നെ അങ്ങോട്ടു പോകാം. ഒരു ഓട്ടോ പിടിക്കാം."

വന്ദ്യവയോധികനായ ഗുപ്തൻ നമ്പൂതിരിപ്പാടിന്റെ അടുത്തു ചെന്ന് എന്നെ പരിചയപ്പെടുത്തിയതിനുശേഷം എൻ. വി. പറഞ്ഞു: "നിങ്ങൾതമ്മിൽ യജുർവേദപദപാഠത്തെപ്പറ്റി ചർച്ച ചെയ്യുമ്പോൾ എനിക്കും കേൾക്കാമല്ലോ എന്നു കരുതിയാണ് ഞാനും കൂടെ വന്നത്."

"ഈ പുസ്തകത്തിൽ പറഞ്ഞ ആശയങ്ങൾ *സപ്തലക്ഷണ*ത്തിൽ ത്തിൽ ഉണ്ട്. അതാണ് ഞങ്ങൾ പഠിക്കാറ്" എന്നു പറഞ്ഞുകൊണ്ട് അതിന്റെ ഒരു ഖണ്ഡം അച്ചടിച്ചത് അദ്ദേഹം എനിക്കു തന്നു. പിന്നീട് ആ പുസ്തകത്തിന്റെ അച്ചടി കഴിയുന്നതുവരെ എൻ. വി. അതേപ്പറ്റി അന്വേഷിക്കാറുണ്ടായിരുന്നു.



1986–ലാണെന്നു തോന്നുന്നു, വൈസ് ചാൻസലർ ജയചന്ദ്രൻ എന്നെ വിളിപ്പിച്ച് ചെറുതായി ചിരിച്ചുകൊണ്ടു പറഞ്ഞു: "താങ്കൾക്ക് ഇഷ്ടമാവുമെന്നറിയാം. അതുകൊണ്ടുകൂടി പറയുകയാണ്. നമ്മുടെ സർവകലാശാല എൻ. വി. കൃഷ്ണവാരിയർക്കു ഡി. ലിറ്റ് നൽകാൻ ആലോചിക്കുകയാണ്. ബിരുദദാനസമ്മേളനം ഉടനെ ഉണ്ടാവും."

എനിക്കു സന്തോഷമായി. പലരും അറിയുന്നതിനുമുൻപ് വി. സി. അക്കാര്യം നേരിട്ടറിയിച്ചതിൽ കുറേക്കൂടി സന്തോഷം തോന്നി.

ബിരുദദാനദിവസം *മാതൃഭൂമി*യുടെ മുഖപ്രസംഗപ്പേജിൽ എന്റെ ഒരു ലേഖനം അച്ചടിച്ചുവന്നു: "ഒരു പണ്ഡിതൻ ആദരിക്കപ്പെടുന്നു."

കോഴിക്കോടു സർവകലാശാല എൻ. വി. ക്ക് ഡി. ലിറ്റ് ബിരുദം നൽകി ആദരിക്കുന്ന ചടങ്ങിൽ സർവകലാശാലയിലെയും പരിസരപ്രദേശങ്ങളിലെയും കോഴിക്കോട്ടെയും പ്രമുഖരോടൊപ്പം ഞങ്ങൾ സോത്സാഹം പങ്കെടുത്തു. എൻ. വി. യുടെ മുഖത്ത് പതിവില്ലാത്ത വിധം അസാധാരണമായ ചാരിതാർഥ്യം കാണപ്പെട്ടു. മദ്രാസ് സർവകലാശാല സാങ്കേതികകാരണം പറഞ്ഞ് തനിക്കു നിഷേധിച്ച ഗവേഷണബിരുദം ഏറെ വൈകിയാണെങ്കിലും അത്യുന്നതബഹുമതിയുടെ രൂപത്തിൽ തന്നെ വന്നാശ്ലേഷിച്ചപ്പോൾ എങ്ങനെ ചാരിതാർഥ്യമില്ലാതാവും?

1986 ഡിസമ്പർ 10–12 തിയ്യതികളിൽ ഭാരതീയശാബ്ദബോധസിദ്ധാന്തങ്ങളെക്കുറിച്ച് സർവകലാശാലാസംസ്കൃതവിഭാഗം ആദ്യമായി ഒരു യു. ജി. സി. സെമിനാർ നടത്തി. മീമാംസ, വ്യാകരണം, വേദാന്തം, ന്യായം, സാഹിത്യം എന്നീ ദർശനങ്ങളിലെ ശാബ്ദബോധസിദ്ധാന്തങ്ങളാണ് ചർച്ച ചെയ്യപ്പെട്ടത്. ശ്രീകൃഷ്ണശർമ, കുഞ്ചുണ്ണിരാജ, കലക്കത്ത് ഗോവിന്ദൻ നമ്പ്യാർ, ശ്രീമന്നാരായണമൂർത്തി, ഡി. എൻ. ഷാൻബാഗ്, കെ. എൻ. എൻ. ഇളയത്, കെ. എം. പ്രഭാകരവാരിയർ, എൻ. വീഴിനാഥൻ, എം. എസ്. മേനോൻ തുടങ്ങിയ പണ്ഡിതന്മാർ പ്രബന്ധങ്ങൾ അവതരിപ്പിച്ച പ്രസ്തുതസദസ്സിൽ എൻ. വി. യാണ് മുഖ്യപ്രഭാഷണം നടത്തിയത്.

★

### 14. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ എൻ. വി. യുടെ ഒരു പിൻഗാമി

2000 ഒക്ടോബർ 24 മുതൽ 2001 ജൂൺ 2 വരെ കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയരക്ടരായി ഞാൻ ജോലി നോക്കി. അങ്ങനെ എൻ. വി. ഇരുന്ന കസേരയിൽ ഞാനും ഇരുന്നുവെന്നു പറയാം.

എൻ. വി. സ്ഥാപകഡയരക്ടരായിരുന്ന കാലം മുതൽക്കേ *വിജ്ഞാനകൈരളി*യിൽ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുകവഴി എനിക്ക് ഈ സ്ഥാപനവുമായി ബന്ധമുണ്ട്. എന്റെ *സംസ്കൃതസാഹിത്യവിമർശനം (ഒന്നാം പതിപ്പും പരിഷ്കരിച്ച രണ്ടാം പതിപ്പും), ഭാഷാഭൂഷണത്തിന്റെ ഉപാദാനങ്ങൾ, വക്രോക്തിഃ കാവ്യജീവിതം* എന്നീ മൂന്നു പുസ്തകങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടാണു പ്രസിദ്ധം ചെയ്തത്. അക്കാദമികവിഭാഗത്തിലെ പലരും പരിചിതർ. അതുകൊണ്ടു വൈകാതെതന്നെ കാര്യങ്ങൾ മുന്നോട്ടു നീക്കാൻ നോക്കി. നഷ്ടത്തിലായിരുന്ന *വിജ്ഞാനകൈരളി*യുടെ വില അഞ്ചു രൂപയിൽനിന്നു പത്തായി വർധിപ്പിച്ചു നഷ്ടം കുറയ്ക്കാൻ ശ്രമിച്ചു. പുസ്തകപ്രസിദ്ധീകരണമാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാനജോലിയെങ്കിലും പുസ്തകം എഡിറ്റു ചെയ്യാൻ അപ്പോൾ നാമമാത്രമായേ ഉദ്യോഗസ്ഥരേ ഉണ്ടായിരുന്നുള്ളൂ. സ്ഥിരനിയമനത്തിനു സാങ്കേതികതടസ്സങ്ങളുള്ളതുകൊണ്ട്, വിവിധവിഷയങ്ങളിലായി ആറ് എഡിറ്റോറിയൽ അസിസ്റ്റന്റുമാരെ, വേണ്ടിവന്നാൽ സ്ഥിരപ്പെടുത്താൻ സാധിക്കുമാറ്, എഴുത്തുപരീക്ഷയും പുറമെ നിന്നുള്ള വിദഗ്ധരെ വെച്ച് ഇന്റർവ്യൂവും നടത്തിയതിനുശേഷം മാത്രം നിയമിച്ചു. നാലഞ്ചുമാസംകൊണ്ടു നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി. സംവരണതത്ത്വങ്ങളടക്കം പാലിച്ചുകൊണ്ടായിരുന്നു നിയമനം. ഒരാഴ്ച്ചയ്ക്കുള്ളിൽ അവർക്കുവേണ്ടി ഒരു ത്രിദിനശില്പശാലയും നടത്തി.

നിയമനത്തിനെതിരെ, പ്രതീക്ഷിച്ചതുപോലെ, ഹൈക്കോടതിയിൽ കേസ്സു വന്നു. താൽക്കാലികജീവനക്കാരായതുകൊണ്ട് ഭരണസമിതിക്ക് അവരെ എപ്പോൾ വേണമെങ്കിലും പിരിച്ചുവിടാമെന്നും എന്നാൽ ഇനി എപ്പോഴെങ്കിലും എഡിറ്റോറിയൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നുണ്ടെങ്കിൽ അവർക്കു പ്രഥമപരിഗണനയുണ്ടായിരിക്കണമെന്നും വിധിയുണ്ടായി.

*വിജ്ഞാനകൈരളി*യുടെയും പുസ്തകങ്ങളുടെയും പ്രസിദ്ധീകരണം മുടങ്ങാതെ മുന്നോട്ടു പോയി. *വിജ്ഞാനകൈരളി*യുടെ എൻ. വി. പതിപ്പും ഒ. എൻ. വി. പതിപ്പും മെയ്, ജൂൺമാസങ്ങളിൽ പുറത്തിറക്കി. ഏറെക്കാലമായി നിർത്തിവെച്ചിരുന്ന *വിജ്ഞാനപോഷിണി* എന്ന പേരിൽ സർവകലാശാലകളിൽനിന്നും മറ്റു ഗവേഷണസ്ഥാപനങ്ങളിൽനിന്നും പുറത്തിറങ്ങുന്ന എം. ഫിൽ–പി. എച്ച്. ഡി. തീസിസ്സുകളുടെ സംക്ഷിപ്തരൂപങ്ങളുൾക്കൊള്ളുന്ന അർധവാർഷികപ്രസിദ്ധീകരണം വീണ്ടും തുടങ്ങി. തിരുവനന്തപുരത്തു മാത്രമല്ല, കോട്ടയത്തും എറണാകുളത്തും പാലക്കാട്ടും ഗുരുവായൂരും മലപ്പുറത്തും കോഴിക്കോട്ടും പുസ്തകപ്രകാശനച്ചടങ്ങുകളും പുസ്തകപ്രദർശനവില്പനകളും വലിയ തോതിൽ നടത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീർത്തിയും വരുമാനവും വർധിപ്പിച്ചു. അമർത്ത്യസെന്നിന്റെയും അംബേദ്കറുടെയും കൃതികളുടെ വിവർത്തനങ്ങളും അടൂർ ഗോപാലകൃഷ്ണന്റെയും മങ്കട രവിവർമയുടെയും കരമന ജനാർദനൻ നായരുടെയും ഗ്രന്ഥങ്ങൾ എന്നിങ്ങനെ പതിനഞ്ചോളം കൃതികൾ എന്റെ കാലത്തു പ്രസിദ്ധപ്പെടുത്തി.

അമർത്ത്യ സെൻ, എം. എ. ഉമ്മൻ, രാജൻ ഗുരുക്കൾ, സ്കറിയ സക്കറിയ, അന്നത്തെ സ്പീക്കർ എം. വിജയകുമാർ, മന്ത്രിമാരായ ടി. കെ. രാമകൃഷ്ണൻ, പി. ജെ. ജോസഫ്, കെ. രാധാകൃഷ്ണൻ, എം. ഗംഗാധരക്കുറുപ്പ് (അന്നത്തെ പി. എസ്. സി. ചെയർമാൻ), ഒ. എൻ, വി. കുറുപ്പ്, പി. ഗോവിന്ദപ്പിള്ള, എം. ലീലാവതി, എം. വേണുഗോപാലക്കുറുപ്പ് (അന്നത്തെ ഗുരുവായൂർ ദേവസ്വം ബോർഡ് ചെയർമാൻ), ജി. ബാലമോഹൻ തമ്പി, സിനിമാനടന്മാരായ മധു, ഭരത് ഗോപി, സംഗീതസംവിധായകൻ ജി. ദേവരാജൻ, ചലച്ചിത്രപ്രവർത്തകരായ സണ്ണി ജോസഫ്, ഹരികുമാർ, ശ്യാമപ്രസാദ് മുതലായവർ പുസ്തകപ്രകാശനച്ചടങ്ങുകളിൽ പങ്കെടുത്തു.

വിജ്ഞാനകൈരളിയുടെ വിവിധലക്കങ്ങളിലായി ഞാൻ ചീഫ് എഡിറ്ററെന്ന നിലയിൽ ഇളങ്കുളം കുഞ്ഞൻപിള്ള, ശങ്കരദർശനത്തിന്റെ വൈരുധ്യാത്മകത, മാനവീയം വൈലോപ്പിള്ളി സംസ്കൃതിഭവൻ, പരിസ്ഥിതിബോധം പ്രാചീനഭാരതത്തിൽ, എൻ. വി. യെ ഓർക്കുമ്പോൾ എന്നീ മുഖക്കുറിപ്പുകൾ എഴുതുകയുണ്ടായി.

ഞാൻ ഡയരക്ടറായി ചുമതലയേൽക്കുമ്പോൾ അച്ചടക്കത്തിന്റെ കാര്യത്തിൽ വളരെ മോശമായിരുന്നു ഇൻസ്റ്റിറ്റ്യൂട്ടിന്റെ അവസ്ഥ. രാഷ്ടീയഭേദമെന്യേ ഭൂരിപക്ഷം ജീവനക്കാരും ജോലി ചെയ്യാൻ സന്നദ്ധരും സ്ഥാപനത്തിന്റെ യശസ്സു വർധിപ്പിക്കണമെന്ന ആഗ്രഹ

മുള്ളവരുമാണ്. സ്ഥാപകഡയരക്ടറായ എൻ. വി. യുടെ കാലത്ത് ഇൻസ്റ്റിറ്റ്യൂട്ടിനു നേടാൻ കഴിഞ്ഞിരുന്ന പ്രശസ്തി വീണ്ടെടുക്കണമെന്നും അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകാൻ എനിക്കു കഴിയുമെന്നും അവരിൽ പലരും വിശ്വസിക്കുകയും എന്റെ ഉദ്യമങ്ങളോടു സർവാത്മനാ സഹകരിക്കുകയും ചെയ്തു.

ഇൻസ്റ്റിറ്റ്യൂട്ടിനെതിരെ സ്ഥിരമായി കേസ്സ് കൊടുക്കുകയും നിയമങ്ങളൊന്നും തനിക്കു ബാധകമല്ലെന്നു വിശ്വസിക്കുകയും ചെയ്യുന്ന ഒരു യൂനിയൻ നേതാവിനെ നിലയ്ക്കു നിർത്താൻ ആ യൂനിയനിലെ അനുയായികളുടെതന്നെ രഹസ്യമായ പിന്തുണയോടെ, കോടതിയിൽ നിലവിലുള്ള കേസുകളിൽ മുഴുവൻ ഉടൻ തീർപ്പാക്കുന്നതിനു വേണ്ട നടപടികളെടുക്കാൻ ഇൻസ്റ്റിറ്റ്യൂട്ട് വക്കീലായ പിരപ്പൻകോട് ശ്രീധരൻനായരുമായി ആലോചിച്ച് ഞാൻ നേരിട്ടുതന്നെ കേസ്സിന്റെ കാര്യങ്ങൾ നോക്കാൻ തുടങ്ങി. അതിനു ഫലവുമുണ്ടായി. നിലവിലുണ്ടായിരുന്ന അരഡസനോളം കേസ്സുകളിൽ ഇൻസ്റ്റിറ്റ്യൂട്ടിന്നനുകൂലമായ വിധി വന്നു. ഒരു വിധിന്യായത്തിൽ ഈ ജീവനക്കാരനെ ഇൻസ്റ്റിറ്റ്യൂട്ട് എങ്ങനെ വെച്ചുപൊറുപ്പിക്കുന്നുവെന്ന അർഥത്തിൽ ഒരു പരാമർശം തന്നെയുണ്ട്. ഗുരുതരമായ അച്ചടക്കലംഘനത്തിന്റെ പേരിൽ സസ്പെൻഷനിൽ കഴിയുകയായിരുന്ന അദ്ദേഹത്തെ അന്വേഷണം നടത്തി അതിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരനെന്നു കണ്ടെത്തി പിരിച്ചുവിടുകയും ചെയ്തു.

2001–ലെ പൊതുതിരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യമുന്നണി അധികാരത്തിൽ വന്നതോടെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയരക്ടർ സ്ഥാനത്തുനിന്നു റിലീവ് ചെയ്ത് ഞാൻ വീണ്ടും സംസ്കൃതവിഭാഗാധ്യക്ഷസ്ഥാനത്തേക്കുതന്നെ തിരിച്ചുവന്നു. അതുമുതൽക്ക് അഭൂതപൂർവവും അല്പം സാഹസികവുമായ പ്രസിദ്ധീകരണപ്രവർത്തനങ്ങളിലൂടെ എൻ. വി. ഉദ്ദേശിച്ചത് ഒട്ടൊക്കെ ഞങ്ങൾക്കു നടപ്പിലാക്കാൻ സാധിച്ചു എന്ന് ആശ്വസിക്കാം. അതുകണ്ട് അനുമോദിക്കാൻ അദ്ദേഹം നമ്മുടെ കൂടെയില്ലെന്നതാണ് ദുഃഖകരം.

★

## 15. എൻ. വി. യുടെ സംസ്കൃതഗവേഷണം

എൻ. വി. മരിച്ച് പതിനേഴു വർഷത്തിനുശേഷം പുറത്തിറങ്ങിയ 2006–ലെ സപ്തമ്പർ ലക്കം *ഗ്രന്ഥാലോക*ത്തിൽ എൻ. വി. യെക്കുറിച്ചായിരുന്നു സംഘസംവാദം. "എൻ. വിയും സംസ്കൃതഗവേഷണവും" എന്ന പേരിലായിരുന്നു എന്റെ ലേഖനം. ബഹുഭാഷാപണ്ഡിതൻ, കവി, നാടകകൃത്ത്, നിരൂപകൻ, സഞ്ചാരസാഹിത്യകാരൻ, പത്രാധിപർ, ഭരണാധികാരി എന്നിങ്ങനെ വിവിധനിലകളിൽ പ്രശസ്തനായ എൻ. വി. കൃഷ്ണവാരിയർ എണ്ണപ്പെട്ട ഗവേഷകൻ കൂടിയാണെന്ന ആമുഖത്തോടെയാണ് അതു തുടങ്ങുന്നത്. അദ്ദേഹത്തിന്റെ ഗവേഷണചിന്തകളിൽ വളരെ ചെറിയൊരംശമേ പ്രസിദ്ധീകൃത പുസ്തകങ്ങളിൽ വന്നിട്ടുള്ളൂ. പലേടങ്ങളിലുമുള്ള ഉപന്യാസങ്ങളിലായി ചിന്നിച്ചിതറിക്കിടക്കുകയാണ് ഭൂരിഭാഗവും. പലതും ഇന്നു കിട്ടാനില്ല. ശ്രദ്ധയിൽപ്പെട്ട ഏതാനും പ്രബന്ധങ്ങളെ ആസ്പദമാക്കി സംസ്കൃതഭാഷാ–സാഹിത്യ–ദർശനസംബന്ധിയായ അദ്ദേഹത്തിന്റെ ഗവേഷണപ്രവർത്തനങ്ങളുടെ ഒരവലോകനം നടത്താനാണ് ഇവിടെ ഒരുങ്ങുന്നത് എന്നു പ്രബന്ധം തുടരുന്നു.

**മൂഷികവംശം – ഒരു പഠനം**

*വിജ്ഞാനകൈരളി*യിൽ പ്രസിദ്ധീകരിച്ച ഈ പ്രബന്ധത്തിന്റെ രചനാചരിത്രം മുൻപൊരധ്യായത്തിൽ പറഞ്ഞിട്ടുണ്ട്. ഈ ലേഖനം *എൻ. വി. യുടെ ഗവേഷണപ്രബന്ധങ്ങ*ളിൽ (മാതൃഭൂമി പ്രസിദ്ധീകരണം, 1989) ചേർത്തിട്ടുണ്ട്. ചരിത്രപരമായി വളരെ പ്രാധാന്യമുള്ള ഒരു കേരളീയമഹാകാവ്യമാണ് ക്രി. പി. പതിനൊന്നാം നൂറ്റാണ്ടിൽ ജീവിച്ച അതുലന്റെ *മൂഷികവംശം*. കാശ്മീരിന്റെ ചരിത്രത്തിലേക്കു കുറേയേറെ വെളിച്ചം വീശുന്ന കൽഹണന്റെ *രാജതരംഗിണി* എന്ന സംസ്കൃതചരിത്രമഹാകാവ്യത്തിന് അതർഹിക്കുന്ന വിധത്തിലുള്ള പതിപ്പുകളും പഠനങ്ങളുമുണ്ടായിട്ടുണ്ട്. ചരിത്രപരമായി തുല്യപ്രാധാന്യമുള്ള *മൂഷികവംശ*മാകട്ടെ, 1977 വരെ പ്രസിദ്ധീകരിക്കപ്പെടാതെ കിടക്കുകയായിരുന്നു. തികച്ചും അനാശാസ്യമായ ഈ ദുഃസ്ഥിതിയാണ് 1974–ൽ കൃത്യാന്തരങ്ങൾക്കിടയിലും *മൂഷികവംശം* പഠനത്തിനെടുക്കാൻ എൻ. വി. യെ പ്രേരിപ്പിച്ചത്. രണ്ടായിരത്തോളം ശ്ലോകങ്ങളുള്ള ആ കാവ്യത്തിലെ നാനൂറിൽപരം ശ്ലോകങ്ങൾ മലയാളപരിഭാഷയോടുകൂടി ചേർത്തിട്ടുള്ള ആ പ്രബന്ധത്തെ *മൂഷികവംശ*ത്തിന്റെ ചരിത്രപരമായ പ്രാധാന്യം മുൻനിർത്തിയുള്ള ഒരു

സംശോധിതസംസ്കരണമായിപ്പോലും കരുതാവുന്നതാണ്. ലഭ്യമായ ഹസ്തലിഖിതഗ്രന്ഥങ്ങൾ ഒത്തു നോക്കുക, പാഠഭേദങ്ങൾ രേഖപ്പെടുത്തുക, സാഹിത്യപരമായ വിലയിരുത്തൽ ഒന്നുകൂടി വിപുലപ്പെടുത്തുക – ഇത്രയുമായാൽ മേൽച്ചേർത്ത വാക്യത്തിലെ സന്ദിഗ്ധപദപ്രയോഗംതന്നെ ഒഴിവാക്കാം.

ഈ ലേഖനം ആദ്യം പ്രസിദ്ധീകരിച്ചത് 1974 നവമ്പറിലാണ് – *വിജ്ഞാനകൈരളി*യിൽ. ഇതിൽ ആദ്യഭാഗത്ത് ഇങ്ങനെ എഴുതിയിരുന്നു: "കേരളചരിത്രത്തിലേക്ക് എന്തെങ്കിലും സംഭാവന ചെയ്യുന്ന പ്രാചീനകൃതികൾ തുലോം വിരളങ്ങളാകുന്നു. അതിനാൽ ചരിത്രപരമായ പ്രാധാന്യത്തെ മുൻനിർത്തിയെങ്കിലും *മൂഷികവംശ*ത്തിന്റെ മൂന്നു കൈയെഴുത്തുപ്രതികളും ഒത്തുനോക്കി കഴിവുള്ളിടത്തോളം സമഗ്രമായ ഒരു പതിപ്പ് അച്ചടിച്ചു പുറത്തിറക്കാൻ ഒട്ടും വൈകിച്ചുകൂടാ. ഇനിയും താമസിക്കുന്നപക്ഷം താളിയോലഗ്രന്ഥങ്ങൾ തീരെ നശിക്കുകയും കടലാസ്സുപകർപ്പുകൂടി പൊടിഞ്ഞ് ഉപയോഗിക്കാൻ പറ്റാത്ത നിലയിലെത്തുകയും ചെയ്യും. അതിനാൽ ഉടനെത്തന്നെ ഈ ഗ്രന്ഥത്തിന്റെ പ്രസാധനം ഏറ്റെടുക്കുവാൻ ഹസ്തലിഖിതഗ്രന്ഥശാലാധികൃതരോട് ഞാൻ അഭ്യർഥിക്കുന്നു." (പേജ് 104).

മൂന്നുകൊല്ലം കഴിഞ്ഞാണെങ്കിലും ഈ അഭ്യർഥന ഫലിച്ചു. ഈ പ്രബന്ധത്തിന്റെ ഏറ്റവും വലിയ സാഫല്യവും അതാണ്. പിന്നീടു മാറ്റമൊന്നും വരുത്താതെയാണ് സമാഹാരത്തിൽ ഇതു ചേർക്കപ്പെട്ടത്. അതേപ്പറ്റി എൻ. വി. എഴുതിയതും ഇവിടെ ഉദ്ധരിക്കാം: "അവസാനമായി ചേർത്ത 'മൂഷികവംശം – ഒരു പഠനം' എന്ന പ്രബന്ധം എഴുതുമ്പോൾ ആ കാവ്യം അച്ചടിച്ചു പ്രസിദ്ധീകരിച്ചിരുന്നില്ല. പിന്നീട് ഡോ. കെ. രാഘവൻ പിള്ള അതു പ്രസിദ്ധീകരിക്കുകയുണ്ടായി. ചിറയ്ക്കൽ ടി . ബാലകൃഷ്ണൻ നായർ, ഡോക്ടർ എൻ. വി. പി. ഉണിത്തിരി മുതലായവർ ആ കാവ്യത്തിൽ പേരെടുത്തുപറയുന്ന പല സ്ഥലങ്ങളെയും ആധികാരികമായിത്തന്നെ നിർണയിക്കുകയുണ്ടായി. ഇതെല്ലാം കണക്കിലെടുത്ത് ഈ പ്രബന്ധത്തിന് ഒരു അനുബന്ധം എഴുതിച്ചേർക്കേണ്ടത് ആവശ്യമായിരുന്നു. നിത്യജീവിതത്തിലെ വ്യഗ്രതകൾ നിമിത്തം ആയതു സാധ്യമാവാത്തതിനു വായനക്കാരോടു ഞാൻ മാപ്പു ചോദിക്കുന്നു." (പ്രസ്താവന). ഇതു ശരിയാണെങ്കിലും, ഇപ്പോഴത്തെ നിലയ്ക്കുതന്നെ ആ പ്രബന്ധത്തിന്റെ ചരിത്രപരമായ പ്രാധാന്യവും മൂല്യവും എടുത്തുപറയത്തക്കതാണ്.

ഇതോടനുബന്ധിച്ച് അക്കാലത്തുതന്നെ എഴുതിയ ലേഖനമാണ് "ശ്രീമൂലവാസം ജൈനവിഹാരമോ ബൗദ്ധവിഹാരമോ?" (*വിജ്ഞാനകൈരളി*, ഡിസമ്പർ 1974. പിന്നീട് *എൻ. വി. യുടെ ഗവേഷണപ്രബന്ധങ്ങ*ളിൽ ഉൾപ്പെടുത്തുകയുണ്ടായി.) കേരളചരിത്രത്തിലെ വിവാദവിഷയങ്ങളിലൊന്നായ ശ്രീമൂലവാസത്തെപ്പറ്റി നാളതുവരെ അറിവായിട്ടുള്ള പരാമർശങ്ങളെ മുഴുവൻ എടുത്തുവെച്ചു പരിശോധിച്ച്  അതു ബൗദ്ധവിഹാരമാണെന്ന വിശ്വാസത്തിന്റെ ബലഹീനത ചൂണ്ടിക്കാട്ടുകയും അതൊരു ജൈനവിഹാരമായിരിക്കാനാണു സാധ്യത എന്ന നിഗമനത്തിലെത്തുകയും ചെയ്യുന്ന ശ്രദ്ധേയമായൊരു ഗവേഷണപ്രബന്ധമാണിത്.



**അലങ്കാരശാസ്ത്രം, സാഹിത്യം**

*നാട്യശാസ്ത്ര*ത്തിന്റെ സംക്ഷിപ്തരൂപമാണ് *കേളി*യുടെ ഒരു ലക്കത്തിൽ പ്രസിദ്ധീകരിച്ച "നാട്യശാസ്ത്രം" എന്ന ലേഖനം. ക്രിസ്തുവിനു മുൻപ് ജീവിച്ചിരുന്നതായി കരുതപ്പെടുന്ന ഭരതൻ മുതൽക്ക് പരേതനായ സഹൃദയതിലകൻ കെ. രാമപ്പിഷാരടി വരെ തണ്ടായിരം വർഷങ്ങളിലേറെ നീണ്ടുകിടക്കുന്ന പാരമ്പര്യമുള്ള ഭാരതീയ സാഹിത്യദർശനത്തിന്റെ മർമങ്ങളിൽ തൊട്ടു സംക്ഷേപിക്കുന്ന "പൗരസ്ത്യസാഹിത്യദർശനത്തിന്നൊരവതാരിക" (*പൗരസ്ത്യസാഹിത്യദർശനം*, എഡി. എം. എസ്. മേനോൻ, കറന്റ് ബുക്സ്, 1968. പിന്നീട് *മാതൃഭൂമി* 1986–ൽ പ്രസിദ്ധപ്പെടുത്തിയ *എൻ. വി. യുടെ സാഹിത്യവിമർശന*ത്തിൽ ചേർത്തിട്ടുണ്ട്.) പ്രാചീനഭാരതീയസാഹിത്യമീമാംസയുടെ ഗുണങ്ങളോടൊപ്പം ദോഷങ്ങളെയും ചൂണ്ടിക്കാട്ടാൻ ഉല്പതിഷ്ണുവായ ഗ്രന്ഥകാരൻ മടിക്കുന്നില്ല.  ഈ നിരീക്ഷണങ്ങൾ ശ്രദ്ധിക്കുക: "വിമർശനം  വ്യാഖ്യാനരൂപം കൈക്കൊണ്ടതിന്റെ ഒരു ഫലം സംസ്കൃതവിമർശനത്തിന്റെ മൗലികഘടകം പ്രബന്ധമല്ലാതെ വാക്യമായിത്തീർന്നു എന്നതത്രേ. ... പ്രബന്ധത്തെ മൗലികഘടകമായെടുത്തുകൊണ്ടുള്ള നിരൂപണം സംസ്കൃതസാഹിത്യത്തിലില്ലെന്നുള്ളത് അതിന്റെ ഒരു ന്യൂനതതന്നെയാണ്." (*എൻ. വി. യുടെ സാഹിത്യവിമർശനം*, പേജ് 13) "രസവ്യഞ്ജകത്വത്തിനു നിദാനമായ ഔചിത്യത്തെ ആസ്പദിച്ചു പ്രബന്ധവ്യാപകമായ കവിഭാവനയെപ്പറ്റി ആനന്ദവർധനാചാര്യൻ പ്രസ്താവിക്കുന്നുണ്ടെങ്കിലും, ആ ഭാഗം വികസിപ്പിക്കുന്നതിനോ, പൊതുവെ താൻ പറഞ്ഞ തത്ത്വങ്ങൾ ഏതെങ്കിലുമൊരു കവിയുടെ കൃതിയിൽ സമഗ്രമായി ഘടിപ്പിച്ചുകാണിക്കുന്നതിനോ അദ്ദേഹം തന്നെ ശ്രദ്ധിക്കുകയുണ്ടായില്ല." (പേജ് 13–14)

"ജഗന്നാഥപണ്ഡിതന്റെ സൗന്ദര്യദർശനം" (*എൻ. വി. യുടെ സാഹിത്യവിമർശനം*, പേജ് 56–72) പ്രൗഢമായ ഒരു സാഹിത്യവി

മർശനപ്രബന്ധമാണ്. രസസിദ്ധാന്തത്തെപ്പറ്റി പൊതുവിലും ജഗന്നാഥന്റെ സംഭാവനയെപ്പറ്റി വിശേഷിച്ചും ഉപസംഹരിക്കുന്നത് ഇപ്രകാരമാണ്: "നവ്യന്യായദർശനത്തിൽ പരിശീലനം ലഭിച്ച ജഗന്നാഥന്റെ ചിന്ത മൂർത്തവും രചന സ്ഫടികസ്ഫുടവുമാണ്. അദ്ദേഹം സങ്കല്പങ്ങളെ താർക്കികശൈലി ഉപയോഗിച്ച് അസന്ദിഗ്ധമായി നിർവചിക്കുന്നു. ഇതുനിമിത്തം വിഷയഗ്രഹണം അനായാസമായിത്തീരുന്നു. *രസഗംഗാധരം* നിഷ്കർഷിച്ചു പഠിച്ചാൽ, ഭാരതീയസാഹിത്യശാസ്ത്രത്തിലെ മൗലികസങ്കല്പങ്ങളെപ്പറ്റി വിശദമായ ധാരണ ഉളവാകാതിക്കയില്ല. *രസഗംഗാധര*ത്തിലെ പ്രതിപാദ്യം കാവ്യമാണ്; സൗന്ദര്യദർശനമല്ല. കാവ്യലക്ഷണം, കാവ്യത്തിന്റെ വിഭാഗങ്ങൾ, ധ്വനി, ഗുണീഭൂതവ്യംഗ്യം, അലങ്കാരങ്ങൾ മുതലായവ വിവരിക്കുന്ന കൂട്ടത്തിൽ രസത്തെയും ജഗന്നാഥൻ പ്രതിപാദിച്ചിട്ടുണ്ടെന്നേ ഉള്ളൂ. അഭിനവഗുപ്തന്റേതുപോലുള്ള സർഗശക്തി ജഗന്നാഥന്നില്ല. സർഗാത്മകമെന്നതിനേക്കാളേറെ വിമർശനാത്മകമാണ് ജഗന്നാഥന്റെ പ്രതിഭ. പൂർവികരുടെ മതങ്ങൾ സംഗ്രഹിച്ച്, അവ തമ്മിലുള്ള ഭേദങ്ങൾ സ്പഷ്ടമാക്കുന്നതിലും, അവയിലെ അനുപപത്തികൾ നിർദയം, നിർഭയം, വെളിപ്പെടുത്തുന്നതിലും ജഗന്നാഥനെ അതിശയിക്കുവാൻ സംസ്കൃതത്തിലെ സാഹിത്യശാസ്ത്രകാരന്മാരിൽ ആർക്കും കഴിഞ്ഞിട്ടില്ല. താൻ ചർച്ച ചെയ്ത വിഷയങ്ങൾക്കു വരുത്തിയ പ്രകാശവും വൈശദ്യവുമാണ് സാഹിത്യശാസ്ത്രത്തിന് ജഗന്നാഥപണ്ഡിതരാജന്റെ സംഭാവന. മനനമാണ് അദ്ദേഹത്തിന്റെ ശക്തിദുർഗം." (പേജ് 72)

ഡോ. കെ. കുഞ്ഞുണ്ണിരാജയുമായിച്ചേർന്ന് ജയദേവന്റെ *ചന്ദ്രാലോകം* എന്ന അലങ്കാരശാസ്ത്രത്തിനും ഭാസന്റെ *അഭിഷേകനാടക*ത്തിനും തയ്യാറാക്കിയ വിജ്ഞേയമായ ഇംഗ്ലീഷ് അവതാരികകളോടുകൂടിയ പതിപ്പുകൾ എൻ. വി. യുടെ ഈ രംഗത്തുള്ള സംഭാവനകളാണ്.

കേരളത്തിൽ മാത്രം നിലവിലുള്ള സംസ്കൃതനാടകാഭിനയസമ്പ്രദായമാണ് കൂടിയാട്ടം. ഇതുപോലുള്ള ഒരഭിനയസമ്പ്രദായം ഒരുകാലത്തു തെക്കേ ഇന്ത്യയിൽ സാർവത്രികമായിരുന്നു എന്നും അതിനുമുൻപ് അത് ഉത്തരാപഥത്തിലും നിലവിലുണ്ടായിരുന്നു എന്നും തെളിയിക്കുകയാണ് "മലയാളത്തിൽ നാടകപ്രസ്ഥാനം" (*പരിപ്രേക്ഷ്യം*) എന്ന ലേഖനത്തിലെ ആദ്യത്തെ കുറേ പുറങ്ങളിൽ. കേരളത്തിനു പുറത്തുള്ള സാംസ്കാരികചരിത്രവുമായി ബന്ധപ്പെടുത്തി



പരിശോധിച്ചാൽ മാത്രമേ കൂടിയാട്ടത്തിന്റെ ചരിത്രവും ചടങ്ങുകളുമെല്ലാം മനസ്സിലാക്കാൻ കഴിയൂ എന്ന് ഈ ലേഖനം വായിച്ചാൽ ആർക്കും ബോധ്യമാകാതിരിക്കില്ല.

"രാമായണ ഇൻ കൂടിയാട്ടം കൂത്ത് ആന്റ് പാഠക" (*ആനൽസ് ഓഫ് ഓറിയന്റൽ റിസർച്ച്*, യൂനിവേഴ്സിറ്റി ഓഫ് മദ്രാസ്, സിൽവർ ജൂബിലി വാല്യം, 1975) എന്ന ആംഗലപ്രബന്ധത്തിൽ കൂടിയാട്ടത്തിലും കൂത്തിലും പാഠകത്തിലും രാമായണകഥ എങ്ങനെയെല്ലാം കൈകാര്യം ചെയ്തിരിക്കുന്നു എന്നതിനെപ്പറ്റി സംക്ഷിപ്തമായി അവലോകനം ചെയ്യുകയാണ്.

*രാമായണം, മഹാഭാരതം, ഭാഗവതം* എന്നീ മൂന്നു ക്ലാസ്സിക്ക് കൃതികളെക്കുറിച്ചുള്ള പഠനങ്ങൾ (*എൻ. വി. യുടെ സാഹിത്യവിമർശനം,* പേജ് 241–69) ഒന്നാന്തരം സാഹിത്യഗവേഷണപ്രബന്ധങ്ങളത്രേ.

മണിപ്രവാളത്തിന്റെ ലക്ഷണഗ്രന്ഥമായ *ലീലാതിലക*ത്തിന്റെ വന്ദനശ്ലോകത്തിലെ 'വാചാമൂല'ത്തിന്റെ അർഥത്തെച്ചൊല്ലി ഡോ. കെ. രാഘവൻ പിള്ള മുതലായ പണ്ഡിതന്മാരുമായി എൻ. വി. നടത്തിയ വാദപ്രതിവാദങ്ങൾ ഇവിടെ സ്മരിക്കാവുന്നതാണ്. അതുവരെ പണ്ഡിതലോകം വിശ്വസിച്ചപോലെ 'വാചാമൂലം' സരസ്വതിയോ ശിവനോ അല്ലെന്നും മറിച്ച് പാർവതിയാണ് ആ പ്രയോഗംകൊണ്ടു വിവക്ഷിക്കപ്പെടുന്നത് എന്നുമാണ് എൻ. വി. തെളിയിക്കുന്നത്. ('വാചാമൂലം', *വിജ്ഞാനകൈരളി*, നവമ്പർ 1973) ഈ അഭിപ്രായത്തെ ചോദ്യം ചെയ്തുകൊണ്ട് രാഘവൻ പിള്ള എഴുതിയ നിരൂപണത്തിനു മറുപടിയായി എൻ. വി. എഴുതിയ പ്രത്യാഖ്യാനം ആദ്യലേഖനത്തേക്കാൾ ഉജ്ജ്വലവും പണ്ഡിതോചിതവും വിജ്ഞാനപ്രദവുമാകുന്നു. അദ്ദേഹത്തിന്റെ ബഹുശാസ്ത്രവിഷയകമായ പാണ്ഡിത്യത്തിന്റെ അഗാധതയും യുക്തിവിചാരകുശലതയും അതിൽ തെളിഞ്ഞുകാണാം.

**മീമാംസ, അണുസിദ്ധാന്തം, വ്യാകരണം**

*തിലകം* മാസികയിൽ പ്രസിദ്ധീകരിച്ച "പൂർവമീമാംസാദർശനം" എന്ന പ്രബന്ധം (*എൻ. വി. യുടെ ഗവേഷണപ്രബന്ധങ്ങൾ*) പ്രസ്തുതദർശനത്തിന്റെ ഉല്പത്തിവികാസപരിണാമങ്ങളെ സാമാന്യമായി പരിചയപ്പെടുത്തുന്നു. ആജീവകർ, ജൈനർ, വൈശേഷികർ, ബൗദ്ധർ എന്നിങ്ങനെ നാലുതരം ഭാരതീയദാർശനികരുടെ അണുസിദ്ധാന്തചിന്തകളുടെ സാമാന്യാവലോകനമാണത്.

വ്യാകരണത്തിലാണ് എൻ. വി. യുടെ ഗവേഷണപ്രബന്ധങ്ങൾ താരതമ്യേന കൂടുതലുള്ളത്.

എൻ. വി.ക്കു തൃപ്പൂണിത്തുറ സംസ്കൃതകോളേജിൽ ചേരുമ്പോൾ വേദാന്തം ഐച്ഛികമായെടുത്തു പഠിക്കണമെന്നായിരുന്നു താല്പര്യം. പക്ഷേ, കൊച്ചിരാജ്യമല്ലേ? തിരുവിതാംകൂറിനെയും മലബാറിനെയുമപേക്ഷിച്ച് കൊച്ചിയിലാണ് യാഥാസ്ഥികത്വം കൂടുതലെന്നു കേട്ടിട്ടുണ്ട്. അതുകൊണ്ടാണത്രേ കൃഷ്ണവാരിയർ വ്യാകരണം ഐച്ഛികമായി പഠിച്ചത്. പക്ഷേ, പഠിച്ചുതുടങ്ങിയപ്പോൾ അതിൽ താല്പര്യം കൂടി. 'മുഖം വ്യാകരണം പ്രോക്തം' എന്നു പ്രസിദ്ധമായ, സമസ്തശബ്ദശുദ്ധിക്കും ആധാരമായ, വ്യാകരണം പഠിച്ചതിൽ അഭിമാനം തോന്നുകയും ചെയ്തു. അബ്രാഹ്മണർക്കു വേദാധിഷ്ഠിതമായ വേദാന്തവും മീമാംസയും പഠിക്കാൻ പാടില്ലെന്നായിരുന്നുവത്രേ അലിഖിതനിയമം.

നമുക്കു പ്രകൃതത്തിലേക്കുതന്നെ തിരിച്ചുവരാം. ലകാരാർഥങ്ങളെ (ലട്, ലിട്, ലുങ് മുതലായ ക്രിയാപ്രത്യയങ്ങളുടെ അർഥങ്ങളെ) വിവരിക്കുന്ന പെരുന്താനം നാരായണൻ നമ്പൂതിരിയുടെ *സുഗലാർഥമാല* എന്ന കൃതിക്ക് എൻ. വി. എഴുതിയ ഇംഗ്ലീഷ് അവതാരിക നല്ലൊരു ഗവേഷണപ്രബന്ധമാണ്. ഭർത്തൃഹരിയുടെ *വാക്യപദീയം* എന്ന വ്യാകരണഗ്രന്ഥത്തെപ്പറ്റി സാമാന്യമായ പരിജ്ഞാനം നൽകുന്ന ഒന്നാണ് പ്രസ്തുതഗ്രന്ഥത്തിന് ഡോ. കെ. രാഘവൻപിള്ള തയ്യാറാക്കിയ ഇംഗ്ലീഷ് പരിഭാഷയെ നിരൂപണം ചെയ്തുകണ്ടെഴുതിയ ലേഖനം (*ഗ്രന്ഥാലോകം* 1974 ഏപ്രിൽ ലക്കത്തിൽ പ്രസിദ്ധീകരിച്ച ഇത് *എൻ. വി. യുടെ ഗവേഷണപ്രബന്ധങ്ങ*ളിൽ ചേർത്തിട്ടുണ്ട്) ഐ. സി. ചാക്കോവിന്റെ *പാണിനീയപ്രദ്യോത*മെന്ന *അഷ്ടാധ്യായീ*വ്യാഖ്യാനത്തെപ്പറ്റി 1979–ൽ *ദീപിക* ആഴ്ച്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചതാണ് മറ്റൊന്ന് (ഇത് *എൻ. വി. യുടെ ഗവേഷണപ്രബന്ധങ്ങ*ളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

കൈക്കുളങ്ങര രാമവാരിയരുടെ *പദസംസ്കാരചന്ദ്രിക* (കേരള സാഹിത്യ അക്കാദമി, 1975) യുടെ സുദീർഘമായ അവതാരിക പ്രസ്താവാർഹമായ മറ്റൊരു ഗവേഷണപ്രബന്ധമത്രേ. പ്രസിദ്ധസംസ്കൃതവ്യാകരണഗ്രന്ഥമായ *സിദ്ധാന്തകൗമുദി*യുടെ പൂർവാർധത്തതിന്റെ മലയാളവ്യാഖ്യാനമാണ് *പദസംസ്കാരചന്ദ്രിക*. വേദങ്ങളിൽ ചിതറിക്കിടക്കുന്ന വ്യാകരണചിന്തകളിൽ തുടങ്ങി 'വൈയാകരണരിൽ കനിഷ്ഠികാധിഷ്ഠിതനെന്നു ലോകം മുഴുവൻ



അംഗീകരിച്ചിട്ടുള്ള പാണിനി'യുടെ *അഷ്ടാധ്യായി*യെ അവലംബമാക്കിയുള്ള ബഹുശാഖമായ വ്യാകരണപ്രസ്ഥാനത്തിന്റെയും ചാന്ദ്രം, ജൈനേന്ദ്രം, ശാകടായനം, ഹൈമം, ഭോജരാജീയം, സാരസ്വതം മുതലായ മറ്റു സ്വതന്ത്രവ്യാകരണപ്രസ്ഥാനങ്ങളുടെയും കേരളീയസംസ്കൃതവ്യാകരണപാരമ്പര്യത്തിന്റെയും സംക്ഷിപ്തമെങ്കിലും മർമസ്പർശിയായ നിരൂപണത്തിൽ ചെന്നവസാനിക്കുന്ന സംസ്കൃതവ്യാകരണചരിത്രമാണ് ആ അവതാരികയുടെ കാതലായ ഭാഗം. തുടർന്നുള്ള "മലയാളഭാഷാപാണ്ഡിത്യത്തിന് അനുപേക്ഷണീയമായ സംസ്കൃതവ്യാകരണപരിജ്ഞാനം മലയാളമാധ്യമത്തിലൂടെ നേടാനാഗ്രഹിക്കുന്നവരെ ഉദ്ദേശിച്ചെഴുതിയ" വ്യാകരണഗ്രന്ഥങ്ങളുടെ ലഘുനിരൂപണവും *പദസംസ്കാരചന്ദ്രിക*യുടെ സവിശേഷതകളെക്കുറിച്ചുള്ള ചിന്തകളും വിലപ്പെട്ടവയാണ്. ഈ പഠനീയമായ അവതാരികയിൽ എൻ. വി. സൂചിപ്പിച്ച അച്ചടിത്തെറ്റുകൾ അക്ഷന്തവ്യമാണെന്നു വിസ്തരിച്ചുകൊണ്ട് അക്കാലത്ത് ഞാൻ *ഗ്രന്ഥാലോക*ത്തിൽ "വികൃതമായൊരു പുനഃപ്രസാധനം" എന്ന പേരിൽ ഒരു ലേഖനമെഴുതുകയുണ്ടായി. അതു വായിച്ച സി. പി. ശ്രീധരൻ കേരള സർവകലാശാലാമലയാളവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടന്നൊരു സെമിനാറിൽ പ്രസംഗിക്കവേ, സാന്ദർഭികമായി, എന്നെ ഉദ്ദേശിച്ച് അക്കാദമിയുടെ *പദസംസ്കാരചന്ദ്രികാ* പുനഃപ്രസിദ്ധീകരണത്തെ വിമർശിക്കുന്നവർ തന്നെപ്പോലുള്ള ഭാരവാഹികൾ കേരളത്തിലെ ഏറ്റവും മുതിർന്ന വൈയാകരണന്മാരിൽ ഒരാളെയാണ് പ്രസാധനച്ചുമതലയേല്പിച്ചത് എന്നോർത്താൽ നന്നായിരിക്കുമെന്നു സൂചിപ്പിച്ചതോർക്കുന്നു (പ്രസംഗത്തിനുശേഷം എന്റെ അടുത്തു വന്നിരുന്ന് സ്വകാര്യമായി എൻ. ഡി. കൃഷ്ണനുണ്ണിയാണ് ആ പണ്ഡിതൻ എന്നും പറഞ്ഞു).

അതിരിക്കട്ടെ. നമുക്ക് എൻ. വി. യുടെ സംസ്കൃതഗവേഷണത്തിലേക്കുതന്നെ തിരിച്ചുവരാം.

കോഴിക്കോട് സർവകലാശാലാസംസ്കൃതവിഭാഗത്തിൽ ഡോ. കുഞ്ചുണ്ണിരാജ, ഡോ. ഇ. ആർ. ശ്രീകൃഷ്ണശർമ, ഡോ. വി. എൻ. ഝാ, പ്രൊഫ. കെ. വി. ശർമ എന്നിവരുടെ ഇംഗ്ലീഷിലുള്ള പ്രൊഫ. എം.എസ്. മേനോൻ എൻഡോമെന്റ് പ്രഭാഷണത്തിനുശേഷം ഞങ്ങൾ ക്ഷണിച്ചത് എൻ. വി. യെ ആയിരുന്നു. പ്രഭാഷണം മലയാളത്തിലായാൽ കൊള്ളാമെന്ന് അഭ്യർഥിക്കുകയും ചെയ്തു. "വ്യാകരണപരിഭാഷക"ളെക്കുറിച്ചുള്ള ഒരു പ്രൗഢപ്രബന്ധമാണ് അദ്ദേഹം

അവതരിപ്പിച്ചത്. "സൂത്രങ്ങളെ എങ്ങനെ വ്യാഖ്യാനിക്കണം എന്നതു സംബന്ധിച്ച നിയമങ്ങളാണ് പരിഭാഷകൾ." പരിഭാഷയുടെ അനേക വിധനിർവചനങ്ങൾ, വിവിധവ്യാകരണഗ്രന്ഥങ്ങളിലെ പരിഭാഷാസൂത്രങ്ങളുടെ സാമാന്യവിവരണം, പരിഭാഷകളെക്കുറിച്ചുമാത്രം സംസ്കൃതത്തിൽ ലഭ്യമായ ഗ്രന്ഥങ്ങൾ, 18–ാം നൂറ്റാണ്ടുകാരനായ നാഗേശഭട്ടൻ എന്ന പ്രഗല്ഭനായ വൈയാകരണനെക്കുറിച്ചുള്ള ലഘു വിവരണവും അദ്ദേഹത്തിന്റെ പ്രൗഢമായ *പരിഭാഷേന്ദുശേഖരം* എന്ന ഗ്രന്ഥത്തിന്റെ സവിശേഷതകളെപ്പറ്റിയുള്ള വിചിന്തനവും, വിവിധ പരിഭാഷാഭേദങ്ങളെക്കുറിച്ചുള്ള സാമാന്യാവലോകനം എന്നിവയാണ് "വ്യാകരണപരിഭാഷക"ളിലെ ഉള്ളടക്കം. ഒടുവിലത്തെ ഖണ്ഡികയിൽ പരിഭാഷകളുടെ പ്രയോജനം ഇപ്രകാരം വിവരിക്കുന്നു: "പ്രകൃതിനിയമങ്ങളെപ്പോലെ അപരിവർത്തനീയങ്ങളോ ധാർമികനിയങ്ങളെപ്പോലെ അയവില്ലാത്തതോ അല്ല വ്യാകരണനിയമങ്ങൾ. ചായ്ച്ചും ചരിച്ചും കെട്ടാവുന്ന കുടുമയെപ്പോലെ, വ്യാകരണനിയമങ്ങളെയും ആവശ്യംപോലെ വളച്ചൊടിക്കാം. പ്രമാണികപ്രയോഗങ്ങളിലുള്ള ശബ്ദരൂപങ്ങൾ സൃഷ്ടിക്കുകയാണ് ഈ നിയമങ്ങളുടെ പ്രയോജനം."

സംസ്കൃതപണ്ഡിതന്മാർക്കും ഈ പ്രബന്ധം ഏറെ പ്രയോജനം ചെയ്യുമെന്നു പറയാം.

അക്കാലത്ത് സാംസ്കാരികവകുപ്പ് ഉപദേശകസമിതി ചെയർമാനെന്ന നിലയിൽ വകുപ്പിന്റെ മുഖജിഹ്വയായ *സംസ്കാരകേരള*ത്തിന്റെ എഡിറ്ററായ ഞാൻ ആദ്യലക്കത്തിൽത്തന്നെ (1989 ജനുവരി – മാർച്ച്)ത്തന്നെ എൻ. വി. യുടെ പ്രബന്ധം പ്രസിദ്ധീകരിച്ചു (പിന്നീട് ഇത് അദ്ദേഹത്തിന്റെ *ഓളങ്ങൾ ആഴങ്ങൾ* എന്ന സമാഹാരത്തിൽ ഉൾപ്പെടുത്തി).

"വ്യാകരണദർശന"മെന്ന പേരിൽ സംസ്കൃതവിഭാഗത്തിൽ 1986–87 ൽ ഇത്രതന്നെ പ്രയോജനപ്രദമായ മറ്റൊരു പ്രഭാഷണം എം. എ. വിദ്യാർഥികൾക്കുള്ള ക്ലാസ്സിന്റെ രൂപത്തിൽ എൻ. വി. നടത്തിയതായി ഞാൻ ഓർക്കുന്നു. അതെവിടെയെങ്കിലും ലേഖനരൂപത്തിൽ പ്രസിദ്ധീകരിച്ചിരുന്നുവോ എന്നോർമയില്ല.

മേൽപ്പത്തൂരിന്റെയും കേരളപാണിനിയുടെയും സംസ്കൃത വ്യാകരണത്തിനുള്ള സംഭാവനകളെക്കുറിച്ച് എൻ. വി. നടത്തിയ സംഭാവനകളെക്കുറിച്ചാണ് ഇനി പരാമർശിക്കാനുള്ളത്. "മേല്പത്തൂരിന്റെ വിഭക്തി" (*സമാകലനം*, നവധാര പ്രസിദ്ധീകരണം, തിരുവനന്തപുരം, 1976) എന്നൊരു ലേഖനം അദ്ദേഹം മുൻപുതന്നെ പ്രസിദ്ധീകരിച്ചിരുന്നു. മീമാംസ, വേദം, തർക്കശാസ്ത്രം, വ്യാകരണം എന്നിവയിൽ മേല്പത്തൂർ നാരായണഭട്ടതിരിക്കുണ്ടായിരുന്ന പാണ്ഡിത്യത്തെ ചുരുക്കത്തിൽ വിലയിരുത്തുകയാണ് അതിൽ.



**മേല്പത്തൂരിന്റ വ്യാകരണപ്രതിഭ**

ഗുരുവായൂർ ദേവസ്വത്തിന്റെ ആഭിമുഖ്യത്തിൽ 1984 ഡിസമ്പർ 8–ന് എൻ. വി. ചെയ്ത മേല്പത്തൂർ സ്മാരകപ്രഭാഷണം *മേല്പത്തൂരിന്റെ വ്യാകരണപ്രതിഭ* എന്ന പേരിൽ ദേവസ്വം തന്നെ 1986–ൽ ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.

ഈ കൃതിക്കു മൂന്നു ഭാഗങ്ങളാണുള്ളത്. ഒന്നാം ഭാഗം ഭട്ടതിരിയുടെ ജീവചരിത്രസംഗ്രഹമാണ്. ദേശം, കാലം, മാതാപിതാക്കൾ, ഗുരുക്കന്മാർ, സുഹൃത്തുക്കൾ, ശിഷ്യർ, കൃതികൾ എന്നിവയെപ്പറ്റി കിട്ടാവുന്ന എല്ലാ വിവരങ്ങളും ഇവിടെ സംക്ഷേപിച്ചു നൽകുന്നുണ്ട്. "വേദശാസ്ത്രപുരാണേതിഹാസങ്ങളിൽ അഗാധമായ അവഗാഹം നേടിയ, സതതോദ്യോഗിയായ, പണ്ഡിതസാർവഭൗമനായിട്ടും നാരായണഭട്ടതിരി വിനയത്തിന്റെ അവതാരമായിരുന്നു." എന്നും "സഹജമായ ഫലിതരസികത ഒരിക്കലും നാരായണഭട്ടതിരി കൈവെടിഞ്ഞില്ല" എന്നും "മഹിമ തികഞ്ഞ ബ്രാഹ്മണകുലത്തിൽ പിറന്നിട്ടും അബ്രാഹ്മണരോട് അവജ്ഞ നാരായണഭട്ടതിരിക്ക് ഉണ്ടായിരുന്നില്ല" എന്നുമുള്ള പ്രസ്താവനകൾ പുറപ്പെടുവിക്കുകയും അവ തെളിയിക്കുകയും ചെയ്യുന്ന അവസാനഭാഗം പലർക്കും വിസ്മയം നൽകിയേക്കാം.

ഒന്നാം ഭാഗത്തിന്റെ ഉപസംഹാരവാക്യങ്ങൾ ഉദ്ധരിക്കാം: "നാരായണഭട്ടതിരിയുടെ കൃതികളെ സശ്രദ്ധം അധ്യയനം ചെയ്യുന്ന വിദ്യാർഥിയുടെ മനോനേത്രങ്ങൾക്കു മുൻപിൽ ആ മഹാപ്രഭാവന്റെ അധൃഷ്യവും അഭിഗമ്യവുമായ വ്യക്തിത്വം അനുപമമായ ഉജ്ജ്വലതയോടെ സ്വയം പ്രത്യക്ഷപ്പെടാതിരിക്കുകയില്ലെന്ന് ഇത്രയും പറഞ്ഞതിൽനിന്നു വ്യക്തമായിരിക്കും. സംസ്കൃതഭാഷ നാരായണഭട്ടതിരിക്കു ശ്വാസഗതിപോലെ അനായാസവശഗയാണ്. വട്ടുരുട്ടി കളിക്കുന്ന കുട്ടിപോലെ, പലപ്പോഴും അദ്ദേഹം ആ ഭാഷകൊണ്ട് കളിക്കുന്നു. ആ കളിക്കിടയിൽ തന്നത്താൻ മറന്നുപോവുകയും ചെയ്യുന്നു. നാരായണഭട്ടതിരിയുടെ മിക്ക കൃതികളും കൃതിമൂർധന്യമായ *പ്രക്രിയാസർവസ്വം* പോലും അദ്ഭുതാവഹമായ ശീഘ്രതയോടെ രചിക്കപ്പെട്ടവയാണ്. എന്നിട്ടും ശബ്ദസൗന്ദര്യത്തിനെന്നപോലെ അർഥഗാംഭീര്യത്തിനും അവ നിത്യോദാഹരണങ്ങളാകുന്നു. ഭട്ടതിരിയുടെ ചിന്തയിൽ

അസ്പഷ്ടതയ്ക്കു സ്ഥാനമില്ല. ഭക്തിയുടെ ആർദ്രതയും തത്ത്വചിന്തയുടെ ഗഹനതയും നർമമാധുര്യവും, സർവോപരി അനിർവചനീയമായ ഒരു ആധ്യാത്മികവിശുദ്ധിയും അദ്ദേഹത്തിന്റെ കൃതികളുടെ ശാശ്വതാകർഷണത്തിനടിയിൽ ഭാവുകന്മാർ അനുഭവിച്ച് അറിയാതിരിക്കയില്ല. കേരളീയസാഹിത്യത്തെപ്പറ്റിയുള്ള ചർച്ചകളിൽ ശ്രീമച്ഛങ്കരാചാര്യരുടെ പേരിനുശേഷം അനിവാര്യമായി മേല്പത്തൂർ നാരായണഭട്ടതിരിയുടെ പേര് പരാമർശിക്കപ്പെടുന്നതിൽ അസാധാരണമായി ഒന്നും തന്നെയില്ല." (പേജ് 32)

രണ്ടാം ഭാഗം കേരളത്തിന്റെ സംസ്കൃതവ്യാകരണപാരമ്പര്യത്തെക്കുറിച്ചുള്ള ഒരു ലഘുപഠനമാണ്. "ബ്രാഹ്മണേതരമായ ഒരു പാരമ്പര്യത്തിലാണ് കേരളത്തിലെ സംസ്കൃതപഠനം രൂപപ്പെട്ടത്" (പേജ് 38) എന്ന ഇടയ്ക്കുള്ളൊരു നിരീക്ഷണം ശ്രദ്ധേയമാകുന്നു. "മേല്പത്തൂർ ഭട്ടതിരി *പ്രക്രിയാസർവസ്വം* നിർമിക്കുന്ന കാലത്ത് കേരളത്തിൽ നിലവിലുണ്ടായിരുന്ന സംസ്കൃതവ്യാകരണപാരമ്പര്യത്തിന്റെ ഏകദേശചിത്രം വരച്ചുകാട്ടാനാണ് ഇവിടെ ശ്രമിച്ചിട്ടുള്ളത്. ഭട്ടതിരിയുടെ പരാമർശങ്ങളാണ്, പ്രാധാന്യേന, ഈ ചർച്ചയ്ക്ക് ആധാരം" (പേജ് 48) എന്ന പ്രസ്താവനയിൽനിന്നു ഈ ഭാഗത്തിലെ ഉള്ളടക്കത്തിന്റെ പ്രസക്തിയും സ്വഭാവവും വ്യക്തമാകുമല്ലോ.

മൂന്നാം ഭാഗത്തിലാണ് മേല്പത്തൂരിന്റെ വ്യാകരണപ്രതിഭ വിശദമായ ചർച്ചയ്ക്കു വിധേയമാക്കുന്നത്. പാണിനിയുടെ *അഷ്ടാധ്യായി*യുടെ വിശദവ്യാഖ്യാനമായ *പ്രക്രിയാസർവസ്വ*മാണ് ആദ്യമായി എൻ. വി. പഠനത്തിന്നെടുക്കുന്നത്. ഈ കൃതിയുടെ സവിശേഷതയാണ് പ്രധാനപ്രതിപാദ്യം. സ്വതന്ത്രവ്യാഖ്യാനത്തിനിടയിൽ ധാരാളം ശ്ലോകങ്ങൾ ചേർത്തിട്ടുള്ളത്; ഉദാഹരണങ്ങളുടെ സമൃദ്ധി; പാണിനീയസൂത്രങ്ങളെ വ്യാഖ്യാനിക്കുന്ന സമയത്ത്, സംസ്കൃതഭാഷയ്ക്കു പിൽക്കാലത്തു വന്ന വികാസത്തെ കണക്കിലെടുക്കുന്നത് എന്നീ സവിശേഷതകൾ എടുത്തുപറഞ്ഞ് ധാരാളം ഉദാഹരണങ്ങൾ നൽകുന്നു. *പ്രക്രിയാസർവസ്വ*ത്തിന്റെ പ്രയോജനപ്രദത്വത്തെപ്പറ്റി എൻ. വി. യുടെ വിലയിരുത്തൽ ഇങ്ങനെയാണ്: "സംസ്കൃതവ്യാകരണത്തിൽ ഉപരിപഠനം നടത്താൻ ആഗ്രഹിക്കുന്നവർക്ക് *സിദ്ധാന്തകൗമുദി*യിൽനിന്ന് ആരംഭിക്കുന്ന ഇപ്പോഴത്തെ പഠനക്രമമായിരിക്കും കൂടുതൽ ഉപയുക്തം. കാരണം *പ്രൗഢമനോരമ, ശബ്ദേന്ദുശേഖരം* എന്നീ വാദവ്യാഖ്യാനഗ്രന്ഥങ്ങൾ പഠിക്കും മുൻപ് മൂലഗ്രന്ഥമായ *സിദ്ധാന്തകൗമുദി* പഠിക്കുക അനിവാര്യമാണല്ലോ. അതേസമയം, *സിദ്ധാന്തകൗമുദി* നിഷ്കൃഷ്ടമായി പഠിച്ചുകഴിഞ്ഞവർക്കും ബഹുലക്ഷ്യവ്യുല്പാദകമായ *പ്രക്രിയാസർവസ്വ*ത്തിന്റെ പാരായണം പ്രയോജനകരമാകാതിരിക്കുകയില്ല. *സിദ്ധാന്തകൗമുദി*യിൽ പഠിച്ച വിഷയങ്ങൾക്ക് ഉറപ്പു വരുത്താൻ *പ്രക്രിയാസർവസ്വ*പാരായണം ഉപകരിക്കും. സംസ്കൃതവ്യാകരണശാസ്ത്രത്തിന്റെ പ്രായോഗികപരിജ്ഞാനത്തിൽ മാത്രം താല്പര്യവും വാദഗ്രന്ഥങ്ങളിൽ വൈമുഖ്യവും ഉള്ളവർക്കാകട്ടെ, *പ്രക്രിയാസർവസ്വം* പോലെ പ്രയോജനപ്പെടുന്ന മറ്റൊരു സൂത്രവ്യാഖ്യാനഗ്രന്ഥമില്ല. ഈ വിഷയത്തിൽ *കാശിക*യേക്കാളും *സരസ്വതീകണ്ഠാഭരണ*ത്തേക്കാളും ഒരു പടി മേലെയാണ് *പ്രക്രിയാസർവസ്വ*ത്തിന്റെ സ്ഥിതി. *കാശിക*യിൽ വിഷയക്രമം ദീക്ഷിക്കാത്തതിനാൽ ശബ്ദനിഷ്പാദനം ക്ലേശകരമാണ്. *സരസ്വതീകണ്ഠാഭരണ*കാരൻ പാണിനീയസൂത്രങ്ങളെ കണ്ടാൽ തിരിച്ചറിയാത്തവിധം രൂപാന്തരപ്പെടുത്തുന്നുമുണ്ട്. *പ്രക്രിയാസർവസ്വ*ത്തിൽ ഈ കുഴപ്പങ്ങളൊന്നുമില്ല." (പേജ് 64–65).



മേല്പത്തൂരിന്റെ *ധാതുകാവ്യം* എന്ന വ്യാകരണശാസ്ത്രകാവ്യത്തിന്റെ പഠനമാണ് അടുത്തത്. സംസ്കൃതത്തിലെ ശാസ്ത്രകാവ്യങ്ങളെപ്പറ്റി പൊതുവിലും കേരളത്തിൽ പിറന്നവയെപ്പറ്റി പ്രത്യേകിച്ചും വിവരിച്ചുകൊണ്ടാണ് എൻ. വി. *ധാതുകാവ്യ*പഠനം തുടങ്ങുന്നത്. കാവ്യത്തിന്റെ ഉള്ളടക്കം, പൊതുസ്വരൂപം, വ്യാഖ്യാനങ്ങൾ എന്നിവയെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നു.

അപാണിനീയപ്രയോഗങ്ങളെയും മഹാകവിപ്രയോഗത്തിന്റെ അടിസ്ഥാനത്തിൽ സാധുവായി കണക്കാക്കാമെന്നു യുക്തിയുക്തം തെളിയിക്കുന്ന *അപാണിനീയപ്രമാണസാധനം* എന്ന ലഘുകൃതിയെപ്പറ്റിയുള്ള പഠനമാണ് പിന്നീടു നമുക്കു ലഭിക്കുന്നത്. അവസാനഖണ്ഡത്തിൽ ഭട്ടതിരിയുടെ സാഹിത്യകൃതികളിൽ വെളിപ്പെടുന്ന പാണ്ഡിത്യം പരിശോധിക്കുകയാണ്.

ഉള്ളൂരും വടക്കുങ്കൂറും മറ്റു ചില പണ്ഡിതന്മാരും മേല്പത്തൂരിനെപ്പറ്റി മലയാളത്തിൽ എഴുതിയിട്ടുണ്ടെങ്കിലും അവയെയെല്ലാം അതിശയിക്കുന്നതാണ് എൻ.വി. യുടെ ഈ കൃതിയെന്ന് അവയുടെ താരതമ്യപഠനം വ്യക്തമാക്കും.

**കേരളപാണിനിയുടെ സംഭാവന**

കേരളസർവകലാശാലാഭാഷാശാസ്ത്രവിഭാഗത്തിൽ 1986 ഫെബ്രുവരിയിൽ എൻ. വി. നടത്തിയ പ്രഭാഷണപരമ്പരയാണ് 1989 ഏപ്രിൽ–മെയ് മാസങ്ങളിൽ *മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്* അഞ്ചു ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചതും 1989 –ൽ കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

പുസ്തകരൂപത്തിൽ പുറത്തിറക്കിയതുമായ *സംസ്കൃതവ്യാകരണത്തിനു കേരളപാണിനിയുടെ സംഭാവന.*

"വിജ്ഞാനവ്യാപനത്തിനുള്ള നിഷ്കൃഷ്ടവും അസന്ദിഗ്ധവും പര്യാപ്തവുമായ മാധ്യമം എന്ന നിലയിൽ പരിഷ്കൃതജീവിതവ്യവഹാരത്തിന്റെ എല്ലാ തലങ്ങളിലും ഉപയോഗിക്കുന്നതിനുള്ള അടിസ്ഥാനം നിർമിക്കുക" എന്ന അർഥത്തിൽ മലയാളഭാഷയെ ആധുനികീകരിക്കുന്നതിൽ എ. ആർ. രാജരാജവർമ അനുഷ്ഠിച്ച പഥപ്രദർശകമായ സേവനത്തെക്കുറിച്ച് ഉപന്യസിച്ചുകൊണ്ട് ഗ്രന്ഥം ആരംഭിക്കുന്നു. സംസ്കൃതവ്യാകരണത്തിന്റെ വൈപുല്യവും അഗാധതയും ചുരുങ്ങിയ വാക്യങ്ങളിൽ അവതരിപ്പിച്ചതിനുശേഷം പ്രധാനമായ പ്രാമാണികഗ്രന്ഥങ്ങളെപ്പറ്റി സൂചിപ്പിക്കുന്നു. കേരളത്തിൽ പഴയ രീതിയിൽ അനുവർത്തിച്ചുപോന്ന സംസ്കൃതവ്യാകരണപഠനസമ്പ്രദായത്തിന്റെ മിക്കവാറും സുവ്യക്തമായ ഒരു നഖചിത്രം വരച്ചുകാട്ടുകയാണ് തുടർന്ന് എൻ. വി. ചെയ്യുന്നത്. പതിനാറാം നൂറ്റാണ്ടിൽ മേല്പത്തൂർ ഭട്ടതിരിയുടെ കാലത്തു കേരളത്തിൽ പ്രചാരത്തിലിരുന്ന സംസ്കൃതവ്യാകരണങ്ങളുടെ ഏകദേശരൂപം വ്യക്തമാക്കുകയാണ് പിന്നീട്. അനന്തരം എ. ആറിന്റെ സംസ്കൃതവ്യാകരണപാണ്ഡിത്യത്തെ വിലയിരുത്തിക്കൊണ്ടു ഗ്രന്ഥകാരൻ എഴുതുന്നു: "പഴയ പാരമ്പര്യത്തിലുള്ള ഒരു വ്യാകരണപണ്ഡിതൻ ആയിരുന്നില്ല രാജരാജവർമ. ആധുനികമായ ഇൻഡോ-യൂറോപ്യൻഭാഷകളുടെ താരതമ്യാത്മകവ്യാകരണം അദ്ദേഹത്തിന്റെ വ്യാകരണവീക്ഷണത്തെ യാഥാസ്ഥിതികത്വത്തിന്റെ മരവിച്ച ചട്ടക്കൂടിൽനിന്നു മോചിപ്പിക്കുകയും യുക്തിഭദ്രതയും ശാസ്ത്രീയതയും വൈശദ്യവും വിശാലതയും ആ വീക്ഷണത്തിനു നൽകുകയും ചെയ്തു." (പേജ് 26).

ഗ്രന്ഥത്തിന്റെ അവശിഷ്ടഭാഗം എ. ആർ മലയാളത്തിലും സംസ്കൃതത്തിലും എഴുതിയ രണ്ടു വ്യാകരണകൃതികളായ *മണിദീപിക*യുടെയും *ലഘുപാണിനീയ*ത്തിന്റെയും അനതിദീർഘമായ അവലോകനമാണ്.

മേല്പത്തൂരിന്റെ കാലടികളെ പിന്തുടർന്നുകൊണ്ട് രചിക്കപ്പെട്ടതെന്നു താൻ കരുതുന്ന എ. ആറിന്റെ സംഗ്രഹശ്ലോകങ്ങളെക്കുറിച്ച് എൻ. വി. നടത്തുന്ന നിരീക്ഷണം അവിസ്മരണീയമത്രേ: "വലിയ ഒരു പുസ്തകത്തിൽ വിസ്തരിക്കേണ്ട അനവധി വസ്തുതകൾ ചെറിയ ഒരു ഫ്ളോപ്പി ഡിസ്കിൽ രേഖപ്പെടുത്തിക്കിട്ടുമ്പോൾ ഒരു കമ്പ്യൂട്ടർ ഓപ്പറേറ്റർക്ക് ഉണ്ടാവുന്ന വിസ്മയമിശ്രിതമായ ആഹ്ലാദമാണ് ഈ മാതിരി സംഗ്രഹകാരികകൾ വൈയാകരണന്മാരായ വായനക്കാരിൽ ഉളവാക്കുന്നത്." (പേജ് 48).



"താരതമ്യാത്മകഭാഷാശാസ്ത്രത്തിന്റെ സാങ്കേതികരീതിയും മുഖ്യസിദ്ധാന്തങ്ങളും പാരമ്പര്യസിദ്ധമായ സംസ്കൃതവ്യാകരണത്തിൽ പ്രവേശിപ്പിക്കുക വഴി, വ്യാകരണതല്പരരുടെ പ്രജ്ഞയെ ഉത്തേജിപ്പിക്കുകയും സംസ്കൃതവ്യാകരണപഠനത്തെ ആധുനികീകരിക്കുകയും ചെയ്തുവെന്നതാണ് *ലഘുപാണിനീയ*ത്തിലൂടെ രാജരാജവർമ നിർവഹിച്ച മഹത്തായ സേവനം." (പേജ് 60) എന്നാണ് എൻ. വി. യുടെ സുചിന്തിതമായ വിലയിരുത്തൽ.

**അർഥശാസ്ത്രം**

കെ. വി. എമ്മിന്റെ *അർഥശാസ്ത്രവിവർത്തന*ത്തിന്റെ സാഹിത്യഅക്കാദമി പ്രസിദ്ധീകരണത്തിന്റെ സംശോധകനെന്ന നിലയിൽ എൻ. വി. നിർവഹിച്ച സേവനവും ഇവിടെ ഓർക്കാം. കേരളസർവകലാശാലാഹസ്തലിഖിതഗ്രന്ഥവകുപ്പ് പ്രസിദ്ധം ചെയ്ത *അധ്യാത്മരാമായണം, ചക്രവാകസന്ദേശം* മുതലായ കൃതികളുടെ പ്രസാധനത്തിൽ വന്ന അപാകതകൾ ചൂണ്ടിക്കാട്ടിക്കൊണ്ട് എൻ. വി. എഴുതിയ കടുത്ത വിമർശനങ്ങളിൽനിന്ന് പ്രാചീനഗ്രന്ഥങ്ങൾ പ്രസാധനം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട സംഗതികളെക്കുറിച്ച് അദ്ദേഹത്തിനുള്ള അവഗാഹം എത്രയെന്നു മനസ്സിലാക്കാം. *അർഥശാസ്ത്ര*വിമർശനത്തിന്റെ പ്രസാധനത്തിലൂടെ (അതത്ര പ്രാചീനമല്ലാതിരുന്നിട്ടുപോലും) ഈ തത്ത്വങ്ങൾ പ്രായോഗികമാക്കുകയാണ് അദ്ദേഹം ചെയ്തത്. പ്രസ്തുതവിവർത്തനത്തെ, *ഭാഷാകൗടലീയം*, മാധവയജ്വാവിന്റെ *നയചന്ദ്രിക*, ഡോ. ജോളി പ്രസിദ്ധപ്പെടുത്തിയ മൂലകൃതി മുതലായവയുമായി ഒത്തുനോക്കുകയും പ്രകടമായി കണ്ട തെറ്റുകൾ തിരുത്തുകയും വ്യാഖ്യാതാക്കൾക്ക് എടുത്തുപറയത്തക്ക അഭിപ്രായവ്യത്യാസങ്ങൾ ഉള്ള സ്ഥലങ്ങളിൽ അവ അടിക്കുറിപ്പുകളായി ചേർക്കുകയും ആവശ്യമെന്നു തോന്നുന്നിടത്ത് സാങ്കേതികപദങ്ങൾക്കു വിശദീകരണം കൊടുക്കുകയും അത്യാവശ്യം വേണ്ട ശൈലീപരിഷ്കാരം വരുത്തുകയും ചെയ്തുകൊണ്ടുള്ള ആ സംശോധിതസംസ്കരണം ഏറ്റവും മാതൃകാപരമെന്ന് എടുത്തുപറഞ്ഞേ തീരൂ.

**പ്രചോദനം**

അൻപതുകളിലും അറുപതുകളിലും എൺപതുകളിലും *മാതൃഭൂമി ആഴ്ച്ചപ്പതിപ്പു*കളിലും എഴുപതുകളിൽ *വിജ്ഞാനകൈരളി*മാസികയിലും പ്രത്യക്ഷപ്പെട്ടിട്ടുള്ള കനപ്പെട്ട സംസ്കൃതവിഷയകഗവേ

ഷണപ്രബന്ധങ്ങളിൽ മിക്കതും എൻ. വി. യുടെ നിരന്തരമായ പ്രോത്സാഹനത്തിന്റെ മധുരഫലങ്ങളത്രേ. ഇക്കാര്യത്തിൽ വ്യക്തിപരമായിത്തന്നെ എനിക്ക് അനുഭവമുണ്ട്. എൻ. വി. മരിക്കുന്നതുവരെ ഞാൻ എഴുതിയിട്ടുള്ള സംസ്കൃതസംബന്ധിയായ ഗവേഷണപ്രബന്ധങ്ങളും പുസ്തകങ്ങളും, മിക്കവാറും എല്ലാം തന്നെ, അദ്ദേഹം നോക്കി തിരുത്തിത്തന്നിട്ടുള്ളവയാണ്. അതേക്കുറിച്ചുള്ള അനുഭവങ്ങൾ ആത്മകഥയിൽ (*നടന്നുവന്ന വഴികൾ*, ഒലീവ് പബ്ളിക്കേഷൻസ്, 2005) സവിസ്തരം വിവരിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ ആവർത്തിക്കുന്നില്ല. എൻ. വി. യുടെ ഗവേഷണലേഖനങ്ങൾ സൂക്ഷ്മമായി പഠിക്കുന്നവർക്ക്, അദ്ദഹം തന്നെ പ്രസ്താവിച്ചതുപോലെ, അവ "സമഗ്രപഠനങ്ങ"ളെന്നതിനേക്കാൾ പഠനപ്രചോദനങ്ങളെന്ന നിലയിലാണ് എഴുതപ്പെട്ടിട്ടുള്ളതെന്ന് (*കലോത്സവം*, പേജ് 62) മനസ്സിലാകും. അതിന്റെ കാരണമന്വേഷിച്ച് അധികമൊന്നും പോകേണ്ടതില്ല. ഗവേഷണപഠനങ്ങൾക്കു സർവഥാ അനുകൂലമായ സർവകലാശാലാന്തരീക്ഷത്തിനു പുറത്തുനിന്നുകൊണ്ടാണ് ഈ കൃതികൾ മുഴുവൻ അദ്ദേഹം രചിച്ചിരിക്കുന്നത്. എന്നിട്ടും ഉപരിഗവേഷണം നടത്തുന്നവർക്ക് എൻ. വി. യുടെ ഈ പ്രബന്ധങ്ങളിൽ അവിടവിടെ കാണുന്ന നിരീക്ഷണങ്ങളും നിർദേശങ്ങളും വിലപ്പെട്ട മാർഗദർശികളാണെന്ന് ഒട്ടൊരദ്ഭുതത്തോടെ നാം മനസ്സിലാക്കുന്നു.

പതിമൂന്നു വർഷം എൻ. വി. യുടെ കീഴിൽ ജോലി ചെയ്ത എം. ടി. വാസുദേവൻ നായർ അദ്ദേഹത്തെപ്പറ്റി പറഞ്ഞത് ഉദ്ധരിച്ചുകൊണ്ട് ഞാൻ ഈ ലേഖനം ഉപസംഹരിക്കാം : "വ്യക്തിപരമായി ഞങ്ങൾ വളരെയൊന്നും അടുത്തിടപഴകിയിട്ടില്ല. ഔദ്യോഗികജീവിതത്തിൽ സൗഹൃദത്തിന്റെയും പരസ്പരധാരണയുടെയും അന്തരീക്ഷം എന്നും നിലനിന്നിരുന്നു. ഔദ്യോഗികകൃത്യങ്ങൾക്കിടയിൽ ഞങ്ങൾ ഭിന്നാഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. അതൊരിക്കലും ഒരു കലഹമായില്ല. പിണക്കത്തിലെത്തിയില്ല. എനിക്കായി തിരിച്ചിട്ട പ്രവൃത്തിമേഖലകളിൽ അദ്ദേഹം സ്വാഭിപ്രായങ്ങൾ അടിച്ചേല്പിച്ചിരുന്നില്ല. അധികാരത്തിന്റെ ഔന്നത്യത്തിൽനിന്നുകൊണ്ട് ഒരിക്കലും കല്പനകൾ നൽകിയതുമില്ല." (എൻ. വി. മരിച്ചപ്പോൾ എഴുതിയ ലേഖനത്തിൽനിന്ന്)

★



**16. സംഭവബഹുലമായൊരു ജീവിതം**

1976–ൽ എൻ. വി. യുടെ ഷഷ്ടിപൂർത്തിക്കാലത്ത് അദ്ദേഹവുമായി നടത്തിയ അഭിമുഖത്തിന്റെ പൂർണരൂപം

(ഞെരുവിൽക്കാവിൽ വാരിയത്ത് കൃഷ്ണവാരിയർ തൃശ്ശൂർ ജില്ലയിൽപ്പെട്ട നെരുവിശ്ശേരിയിൽ 1916 മെയ് 13–ാം തീയതി ജനിച്ചു. വല്ലച്ചിറ പ്രൈമറി സ്കൂൾ, പെരുവനം സംസ്കൃതപാഠശാല, തൃപ്പൂണിത്തുറ സംസ്കൃതകോളേജ്, മദിരാശി സർവകലാശാലയിലെ മലയാളവിഭാഗം എന്നീ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസം ചെയ്തു. വ്യാകരണഭൂഷണം, സാഹിത്യശിരോമണി, ബി. ഒ. എൽ; എം. എ; എം. ലിറ്റ്, ജർമൻഭാഷയിൽ സർട്ടിഫിക്കറ്റ്, രാഷ്ട്രഭാഷാവിശാരദ് – ഇത്രയുമാണ് അദ്ദേഹത്തിന്റെ ബിരുദങ്ങൾ. തമിഴ്, കർണാടകം, റഷ്യൻ തുടങ്ങി ഏതാനും ഭാഷകൾകൂടി അറിയാം.

വളരെ വ്യാപകമാണ് എൻ. വി. യുടെ ഔദ്യോഗികജീവിതമണ്ഡലം. തൃപ്പൂണിത്തുറ സംസ്കൃതകോളേജിൽ ട്യൂട്ടറായി ജോലിയിൽ പ്രവേശിച്ചു. പിന്നീട് ശ്രീമൂലനഗരം (ചൊവ്വര) സംസ്കൃതഹൈസ്കൂളിൽ അധ്യാപകനായിരുന്നു. കാലടി സംസ്കൃതഹൈസ്കൂളിൽ കുറച്ചുകാലം പ്രധാനാധ്യാപകന്റെ ജോലി നോക്കി. 1942–ൽ ആഗസ്റ്റ് വിപ്ലവത്തിൽ പങ്കെടുക്കാൻ ആ ജോലി രാജി വെച്ചു. പിന്നീട് കോഴിക്കോട് സെന്റ് ജോസഫ്സ് ഹൈസ്കൂൾ, കൊടകര നാഷണൽ ഹൈസ്കൂൾ എന്നിവിടങ്ങളിൽ സംസ്കൃത–മലയാളാധ്യാപകനായി സേവനമനുഷ്ഠിച്ചു. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ ട്യൂട്ടറായും തൃശ്ശൂർ കേരളവർമ കോളേജിൽ ലക്ചററായും (മലയാളം) ഏതാനും വർഷങ്ങൾ ഉണ്ടായിരുന്നു. ആയിടയ്ക്ക് കൊച്ചി ഗവണ്മെന്റ് പാഠപുസ്തകക്കമ്മറ്റിയുടെ കാര്യദർശിയായി സേവനം നടത്തി. മാതൃഭൂമി, യുഗപ്രഭാത് എന്നീ വാരികകളുടെ പത്രാധിപരായി നീണ്ട കാലം ജോലി നോക്കി. അവിടെനിന്നു രാജി വെച്ചിട്ടാണ് കേരള ഭാഷാ ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ ഡയരക്ടറായത്. ആറു കൊല്ലത്തെ സേവനത്തിനുശേഷം അവിടെനിന്നു പിരിഞ്ഞ് മധുര സർവകലാശാലയിൽ സീനിയർ ഫെല്ലോ ആയി ദ്രാവിഡവൃത്തങ്ങളെക്കുറിച്ച് ഉപരിഗവേഷണം നടത്തി. ഇപ്പോൾ കുങ്കുമം വാരികയുടെ മുഖ്യപത്രാധിപർ.

1942–43 കാലത്ത് ഒളിവിലിരുന്നുകൊണ്ട് 'സ്വതന്ത്രഭാരതം' പത്രം നടത്തി. കേരളത്തിലെ സോഷ്യലിസ്റ്റു ചേരികളുടെ സംയോജനത്തി

നുവേണ്ടി രാപ്പകൽ ഓടിനടന്നു പ്രവർത്തിച്ചിട്ടുണ്ട് അന്നദ്ദേഹം. ആയിടയ്ക്ക് ഈ ഉദ്ദേശ്യം വെച്ച് 'ജനയുഗം' (ഇന്നത്തെ 'ജനയുഗ'മല്ല), 'സ്വതന്ത്രഭാരതം' (ആദ്യത്തേതല്ല) തൊട്ടുള്ള പത്രങ്ങൾ പുറത്തിറക്കുകയുണ്ടായി.

പല സാംസ്കാരികസംഘടനകളുടെയും ഔദ്യോഗികസ്ഥാനം വഹിച്ചിട്ടുണ്ട് എൻ. വി. പല ഔദ്യോഗികക്കമ്മറ്റികളിലും ഇപ്പോഴും സേവനമനുഷ്ഠിച്ചുവരുന്നു. കൊച്ചിൻ ടീച്ചേഴ്സ് അസോസ്യേഷൻ സിക്രട്ടറി, മലബാർ കേന്ദ്രകലാസമിതിയുടെ സിക്രട്ടറി, കേരളസാഹിത്യസമിതിയുടെ സിക്രട്ടറി, സാഹിത്യപ്രവർത്തകസഹകരണസംഘത്തിന്റെ പ്രസിഡണ്ട്, കേരളസാഹിത്യ അക്കാദമി മെമ്പർ, കേന്ദ്ര സാഹിത്യ അക്കാദമിയുടെ മലയാളം ഉപദേശകക്കമ്മറ്റി മെമ്പർ. ജ്ഞാനപീഠസമ്മാനക്കമ്മറ്റിയുടെ മലയാളം ഉപദേശകക്കമ്മറ്റി കൺവീനർ, കേരളശാസ്ത്രസാഹിത്യപരിഷത്തിന്റെ ഖജാൻജി, കേരളാ വർക്കിംഗ് ജേർണലിസ്റ്റ് യൂണിയന്റെ പ്രസിഡണ്ട്, കേരള സർക്കാരിന്റെ സംസ്കൃതക്കമ്മറ്റിയുടെ ചെയർമാൻ എന്നിവ പഴയതും പുതിയതുമായ ആ സ്ഥാനങ്ങളിൽ ചിലതാണ്.

ഇവയ്ക്കു പുറമെ മദിരാശി – തിരുവിതാംകൂർ – കോഴിക്കോട് കേരള സർവകലാശാലകളുടെ അക്കാദമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ്, സെനറ്റ് മുതലായ പല ബോഡികളിലും എൻ. വി. അംഗമായിരുന്നിട്ടുണ്ട്.

തൃപ്പൂണിത്തുറ പണ്ഡിതസദസ്സിൽനിന്നു സാഹിത്യനിപുണ സ്വർണമെഡൽ, പട്ടാമ്പി വിദ്വത്സദസ്സിൽ നിന്നു സാഹിത്യരത്ന സ്വർണമെഡൽ, സോവിയറ്റ് ലാന്റ് നെഹ്റു അവാർഡ്, മദ്രാസ് ഗവണ്മെന്റിന്റെയും കേരളസാഹിത്യ അക്കാദമിയുടെയും സാഹിത്യപ്രവർത്തകസഹകരണസംഘത്തിന്റെയും ഏറ്റവും നല്ല കൃതിക്കുള്ള അവാർഡുകൾ എന്നിവ കൃഷ്ണവാരിയരുടെ പാണ്ഡിത്യത്തിനും സാഹിത്യസേവനത്തിനും ലഭിച്ച ഔദ്യോഗികമായ അംഗീകാരങ്ങളിൽ പെടും. കേരളത്തിൽ ഹിന്ദി പ്രചരിപ്പിക്കുന്നതിനുള്ള സേവനങ്ങളെ മുൻനിർത്തി ദക്ഷിണഭാരതഹിന്ദിപ്രചാരസഭ അദ്ദേഹത്തിനു ബഹുമതി നൽകുകയുണ്ടായി. വാക്യാർത്ഥസദസ്സുകളിൽ പങ്കെടുത്ത് കാഞ്ചി കാമകോടി ശങ്കരാചാര്യരിൽനിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിൽനിന്നും മറ്റും കീർത്തിമുദ്രകൾ കരസ്ഥമാക്കിയതും പ്രസ്താവയോഗ്യമത്രേ. ലണ്ടൻ പ്രസ് ക്ലബ്ബ് ഓണററിമെമ്പർഷിപ്പ് നൽകി അദ്ദേഹത്തിന്റെ പത്രപ്രവർത്തനരംഗത്തെ സേവനങ്ങളെ അംഗീകരിച്ചിട്ടുണ്ട്.



ചാട്ടവാർ, നീണ്ട കവിതകൾ, കുറേക്കൂടി നീണ്ട കവിതകൾ, കൊച്ചുതൊമ്മൻ, വിദ്യാപതി, ഗാന്ധിയും ഗോഡ്സെയും (കവിതാസമാഹാരങ്ങൾ), കലോത്സവം, പരിപ്രേക്ഷ്യം (ലേഖനസമാഹാരങ്ങൾ), അമേരിക്കയിലൂടെ, ഉണരുന്ന ഉത്തരേന്ത്യ (സഞ്ചാരസാഹിത്യകൃതികൾ), ബുദ്ധചരിതം, ചിത്രാംഗദ (ആട്ടക്കഥകൾ), വാസ്കോഡഗാമ, വീരരവിവർമചക്രവർത്തി, അസതി (നാടകങ്ങൾ), നയാഗരാപ്രപാതഃ (സംസ്കൃതകവിത) എന്നിവയ്ക്കു പുറമെ ഹിന്ദി, ജർമൻ, തമിഴ്, ഇംഗ്ലീഷ് എന്നീ ഭാഷകളിൽനിന്നുള്ള ധാരാളം വിവർത്തനങ്ങളും സമാഹരിക്കപ്പെടാതെ പല പത്രമാസികകളിൽ ചിന്നിച്ചിതറിക്കിടക്കുന്ന ഒട്ടേറെ ലേഖനങ്ങളും കവിതകളും എൻ. വി. യുടെ സാഹിത്യസംഭാവനകളാണ്. അർഥശാസ്ത്രമലയാളവിവർത്തനത്തിന്റെ സംശോധിതസംസ്കരണം, ഡോ. കുഞ്ചുണ്ണിരാജാവുമായി ചേർന്നു തയ്യാറാക്കിയ ജയദേവന്റെ ചന്ദ്രാലോകം, ഭാസന്റെ അഭിഷേകനാടകം എന്നിവയുടെ ഇംഗ്ലീഷ് അവതാരികകളോടുകൂടിയ പതിപ്പുകൾഎന്നിവയും എടുത്തു പറയത്തക്കവയാണ്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയരക്ടറായിരിക്കേ ശാസ്ത്രീയ–മാനവികവിഷയങ്ങളിൽ സർവകലാശാലാനിലവാരത്തിലുള്ള നാനൂറോളം ഗ്രന്ഥങ്ങൾ എൻ. വി. യുടെ ജനറൽ എഡിറ്റർഷിപ്പിലാണ് പുറത്തിറക്കിയിട്ടുള്ളത്.

മാതൃഭൂമി ആഴ്ച്ചപ്പതിപ്പിന്റെ പത്രാധിപരെന്ന നിലയിൽ എൻ. വി. യുടെ ശിക്ഷണനിർവിശേഷമായ പ്രോത്സാഹനത്തിന്റെ തണലിൽ വളർന്നവരാണ് കഴിഞ്ഞ കുറേ കൊല്ലങ്ങളായി മലയാളത്തിൽ പ്രശസ്തി നേടിയ എഴുത്തുകാരിൽ ബഹുഭൂരിപക്ഷവും. കൃഷ്ണവാരിയരുടെ അവതാരികയോ ആശീർവാദമോ കൂടാതെ കൃതികൾ പുറത്തിറക്കിയ ഗ്രന്ഥകാരന്മാർ ആ കാലയളവിൽ മലയാളത്തിൽ ഏറെയുണ്ടാവില്ല. അദ്ദേഹം എഡിറ്റു ചെയ്ത ഏതാണ്ടു രണ്ടു പതിറ്റാണ്ടുകാലത്തെ മാതൃഭൂമിവാരികകൾ ഉന്നതനിലവാരത്തിൽ വിവിധവിഷയങ്ങളിലുള്ള സർവകലാശാലാഗവേഷണപ്രബന്ധങ്ങളുടെ കൂട്ടത്തിൽ അഭിമാനപൂർവം സൂക്ഷിച്ചുവെക്കാവുന്നതാണെന്ന് അതിശയോക്തികൂടാതെ പറയാം.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഇന്നത്തെ നിലയിൽ സംഘടിപ്പിച്ചതും സർവകലാശാലാനിലവാരത്തിലുള്ള ആയിരത്തിരുനൂറോളം കൃതികൾ പ്രസിദ്ധീകരിക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കിത്തുടങ്ങിയതും ഉന്നതനിലവാരത്തിൽ ശാസ്ത്രീയ–മാനവികവിഷയ

ങ്ങൾ കൈകാര്യം ചെയ്യുന്ന 'വിജ്ഞാനകൈരളി' എന്ന മാസിക തുടങ്ങിയതും മലയാളത്തിൽ ശാസ്ത്രീയസാങ്കേതികപദാവലികൾ പ്രസിദ്ധപ്പെടുത്തിയതും അത്യന്തം സാങ്കേതികമായ ഗ്രന്ഥങ്ങൾപോലും അടിക്കാൻ പാകത്തിൽ സുസജ്ജമായ ഒരച്ചുകൂടം ഏർപ്പെടുത്തിയതും കേരള–കോഴിക്കോട് സർവകലാശാലകളുമായി യോജിച്ച് കോളേജധ്യാപകർക്കു മാതൃഭാഷാമാധ്യമത്തിലൂടെ അധ്യാപനം നടത്താൻ പരിശീലനം നൽകുന്ന നവീകരണസെമിനാറുകൾ സംഘടിപ്പിച്ചതും മലയാളം ടൈപ്പ്റൈറ്ററിനുള്ള കീബോർഡ് സംവിധാനം ചെയ്തതും മലയാളം ചുരുക്കെഴുത്തിനുള്ള മാതൃകാഗ്രന്ഥം തയ്യാറാക്കാൻ നേതൃത്വം കൊടുത്തതും ഇംഗ്ലീഷിൽനിന്നു മലയാളത്തിലേക്കുള്ള തർജമ വിജയകരമായി നിർവഹിക്കുന്നതിൽ നൂറിലേറെ ഉന്നതബിരുദധാരികൾക്കു പരിശീലനം നൽകിയതും സ്കൂൾ ഓഫ് ഇന്ത്യൻ ലാംഗ്വേജസ് ഏർപ്പെടുത്തിയതും മലയാളം ബുക്ക് കൗൺസിലും ബുക്ക് കോർപ്പറേഷനും സ്ഥാപിക്കാൻ പദ്ധതികൾ തയ്യാറാക്കി സർക്കാരിനു സമർപ്പിച്ചതും മറ്റും എൻ. വി. ഡയരക്ടറായിരിക്കുമ്പോൾ ചെയ്ത വിലപ്പെട്ട സംഭാവനകളാകുന്നു. സർവോപരി, എഴുതാൻ മടിച്ചുനിന്ന എത്രയോ ശാസ്ത്രസാഹിത്യകാരന്മാരെ അരങ്ങത്തവതരിപ്പിച്ചതും എടുത്തുപറയേണ്ടതാണ്. മലയാളഭാഷയുടെ – വിശേഷിച്ച് അതിലെ വിജ്ഞാനശാഖയുടെ – വികാസചരിത്രത്തിൽ ഈ സംഭാവനകൾ തങ്കലിപികളിൽ കുറിക്കപ്പെടുമെന്ന കാര്യത്തിൽ അശേഷം സംശയമില്ല. ഇന്ത്യയ്ക്കകത്തും പുറത്തുമായി പല സ്ഥലങ്ങളിലും കൃഷ്ണവാരിയർ പര്യടനം നടത്തിയിട്ടുണ്ട്. തന്റെ സഞ്ചാരസാഹിത്യകൃതികളിൽ അവയിൽ പലതിന്റെയും അനുഭവങ്ങൾ രേഖപ്പെടുത്തിയിട്ടുമുണ്ട്. പശ്ചിമയൂറോപ്പ്, അമേരിക്കൻ ഐക്യനാടുകൾ, വിദൂരപൗരസ്ത്യരാജ്യങ്ങൾ, സോവിയറ്റു യൂണിയൻ മുതലായവയാണ് അദ്ദേഹം സഞ്ചരിച്ച മഖ്യവിദേശരാജ്യങ്ങൾ. ചെന്നു കണ്ടേടത്തെല്ലാം ചുരുങ്ങിയ സമയത്തിനുള്ളിൽ കാര്യങ്ങൾ കണ്ടറിയാനും അവയുടെ കേന്ദ്രത്തിലേക്കു കടന്നുചെല്ലാനുമുള്ള കഴിവാണ് യാത്രികൻ എന്ന നിലയിൽ എൻ. വി. യെ ശ്രദ്ധേയനാക്കുന്നത്.

1948–ൽ വിവാഹം ചെയ്തു. ശ്രീമതി ലക്ഷ്മിക്കുട്ടിവാരസ്യാരാണ് പത്നി. മൂന്നു പെൺമക്കൾ. ഇപ്പോൾ തിരുവനന്തപുരത്ത് പെരുന്താന്നിയിൽ സുഭാഷ് നഗറിൽ താമസം.

അധികമാരും അറിഞ്ഞിരിക്കാനിടയില്ലാത്ത എൻ. വി. യുടെ ആദ്യകാലജീവിതാനുഭവങ്ങളാണ് ഈ അഭിമുഖസംഭാഷണത്തിന്റെ മുഖ്യവിഷയം.)



ചോദ്യം: എൻ. വി. ആത്മകഥ എഴുതിയിട്ടില്ലല്ലോ. അതിനാൽ ആദ്യകാലാനുഭവങ്ങളിൽ പലതും പലർക്കും അറിഞ്ഞുകൂടാ. ചിലതു പറഞ്ഞുതരാമോ?

ഉത്തരം: എന്താണു വേണ്ടതെന്നുവെച്ചാൽ ചോദിച്ചോളൂ.

ചോദ്യം: പ്രൈമറിവിദ്യാലയത്തിൽ പഠിക്കുമ്പോൾതന്നെ സംസ്കൃതമറിയാമായിരുന്നുവോ? ആരാണ് ആദ്യകാലഗുരുനാഥന്മാർ?

ഉത്തരം: അമരവും മറ്റും കുറച്ചൊക്കെ പഠിച്ചിട്ടുണ്ടെന്നേ ഉള്ളൂ. പെരുവനം സംസ്കൃതം സ്കൂളിൽ ചേർന്നതോടെയാണ് കാര്യമായ പഠനം ആരംഭിച്ചത്. മേലേടത്ത് രാഘവൻ നമ്പ്യാരും കൊറ്റനാട്ട് കേശവനിളയതുമാണ് സംസ്കൃതത്തിൽ ആദ്യകാലഗുരുനാഥന്മാർ. ഇളയത് സുപ്രസിദ്ധതാർക്കികനായ മാന്തിട്ട കുഞ്ചുനമ്പൂരിയുടെ ശിഷ്യനും അസാമാന്യപ്രതിഭാശാലിയുമാണ്. കൊച്ചിരാജ്യത്ത് തർക്കഭൂഷണം ആദ്യമായി പാസ്സായവരിലൊരാളാണ് അദ്ദേഹം.

ചോദ്യം: അക്കാലത്തെ മറ്റു സ്മരണീയ വ്യക്തികൾ ആരൊക്കെയാണ്?

ഉത്തരം: പെരുവനം സ്കൂളിന്റെ എല്ലാമായ കോച്ചാമ്പള്ളി രാമൻ നമ്പ്യാരാണ് സ്മരണീയനായ പ്രധാനവ്യക്തി.

ചോദ്യം: അദ്ദേഹത്തിന്റെ പേർ കേട്ടിട്ടുണ്ടല്ലോ.

ഉത്തരം: കേട്ടിട്ടുണ്ടാകും. മേല്പത്തൂരിന്റെ പ്രബന്ധങ്ങളും ഇടവട്ടിക്കാട്ടു നമ്പൂരിയുടെ രുഗ്മിണീസ്വയംവരം പ്രബന്ധവും – ഇതിന് പരീക്ഷിത്ത് തമ്പുരാന്റെ വ്യാഖ്യാനവുമുണ്ട് – അച്ചടിപ്പിച്ചിട്ടുണ്ട് അദ്ദേഹം. അതിനുമുമ്പ് അദ്ദേഹം മറ്റൊരു സാഹസം ചെയ്തു. കെ. എസ്. കൃഷ്ണയ്യരുടെ ഭാഗവതവിവർത്തനം – ഇതാണ് ആദ്യത്തെ വൃത്താനുവൃത്തവിവർത്തനം – സ്വന്തം ചെലവിൽ അച്ചടിച്ചു പ്രസിദ്ധം ചെയ്തു! അദ്ദേഹം എന്നെക്കൊണ്ട് ഭാരതപ്രബന്ധത്തിന്റെയും മറ്റും പ്രൂഫ് നോക്കിച്ചിരുന്നു. രസകരമായ മറ്റൊന്ന് – എന്നെയും ശങ്കരേട്ടനെയും (വലിയമ്മയുടെ മകൻ) കൊണ്ട് രാമൻ നമ്പ്യാർ പാഠകം പറയിക്കുമായിരുന്നു.

ചോദ്യം: പെരുവനത്തുനിന്നു തൃപ്പൂണിത്തുറയ്ക്കല്ലേ പോയത്? അവിടത്തെ പഠനാനുഭവങ്ങൾ വല്ലതും ഓർമയുണ്ടോ?

ഉത്തരം: അവിടെ വാസ്തവത്തിൽ പഠനം ദിവസം രണ്ടു മണിക്കൂറോളമേ ഉണ്ടാവൂ. ബാക്കിസമയമൊക്കെ 'ചിന്തന'യാണ്. വിദ്യാർഥികൾ തമ്മിൽ ഗ്രൂപ്പ് തിരിഞ്ഞ് പഠിച്ച പാഠങ്ങൾ പറയുന്ന ആ സമ്പ്രദായത്തിന് അതിന്റേതായ ചില ഗുണങ്ങളുണ്ടല്ലോ.

ചോദ്യം: എൻ. വി. വ്യാകരണമാണല്ലോ ഐച്ഛികമായെടുത്തത്. മറ്റെന്തൊക്കെയുണ്ടായിരുന്നു ഐച്ഛികങ്ങൾ?
ഉത്തരം: തർക്കം, വൈദ്യം, ജ്യോതിഷം, വേദാന്തം എന്നിവയെല്ലാം അവിടെ ഉണ്ടായിരുന്നു. പക്ഷേ, വേദാന്തം പഠിക്കാൻ ബ്രാഹ്മണരെ മാത്രമേ അനുവദിക്കുമായിരുന്നുള്ളൂ.
ചോദ്യം: അപ്പോൾ കൊല്ലം തോറും നടക്കുന്ന വാക്യാർഥസദസ്സുകളിൽ വേദാന്തവിഷയങ്ങളുണ്ടാവില്ലേ?
ഉത്തരം: ഉണ്ടാവും. അപ്പോഴും, വേദാന്തത്തിൽ വാക്യാർഥം നടക്കുമ്പോൾ അബ്രാഹ്മണരെല്ലാം സദസ്സിൽനിന്നു പുറത്തു പോയ്ക്കൊള്ളണമെന്നാണ് ചിട്ട. ഈ നിയമത്തിന്റെ കർക്കശതയ്ക്ക് ഒരുദാഹരണംകൂടി കേട്ടോളൂ: എനിക്കെല്ലാ കൊല്ലവും സ്റ്റൈപ്പെന്റു കിട്ടിയിരുന്നു. ക്ലാസ്സിൽ പഠിത്തത്തിൽ ഒന്നാമനും ഞാൻതന്നെയായിരുന്നു. ആദ്യത്തെ കൊല്ലം എട്ടുറുപ്പിക സ്റ്റൈപ്പെന്റായിരുന്നത് അടുത്ത കൊല്ലം കുറച്ചു. കോളേജ് സർക്കാർ ഏറ്റെടുത്തപ്പോൾ എല്ലാ ജാതിക്കാർക്കും പ്രവേശാനുമതി കിട്ടി. അപ്പോൾ വേദാന്തം മുതലായവ കീഴ്ജാതിക്കാർ പഠിച്ചേക്കുമെന്നു ഭയന്ന്, കോളേജിനു കനത്ത തുക സംഭാവന ചെയ്ത തമ്പുരാന്ന് അതു സമ്മതമാവില്ലെന്ന കാരണത്താൽ വ്യാകരണം, തർക്ക, വേദാന്തം എന്നീ ശാസ്ത്രങ്ങളിലെ ഉന്നതപഠനം മറ്റൊരു കെട്ടിടത്തിലേക്കു മാറ്റി. അതു സ്വകാര്യസ്ഥാപനം പോലെ നടത്തി. അപ്പോൾ പണം മതിയാവാതെ വന്നു. അങ്ങനെ സ്റ്റൈപ്പെന്റു കുറഞ്ഞു.
ചോദ്യം: അതിൽ പ്രതിഷേധമൊന്നുമുണ്ടായില്ലേ?
ഉത്തരം: ഉണ്ടായി. പക്ഷേ, ഫലമൊന്നുമുണ്ടായില്ല. പിന്നെ ഒരാശ്വാസം: അന്നു മറ്റു തരത്തിലും വരുമാനം കിട്ടുമായിരുന്നു. വാക്യാർഥം പറഞ്ഞാൽ ആണ്ടിൽ വല്ലതും അഞ്ചോ പത്തോ ഉറുപ്പിക കിട്ടും. പഠിത്തത്തിൽ ഒന്നാമനായാൽ അഞ്ചുറുപ്പികയോ മറ്റോ സമ്മാനമായി കിട്ടും. അതുകൊണ്ട് കഷ്ടിച്ചു കഴിഞ്ഞുകൂടാൻ വിഷമമുണ്ടായില്ല.
ചോദ്യം: അപ്പോൾ, വിദ്യാർഥികളും വാക്യാർഥസദസ്സുകളിൽ പങ്കെടുക്കുമോ? ആട്ടെ. എന്താണന്നത്തെ വാക്യാർഥസദസ്സുകളുടെ മട്ട്? ആരൊക്കെ പങ്കെടുക്കും? വിശിഷ്ടപണ്ഡിതന്മാർ വല്ലവരെയും ഓർമിക്കുന്നുണ്ടോ?
ഉത്തരം: കൊല്ലം തോറും വാക്യാർഥസദസ്സു നടക്കും. പന്ത്രണ്ടോ പതിനഞ്ചോ ദിവസമോ ചിലപ്പോൾ ഒരു മാസം തന്നെയോ അതു നീണ്ടുനിൽക്കും. കേരളത്തിന്നകത്തുനിന്നും പുറത്തുനിന്നുമായി ധാരാളം പണ്ഡിതന്മാർ സംബന്ധിക്കും – വിവിധശാസ്ത്രങ്ങളിൽ



പാണ്ഡിത്യം സമ്പാദിച്ചവർ. സംസ്കൃതം സൂപ്രണ്ടും മഹാവൈയാകരണനുമായിരുന്ന ആർ. വി. കൃഷ്ണമാചാര്യർ, 'ഉദ്യാനപത്രികാ' പത്രാധിപരും സുപ്രസിദ്ധമീമാംസകനുമായിരുന്ന ഡി. ടി. താത്താചാര്യ മുതലായ മറുനാടൻ പണ്ഡിതന്മാർ വന്ന് ഉഗ്രൻ പ്രഭാഷണങ്ങൾ നടത്തിയതായോർമയുണ്ട്. അനന്തനാരായണശാസ്ത്രിയും മറ്റും ഊർജസ്വലതയോടെ സദസ്സിൽ പങ്കെടുത്തതോർമിക്കുന്നു. എല്ലാവരും വെറും നിലത്ത് ചമ്രം പടിഞ്ഞിരിക്കുകയാണു ചെയ്യുക. സർവസമ്മതനായ അധ്യക്ഷനായി പരീക്ഷിത്തു തമ്പുരാൻ. അദ്ദേഹം മാത്രം പുൽപ്പായിൽ ഒരു തലയണമേൽ ചാരി ഒരു വിശറിയും കൈയിൽ പിടിച്ചുകൊണ്ടിരിക്കും. എല്ലാം കഴിയുന്നതുവരെ – തുടർച്ചയായി അഞ്ചോ ആറോ മണിക്കൂർ – തമ്പുരാനും സജീവപങ്കാളിത്തം വഹിക്കും. വാദപ്രതിവാദങ്ങളിൽ തർക്കത്തിൽ അന്തിമമായ അഭിപ്രായം മാന്തിട്ടയുടേതും വ്യാകരണത്തിൽ ചേന്നമങ്ങലം അയ്യാശാസ്ത്രികളുടേതുമായിരുന്നു.

ആദ്യത്തെ കുറച്ചു ദിവസം വിദ്യാർഥികളാവും വാക്യാർഥം പറയുക. ഞാനും പല തവണ പങ്കെടുത്തിട്ടുണ്ട്. വലിയ അഭിമാനം തോന്നിയ ഒരു രംഗം ഇപ്പോഴും ഓർക്കുന്നു: വാഴ്ച്ചയൊഴിഞ്ഞ തമ്പുരാൻ (രാജർഷി) ഒരിക്കൽ എറണാകുളത്തു കൃഷ്ണവിലാസം കോവിലകത്തു വാക്യാർഥം പറയാൻ ഞങ്ങളെയെല്ലാം വിളിപ്പിച്ചു. ഏറ്റവും ചെറിയ കുട്ടിയായ ഞാനാണ് വാക്യാർഥം പറഞ്ഞത്. "അർഥവദധാതുരപ്രത്യയഃ പ്രാതിപദികം" എന്ന സൂത്രമാണ് വിഷയമെന്നു തോന്നുന്നു. വാക്യാർഥം കഴിഞ്ഞപ്പോൾ തമ്പുരാൻ "വളരെ നന്നായി" എന്നു പറഞ്ഞ് തന്റെ കഴുത്തിൽനിന്നു പൂമാലയൂരി സമ്മാനമായി തന്നു.
ചോദ്യം: ആരാണ് വ്യാകരണത്തിൽ മുഖ്യഗുരുനാഥൻ?
ഉത്തരം: എം. ബി. ശങ്കരനാരായണശാസ്ത്രികൾ. നാലു വർഷവും അദ്ദേഹം തന്നെയാണു പഠിപ്പിച്ചത്. പുസ്തകമില്ലാതെയാണു പഠിപ്പിക്കുക. എല്ലാം കാണാപ്പാഠമാണ്. ധർമശാസ്ത്രാദികളിലും നല്ല പണ്ഡിതനായിരുന്നു അദ്ദേഹം. നേരിയ മുണ്ട് പാളസ്സാറായി ഉടുത്ത് നേരിയ പാവുമുണ്ട് തോളിലിട്ട് ക്ലാസ്സിലേക്കു കടന്നുവരുന്നതു കണ്ടാൽ ആർക്കും ഭയബഹുമാനങ്ങൾ തോന്നും. പ്രിൻസിപ്പലിനുപോലും അദ്ദേഹത്തെ ഭയമായിരുന്നു.
ചോദ്യം: സാഹിത്യശിരോമണി പാസ്സായതു പ്രൈവറ്റായി പഠിച്ചിട്ടാണല്ലോ. അതിനുവേണ്ട വിഷയങ്ങൾ ആരിൽനിന്നാണു പഠിച്ചത്?
ഉത്തരം: അതു കേവലം യാദൃച്ഛികമാണ്. പണ്ഡിതരാജൻ കെ. രാമപ്പിഷാരടിക്ക് എന്നെ വലിയ ഇഷ്ടമായിരുന്നു. അദ്ദേഹം എന്നെ വിളി

ച്ചുകൊണ്ടുപോയി പഠിപ്പിക്കുകയാണു ചെയ്തത്. തർക്കത്തിലും അലങ്കാരശാസ്ത്രത്തിലും ഒരുപോലെ പണ്ഡിതനായിരുന്നു അദ്ദേഹം. കാവ്യപ്രകാശം, ധ്വന്യാലോകം, ചിത്രമീമാംസ തുടങ്ങിയ അലങ്കാരശാസ്ത്രഗ്രന്ഥങ്ങളെല്ലാം അദ്ദേഹമാണു പഠിപ്പിച്ചത്. ഇവയിൽ പലതിനും അദ്ദേഹം വ്യാഖ്യാനമോ ലഘുടിപ്പണിയോ രചിച്ചിരുന്നു. അതൊക്കെ ഒന്നു ടെസ്റ്റു ചെയ്തു നോക്കുകയാണ് എന്നെ പഠിപ്പിച്ചതിന്റെ ഒരുദ്ദേശ്യമെന്നു തോന്നുന്നു. പിഷാരടിയുടെ ലോചനവ്യാഖ്യാനവും അലങ്കാരചന്ദ്രിക(കുവലയാനന്ദവ്യാഖ്യ)യുടെ വ്യാഖ്യാനവുമെല്ലാം എന്നെക്കൊണ്ട് പകർത്തിയെഴുതിച്ചതോർമയുണ്ട്. ധ്വന്യാലോകലോചനത്തിന്റെ നഷ്ടഭാഗങ്ങൾ ആദ്യമായി കണ്ടെടുത്തു പ്രകാശിപ്പിച്ചത് അദ്ദേഹമായിരുന്നു. പിഷാരടിമാസ്റ്റർക്ക് എന്നോടു വളരെ പ്രിയമായിരുന്നുവെന്നു പറഞ്ഞുവല്ലോ. തന്റെ അവസാനകാലത്തു രോഗിയായി ചികിത്സയ്ക്കു മദ്രാസിൽ ഡോ. കെ. എൻ. പിഷാരടിയുടെ അടുക്കൽ വന്നു കുറച്ചുകാലം താമസിച്ചിരുന്നു അദ്ദേഹം. അന്നു മദ്രാസിൽ റിസർച്ച് ചെയ്യുകയായിരുന്ന എന്നെ വിളിപ്പിച്ചു തന്റെ ശുശ്രൂഷാഭാരം എന്നെ ഏൽപ്പിക്കുകയാണു മാസ്റ്റർ ചെയ്തത്. അധികം താമസിയാതെ അദ്ദേഹം മരിച്ചുപോയി. അന്നു ഞാൻ *ഹിന്ദു*വിൽ ഒരു ചരമലേഖനം എഴുതിയിരുന്നു.

ചോദ്യം: തൃപ്പൂണിത്തുറയിലെ ആ ജീവിതം വലിയൊരു നേട്ടമായി തോന്നുന്നില്ലേ?

ഉത്തരം: വാസ്തവത്തിൽ ഞാൻ ആ അന്തരീക്ഷം ശരിക്കുപയോഗിച്ചുവെന്നു പറഞ്ഞുകൂടാ. വെറുതേ കാതോർത്തു കിടന്നാൽതന്നെ അനായാസമായി പല ശാസ്ത്രങ്ങളിലും പ്രവീണനാവാമായിരുന്നു. അവിടെവെച്ച് അനുജൻ ശങ്കരൻകുട്ടി വായിക്കുന്നതു കേട്ടിട്ടാണ് ഞാൻ അഷ്ടാംഗഹൃദയം മുഴുവൻ പഠിച്ചത്. അങ്ങനെ പലതും കരസ്ഥമാക്കാമായിരുന്നു.

ചോദ്യം: എന്താണങ്ങനെയൊരു ഉത്സാഹക്കുറവു വരാൻ?

ഉത്തരം: 'നാറോ സ്പെഷ്യലൈസേഷൻ'തന്നെ മുഖ്യകാരണം. തർക്കം പഠിക്കുന്നവൻ അതു മാത്രം. വ്യാകരണം പഠിക്കുന്നവൻ മറ്റൊന്നും പഠിക്കേണ്ടതില്ല. ഇതായിരുന്നു മട്ട്. ഗ്രന്ഥങ്ങൾ പംക്തിയന്വയിച്ചു പഠിക്കുക എന്നല്ലാതെ ഗവേഷണപരമോ ചരിത്രപരമോ ആയ ഒരു പരിപ്രേക്ഷ്യം ഉണ്ടായിരുന്നില്ല. ഒട്ടൊക്കെ മടുപ്പു തോന്നാൻ മറ്റെന്തു വേണം? ഇതിന്നെല്ലാം പുറമെ, അന്നു ഹിന്ദി പഠിക്കുന്നതിലും മറ്റുമായിരുന്നു എനിക്കു താല്പര്യം.

ചോദ്യം: അതെന്താ?



ഉത്തരം: ദേശീയപ്രസ്ഥാനത്തിന്റെ കാറ്റ് അവിടെയും പതുക്കെ വീശിത്തുടങ്ങിയിരുന്നു. രാഷ്ട്രീയപ്രബുദ്ധത നേടി കോഴിക്കോട്ടുനിന്ന് അവിടെ ഞങ്ങളുടെ ജൂണിയറായി സംസ്കൃതം പഠിക്കാൻ വന്ന താ. വി. പരമേശ്വരയ്യരാണ് ആ അന്തരീക്ഷം സൃഷ്ടിച്ചത്. അദ്ദേഹം ഞങ്ങളെ ഹിന്ദി പഠിപ്പിച്ചു. ഡി. എൽ. റോയിയുടെയും പ്രേം ചന്ദിന്റെയും കാക്കാ കാലേൽക്കറുടെയും നാടകങ്ങളും കഥകളും ലേഖനങ്ങളും ഗാന്ധിയുടെ ആത്മകഥയും മറ്റും പഠിച്ചുതുടങ്ങിയതോടെ ഒരു പുതിയ ലോകം തുറന്നുകിട്ടിയപോലെ തോന്നി. ഖദറുടുത്തു തുടങ്ങിയതും അക്കാലത്താണ്. അതൊക്കെ അന്നു വലിയ വിപ്ലവമായിരുന്നു.

ചോദ്യം: ഇതിലൊന്നും അധ്യാപകന്മാർക്കു വിരോധമുണ്ടായിരുന്നില്ലേ?

ഉത്തരം: സംശയമുണ്ടോ? ഷർട്ടിട്ടു ക്ലാസ്സിൽ പോവുക എന്നതുപോലും ഒരുതരം സമരമായിരുന്നു അന്ന്. ഒരിക്കൽ ഗുരുനാഥന്റെ 'അപേക്ഷ'യനുസരിച്ച്, തുടരെ മൂന്നുനാലു ദിവസം ഞങ്ങൾ നടത്തിപ്പോന്ന 'ഷർട്ടിടൽ സമരം' പിൻവലിക്കുകയുണ്ടായി.

ചോദ്യം: അന്നത്തെ സംസ്കൃതകോളേജ് വിദ്യാർഥിസമരത്തിൽ ആരൊക്കെയാണു നേതാക്കൾ? അതിൽ എൻ. വി. യുടെ സ്ഥാനമെന്താണ്?

ഉത്തരം: ഞാൻ അതിലൊക്കെ പിൻനിരക്കാരനായിരുന്നു. ഒന്നാമത് ജൂണിയർ വിദ്യാർഥി. രണ്ടാമത് നന്നേ ചെറിയ കുട്ടി. പി. സി. വാസുദേവനിളയത് (തർക്കം), എൻ. ഡി. കൃഷ്ണനുണ്ണി (വ്യാകരണം) എന്നിവരൊക്കെയാണ് ഗാന്ധിയൻ ആദർശം ആചരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തവരിൽ അന്നു പ്രമുഖന്മാർ. ക്ഷേത്രപ്രവേശനജാഥയ്ക്ക് ഞങ്ങൾ സ്വീകരണം നൽകിയത് ഓർക്കുന്നു. ഞാനും അതിൽ പങ്കെടുത്തിട്ടുണ്ട്.

മറ്റൊരു 'വിപ്ലവ'മായി അന്നു കണക്കാക്കപ്പെട്ടിരുന്നത് ഔദ്യോഗികമല്ലാതെയും അന്നു ഞങ്ങൾ നടത്തിയ 'കേരളഭാഷാപോഷിണി'യാണ്. പ്രസംഗപരിശീലനം, സമസ്യാപൂരണം, മലയാളം ഗ്രന്ഥാലയമുണ്ടാക്കൽ മുതലായവയാണവിടെ നടന്നത്. സ്വന്തം 'സംസ്കൃതക്കള്ളറ'കളിലൊതുങ്ങിക്കഴിയുന്ന പതിവിന്നു വിപരീതമായിരുന്നു ഇതെല്ലാം.

ചോദ്യം: ഏതാണ്ടക്കാലത്ത് ഒരു പണ്ഡിതസംഘം മഹാത്മാ വായനശാലയിൽവെച്ച് ചങ്ങമ്പുഴ കവിതയെഴുത്തു തുടരുന്നതിൽ പ്രതിഷേ

ധിച്ച് പ്രമേയം പാസ്സാക്കിയതായി കവിതന്നെ രേഖപ്പെടുത്തിയിട്ടുണ്ട ല്ലോ. ('സ്പന്ദിക്കുന്ന അസ്ഥിമാട'ത്തിൽ ആ കവിത ചേർത്തിട്ടുണ്ട്) ആ പ്രതിഷേധയോഗത്തിൽ എൻ. വി. യും പങ്കെടുത്തതായി കേട്ടി ട്ടുണ്ട്. എന്താണതിന്റെ വസ്തുസ്ഥിതി?
ഉത്തരം: കറണ്ട് ഇവന്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്താറുള്ള യോഗങ്ങളിലൊന്നിലാണ് ആ പ്രമേയം വന്നത്. അവതരിപ്പിച്ചത് പി. ആർ. ബാലകൃഷ്ണനായിരുന്നു. സഞ്ജയന്റെ വിമർശനങ്ങളാണ് അതിന്റെ പശ്ചാത്തലം. യോഗത്തിൽ ഞാനും പങ്കെടുത്തിരുന്നു. പക്ഷേ, മുൻകൈയൊന്നും എടുത്തിരുന്നില്ല. എന്താണന്നു ചർച്ചയിൽ ഞാൻ പറഞ്ഞതെന്നു കൃത്യമായോർക്കുന്നില്ല. സഞ്ജയന്റെ ഇടതു പക്ഷത്തിന്നെതിരായ അഭിപ്രായങ്ങളോടെനിക്കു യോജിപ്പുണ്ടായിരു ന്നില്ല. അതേ സമയം, ജീവിതം ഉയർത്തുന്നതിനുള്ള ഉത്തേജനം സാഹിത്യത്തിൽനിന്നു ലഭിക്കണം എന്ന അദ്ദേഹത്തിന്റെ അഭിപ്രായം എനിക്കു സമ്മതമായിരുന്നുതാനും. ചങ്ങമ്പുഴയുടെ വിഷാദാത്മകത്വം നിറഞ്ഞ പരാജയവാദം എന്റെ ജീവിതദർശനത്തോടു ചേർന്നുപോ കുന്നതല്ല.
ചോദ്യം: എൻ. വി. ഇംഗ്ലീഷ് പഠിച്ചതെപ്പോഴാണ്?
ഉത്തരം: ആയിടയ്ക്കുതന്നെ. അന്നതിൽ എനിക്കത്ര ഇഷ്ടമൊന്നും ഉണ്ടായിരുന്നില്ല. ഞങ്ങളുടെകൂടെ ഹിന്ദി പഠിക്കാൻ വന്ന, സംസ്കൃ തകോളേജിനു പുറത്തുള്ളവരിലൊരാളായ കൃഷ്ണയ്യർ എന്ന കോളേജ് വിദ്യാർഥിയാണ് എന്നെ നിർബന്ധിച്ച് ഇംഗ്ലീഷ് പഠിപ്പിച്ചത്. ഇന്റർമീഡിയറ്റിനു വെച്ചിരുന്ന പല പുസ്തകങ്ങളും അന്ന് അദ്ദേഹ ത്തിന്റെ ജ്യേഷ്ഠൻ ഗണപതി അയ്യർ എന്നെ പഠിപ്പിച്ചു. കൃഷ്ണയ്യർ ഉന്നതപഠനത്തിന് ബനാറസ്സിലേക്കു പോകാൻ എന്നെ നിർബന്ധിച്ച താണ്. ഞാൻ പോയില്ല.
ചോദ്യം: ഇങ്ങനെ അതുമിതും പഠിക്കുന്നത് സംസ്കൃതപരീക്ഷയെ ബാധിച്ചിരുന്നില്ലേ?
ഉത്തരം: ഏയ്, അതൊന്നുമില്ല. 'വിത്ത് ഡിസ്റ്റിങ്ക്ഷൻ ഇൻ ആൾ പാർട്സ്' എന്ന ബഹുമതിയോടെയാണ് ഞാൻ വ്യാകരണഭൂഷണം പാസ്സായത്. പരീക്ഷകരിലൊരാളായിരുന്ന അനന്തനാരായണശാസ്ത്രി കൾ, എന്റെ ഉത്തരക്കടലാസ്സിൽ ഒരക്ഷരത്തെറ്റുപോലും വന്നിരുന്നി ല്ലെന്നു പറയുകയുണ്ടായിട്ടുണ്ട്.
ചോദ്യം: അന്നു കവിതയെഴുതുമായിരുന്നുവോ? വല്ലതും അക്കാലത്തു പ്രസിദ്ധീകരിച്ചിരുന്നുവോ?
ഉത്തരം: അതുമുണ്ടായിരുന്നു, 'പോഷിണി'യാണു കളരി. പതിനേഴോ

പതിനെട്ടോ വയസ്സുള്ളപ്പോഴാണ്, 'രാവണവധത്തിലെ വിഭീഷണൻ' എന്ന കവിതയ്ക്ക് ഒന്നാം സമ്മാനം കിട്ടി. അതു *മാതൃഭൂമി*ക്കയച്ചു കൊടുത്തു. ഒന്നാം പേജിൽതന്നെ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. സുഹാസിനി, സുമധുരഭാഷിണി എന്നൊക്കെ ഭാരതത്തെപ്പറ്റി പറയാ മെന്നല്ലാതെ അതൊന്നും ഫലത്തിൽ ഇല്ലെന്നു വിവരിച്ചുകൊണ്ട് 'സുഹാസിനീം സുമധുരഭാഷിണീം' എന്ന ലേഖനവും 'ഗുരുവും ശിഷ്യനും', 'നാസ്തികൻ' തുടങ്ങിയ കഥാ–ലേഖനങ്ങളും അന്നു *മാതൃഭൂമി*യിൽതന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
ചോദ്യം: വ്യാകരണഭൂഷണം പാസ്സായ ശേഷം എവിടെയാണു ജോലി കിട്ടിയത്?
ഉത്തരം: ജോലിയന്വേഷിച്ചുവെങ്കിലും ഒന്നും കിട്ടിയില്ല. തൃപ്പൂണിത്തു റയിൽനിന്ന് എറണാകുളംവരെ അന്നു നടന്നുപോകും; പ്രൊഫസർ എ. ചന്ദ്രഹാസനെ കണ്ട് ഹിന്ദി പുസ്തകങ്ങൾ വാങ്ങി വായിക്കാൻ. വളരെ കഷ്ടപ്പെട്ടാണ് അന്നു ദിവസങ്ങൾ തള്ളി നീക്കിയത്. ഒന്നു രണ്ട് ട്യൂഷൻ കിട്ടിയതുകൊണ്ട് വിശപ്പു കെടുത്തി എന്നു പറയാം. പ്രിൻസിപ്പൽ കുട്ടമശ്ശേരി നാരായണപ്പിഷാരടി ആദ്യമായി സംസ്കൃ തകോളേജിൽ ട്യൂട്ടറുടെ ജോലി തന്നു. പക്ഷേ, അതെല്ലാം താൽക്കാ ലികമായിരുന്നു.
ചോദ്യം: ആദ്യം പ്രസിദ്ധപ്പെടുത്തിയ പുസ്തകമേതാണ്?
ഉത്തരം: അതിനെപ്പറ്റി രസകരമായൊരു കഥയുണ്ട്: ശരച്ചന്ദ്രചാറ്റർജി യുടെ ഒരു പുസ്തകം 'രാമന്റെ സൽബുദ്ധി' എന്ന പേരിൽ ഹിന്ദി യിൽനിന്നു തർജമ ചെയ്തതാണ് എന്റെ ആദ്യത്തെ ഗ്രന്ഥം. അന്ന് ഇരുപതു വയസ്സോ മറ്റോ ഉണ്ട്. തൃശ്ശൂരിലെ ഒരു പ്രമുഖവ്യക്തി അതു വാങ്ങി അച്ചടിച്ചുതരാമെന്നു പറഞ്ഞ് 25 ക. പ്രതിഫലവും തന്നു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ 'കെ. കൃഷ്ണ'യുടെ പേരിൽ ആ പുസ്തകം അച്ചടിച്ചുവന്നു. അത് ഏഴാം ക്ലാസ്സിൽ ഉപപാഠപുസ്തക മാവുകയും ധാരാളം കോപ്പികൾ വിറ്റഴിയുകയും ചെയ്തു!
ചോദ്യം: കാലടി സംസ്കൃതസ്കൂളിൽ ഹെഡ്മാസ്റ്ററായി ജോലി ചെയ്തത് ഏതാണ്ട് അക്കാലത്തല്ലേ?
ഉത്തരം: അതിനു മുൻപ് ചൊവ്വര സ്കൂളിൽ ജോലി കിട്ടിയിരുന്നു. അവിടെയിരിക്കവേയാണ് ആഗമാനന്ദസ്വാമികൾ കാലടിക്കു വിളിച്ചു കൊണ്ടുപോയത്. പെരുവനത്തു പഠിക്കുന്ന കാലത്തുതന്നെ സ്വാമി കളുമായി പരിചയമായിരുന്നു. അവിടേക്കടുത്ത പുതുക്കാട്ട് അദ്ദേഹം വന്നു താമസിക്കാറുണ്ടായിരുന്നു. അവിടെ ഞാൻ പോകും. വിവേ

കാനന്ദപത്രാവലി, മഹർഷി നാഗമഹാശയൻ മുതലായ ഗ്രന്ഥങ്ങൾ കൗതുകത്തോടെ വായിച്ചിരുന്നത് അവിടെവെച്ചാണ്. ആ ബന്ധമാണ് സ്വാമികളെക്കൊണ്ട് എന്നെ അങ്ങോട്ടു വിളിപ്പിച്ചിരിക്കുക. കുറുശ്ശേരി ഗോപാലപിള്ള മുതലായി അന്നു കാലടി സ്കൂളിൽ അധ്യാപകരായിരുന്നവർക്ക് ഉയർന്ന ക്ലാസ്സിൽ പഠിപ്പിക്കാൻ വേണ്ടത്ര പരീക്ഷായോഗ്യതയില്ലാതിരുന്നതാണ് മുഖ്യകാരണം.

ചോദ്യം: അവിടത്തെ ജീവിതത്തെപ്പറ്റിയുള്ള മധുരസ്മരണകൾ എന്തൊക്കെയാണ്?

ഉത്തരം: കുറേക്കാലം ഊണും താമസവും ആശ്രമത്തിലായിരുന്നു. ഗീത, ഉപനിഷത്ത് മുതലായവ അന്തരീക്ഷത്തിൽ മുഴങ്ങും. അന്നാണ് ഞാനതൊക്കെ കാര്യമായി പഠിച്ചത്. ഇംഗ്ലീഷ് പഠനം ഊർജസ്വലമായി നടന്നതും അക്കാലത്താണ്. *ഹിന്ദു*വും *പോക്കറ്റ് സൈസ് ഓക്സ്ഫോർഡ് ഡിക്ഷണറി*യുമാണ് ഗുരുനാഥന്മാർ! ഇതൊക്കെയാണെങ്കിലും ശമ്പളക്കാര്യം കമ്മി. 15 ക.യായിരുന്നു ശമ്പളം. എക്വിറ്റൻസ് റോളിൽ കൂടുതൽ എഴുതാൻ പറഞ്ഞത് ഞാൻ അനുസരിച്ചിരുന്നില്ല. വലിയ അച്ചടക്കനിഷ്കർഷയാണ് സ്വാമികൾക്ക്. പല കാര്യങ്ങളിൽ അദ്ദേഹവുമായി ഉരസലുകൾ ഉണ്ടായിരുന്നു. സ്വാമികൾ പൊതുവിൽ നല്ലവനാണ്. പക്ഷേ, ഉന്നതോദ്യോഗസ്ഥന്മാർ മുതലായവരെ സേവ പിടിക്കുന്നതിനും മറ്റും ഞാൻ കൂട്ടു നിൽക്കാത്തതിൽ അദ്ദേഹം പരാതിപ്പെടും. ചില സംഭവങ്ങൾ ഓർക്കുന്നു.

സാംബവശിവശാസ്ത്രികൾ സി. പി. രാസ്വാമി അയ്യരുടെ അപദാനങ്ങളെ പ്രകീർത്തിച്ചുകൊണ്ട് രചിച്ച *സചിവോത്തമഃ* ആയിരുന്നു മൂന്നാം ക്ലാസ്സിൽ പഠിക്കാനുള്ള ഒരു പുസ്തകം. ഞാനതിഷ്ടപ്പെട്ടില്ല. സംസ്കൃത്തിൽ *കുമാരസംഭവം* പോലുള്ള നല്ല കൃതികളുണ്ടെന്നും അതു പഠിപ്പിച്ചാൽ മതിയെന്നുമായി ഞാൻ. അതുപോലെ, രാവിലെ 'വഞ്ചീശമംഗളം' പാടുന്നതു ഞാൻ നിർത്തി. പകരം, ഞാൻതന്നെ ഉപനിഷദാശയങ്ങൾ കലർത്തി എഴുതിയ,

യദനുഭാതി സൂര്യേന്ദുതാരകം
യദുപവർണനേ മൂകതാ ശ്രുതേഃ
യദിഹ നേതി നേത്യാപ്യതേ ബുധൈഃ
പരമധാമ ധാമ തദ് ഭാവയാമഹേ

എന്നു തുടങ്ങുന്ന മൂന്നു പദ്യങ്ങൾ പ്രാർഥനയായി ചൊല്ലുവാൻ ഏർപ്പാടാക്കി.

ചോദ്യം: ഇടയ്ക്കൊന്നു ചോദിച്ചോട്ടെ, എൻ. വി. സംസ്കൃതത്തിൽ ധാരാളം എഴുതിയിട്ടുണ്ടോ?



ഉത്തരം: ആ കാലത്തു പദ്യമായും ഗദ്യമായും കുറേ എഴുതിയിട്ടുണ്ട്. പക്ഷേ, കാര്യമായി ഒന്നോ മറ്റോ മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ.

ചോദ്യം: 'നയാഗരാപ്രപാതഃ' എന്ന കവിത? (*തൃപ്പൂണിത്തുറ സംസ്കൃത കോഴേജി ജൂബിലി സുവനീറി*ൽ പ്രസിദ്ധീകരിച്ചത്)

ഉത്തരം: അതെ.

ചോദ്യം: അത് അമേരിക്കയിൽവെച്ചാണോ എഴുതിയത്?

ഉത്തരം: നയാഗരേ ദേവി നമോസ്തു തുഭ്യ–

മാലോകയംസ്ത്വാം സുകൃതാതിരേകാത്;
സാക്ഷാത് സമീക്ഷേ ഗിരിശോത്തമാംഗേ
ഭാഗീരഥീം വിഷ്ണുപദാത് പതന്തീം

എന്ന ശ്ലോകം മാത്രം അവിടെനിന്നു വെള്ളച്ചാട്ടത്തെ നോക്കി ചൊല്ലിയിട്ടുള്ളതാണ്.

ചോദ്യം: നമുക്കു കാലടിയിലേക്കുതന്നെ തിരിച്ചുവരാം.

ഉത്തരം: ഞാൻ നേരത്തേ പറഞ്ഞവയ്ക്കു പുറമെ, പിന്നീടു രാഷ്ട്രീയപ്രവർത്തകരായ പലരും അന്നവിടെ വരികയും എന്റെ ഒന്നിച്ചു താമസിക്കുകയും പതിവായിരുന്നു. *മാതൃഭൂമി* വായിക്കുകയും അന്നത്തെ നിത്യപതിവായി. 1942 അടുത്തപ്പോൾ സ്വാമികൾക്ക് എന്നെ വെച്ചുപൊറുപ്പിക്കാൻ പേടിയായിത്തുടങ്ങി. ദേശീയപ്രസ്ഥാനത്തിൽ പങ്കെടുക്കാൻവേണ്ടി ആഗസ്റ്റിൽ ഞാൻ രാജി കൊടുത്തു പിരിയുകയും ചെയ്തു.

ചോദ്യം: വൈലോപ്പിള്ളി ഒരിക്കൽ പറഞ്ഞതോർക്കുന്നു, വിദ്യാർഥിയായിരിക്കെത്തന്നെ എൻ. വി. ജാഥ നയിച്ചുകൊണ്ടു പോകുന്നതു കാണുകയുണ്ടായെന്ന്. അതെപ്പോഴാണ്?

ഉത്തരം: അത് വിദ്യാർഥിയായിരിക്കുമ്പോഴല്ല, കാലടിസ്കൂളിൽ മാസ്റ്ററായിരിക്കുമ്പോൾത്തന്നെയാണ്. ചാൻസ് കിട്ടുമ്പോഴൊക്കെ ഞാൻ സ്കൂളിൽനിന്നു ലീവെടുത്ത് തൃപ്പൂണിത്തുറ സംസ്കൃതകോളേജിൽ ട്യൂട്ടറായി ജോലി നോക്കുമായിരുന്നു. അക്കാലത്തു കൊച്ചിയിൽ ഉത്തരവാദഭരണപ്രക്ഷോഭം നടക്കുകയാണ്. അന്നത്തെ ഘോഷയാത്രകൾ പലതിലും ഞാൻ പങ്കെടുക്കുകയും മീറ്റിങ്ങുകളിൽ പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. അതായിരിക്കും വൈലോപ്പിള്ളി സൂചിപ്പിച്ചത്.

ചോദ്യം: കാലടിയിൽനിന്നു രാജി വെച്ചതിനുശേഷമുള്ള പ്രവർത്തനങ്ങളെന്തൊക്കെയാണ്?

ഉത്തരം: തൃശ്ശൂരും എറണാകുളവും കേന്ദ്രമാക്കിയാണ് ആദ്യത്തെ

പ്രവർത്തനങ്ങൾ. പി. ഭാസ്കരൻ, പി. ശേഖരൻ, ശങ്കരൻകുട്ടി, കെ. വി. കെ. വാരിയർ, ചേർപ്പ് ആന്റണി, എം. കെ. മേനോൻ മുതലായവരാണ് അന്നത്തെ കൂട്ടുകാർ. അഖിലേന്ത്യാനിലവാരത്തിൽ നടക്കുന്ന ഒരു ന്യൂസും അപ്പപ്പോൾ കിട്ടില്ല. എല്ലാം ഗൂഢാലോചനയുടെ മട്ടിലാണ്. വിദ്യാർഥിസമരമാണ് പരസ്യമായും ഊർജിതമായും നടന്നിരുന്നത്. 'ഡു ഓർ ഡൈ' എന്നതാണ് അന്നത്തെ മുദ്രാവാക്യം. എന്തു ചെയ്യണമെന്ന് ഒരു നിശ്ചയവുമില്ല. ഗാന്ധിജിയെ അറസ്റ്റു ചെയ്തിരിക്കയാണ്. മശ്രുവാല പുറത്തിറക്കിയ *ഹരിജ*ന്റെ ഒരു ഇഷ്യുവിൽ (അതവസാനത്തേതായിരുന്നു) അട്ടിമറി നടത്തണമെന്നുതന്നെയാണ് ഉദ്ബോധനം. ജനങ്ങൾ സംഘടിതമായി അട്ടിമറി നടത്തുന്നത് തെറ്റല്ലെന്നാണഭിപ്രായം. എങ്ങനെയെങ്കിലും ബ്രിട്ടീഷ് ഗവണ്മെന്റിനെ സ്തംഭിപ്പിക്കണം.

ജയിലിൽ പോകാതെ സമരം ചെയ്യുകയാണു ഞങ്ങൾ വേണ്ടത്. ഞാൻ ഒഴിഞ്ഞുനിന്നു. എം. കെ. മേനോൻ തൊട്ടുള്ളവർ ജയിൽവാസം വരിച്ചു. അപ്പോഴാണ് വി. ആർ. കൃഷ്ണനെഴുത്തച്ഛൻ ബോംബേ എ. ഐ. സി. സി. യിൽ പങ്കെടുത്തു മടങ്ങി വരുന്നത്. തലയിണയിൽ നിറച്ചും ലഘുലേഖകളുമായാണ് അദ്ദേഹത്തിന്റെ വരവ്. എല്ലാം മലയാളത്തിലേക്കു തർജമ ചെയ്യണം. ആ 'ഫീൽഡി'ലാണ് ഞാൻ കുറേ പ്രവർത്തിച്ചത്. ഇരുപതു പുറം വീതമുള്ള *രാജേന്ദ്രപ്രസാദ്, വല്ലഭായ് പട്ടേൽ* മുതലായ പുസ്തകങ്ങൾ എഴുതി അച്ചടിച്ചു വിൽക്കുക അന്നെന്റെ ജോലിയായിരുന്നു.

ക്രമേണ തൃശ്ശൂരിലും തുടർന്ന് ഇരിഞ്ഞാലക്കുട പരിസരങ്ങളിലുമെല്ലാം സമരം കെട്ടു. പല നേതാക്കളും അറസ്റ്റിലായി.

പിന്നെയും ആശയക്കുഴപ്പംതന്നെ. അപ്പോഴാണ് ഡോ. കെ. ബി. മേനോൻ തൃശ്ശൂരിലേക്കു വന്നത്. 'അഖിലേന്ത്യാപൗരസ്വാതന്ത്ര്യസംഘ'ത്തിന്റെ സിക്രട്ടറിയായിരുന്നു അദ്ദേഹം. പ്രസിഡണ്ട് നെഹ്റുവും. അന്നവിടെ രംഗത്ത് സജീവമായിരുന്നത് മത്തായി മാഞ്ഞൂരാൻ, വി. എ. കേശവൻനായർ മുതലായവരാണ്. ഡൈനാമിറ്റുണ്ടാക്കി റെയിൽവേപ്പാളങ്ങൾ തകർക്കുകയായിരുന്നു ഒരു പരിപാടി. എം. എസ്. പി.ക്കാർ റോന്തു ചുറ്റുന്ന അന്തരീക്ഷം. (അന്നൊക്കെ പതിവായി ഡയറി എഴുതാറുണ്ടായിരുന്ന ഞാൻ പോലീസ് റെയ്ഡ് ഭയന്ന് അതൊക്കെ കീറിക്കളഞ്ഞു.) കമ്മ്യൂണിസ്റ്റുകാർ ഈ പ്രസ്ഥാനത്തിന് എതിരായിരുന്നു. ഞാൻ രണ്ടു കൂട്ടരുടെയും സാഹിത്യങ്ങൾ വായിക്കും. അട്ടിമറിയിൽ നേരിട്ടു പങ്കെടുക്കാൻ മടി പിന്നെയും തീർന്നില്ല. മുഖ്യകാരണം, എന്താണു ചെയ്യേണ്ടതെന്ന വ്യക്തമായ ബോധമില്ലാ



ത്തതു തന്നെ.

ചോദ്യം: *സ്വതന്ത്രഭാരതം* പത്രം നടത്തിയത് അക്കാല–

ഉത്തരം: അതെ. അതാണു പറയാൻ വന്നത്. ആ അണ്ടർഗ്രൗണ്ട് പേപ്പർ വി. എ. കേശവൻനായർ അതിനുമുൻപേ ആരംഭിച്ചിരുന്നു. തുടങ്ങി അധികനാൾ കഴിയുന്നതിനുമുൻപുതന്നെ അതച്ചടിച്ചിരുന്ന പാലക്കാട്ടെ പ്രസ്സ് പോലീസ് പൂട്ടി സീൽ വെച്ചു. അപ്പോഴാണ് ചന്ദ്രഹാസൻ എന്നെ എറണാകുളത്തേക്കു വിളിച്ച് ഡോ. കെ. ബി. മേനോന്റെ കൂടെ പോകൻ പറഞ്ഞത്. തൃശ്ശൂർ സെന്റ് തോമസ് കോളേജിന്റെ അടുത്തുള്ളൊരു വീട്ടിൽ പോകാനാണേല്പിച്ചത്. ഖദർ പാടില്ലെന്നും ഒരു ജഗന്നാഥൻ മുണ്ടോ മറ്റോ ഉടുത്താൽ മതിയെന്നും പറഞ്ഞിരുന്നു.

അവിടെ വി. എ. കേശവൻ നായർ വന്നു.

"എന്തും ചെയ്യാമോ?" – അദ്ദേഹം ചോദിച്ചു.

"ചെയ്യാം" – എന്റെ മറുപടി.

"എന്നാൽ ഒരു ശൃംഗാരശ്ലോകം ചൊല്ല്ആ" – അതാണ് വി. എ. കേശവൻ നായർ. അവിടെ വീട്ടിലിരുന്നു സംസാരിക്കാൻ പേടി. പുറത്തിറങ്ങി നടന്നുകൊണ്ട് ആശയങ്ങൾ കൈമാറി.

അവിടെനിന്നു പാവറട്ടിക്കു പോയി. (ചെറുകാടിനെ കാണാതെ സൂക്ഷിക്കണമെന്നാണ് താക്കീത്. അദ്ദേഹം കമ്മ്യൂണിസ്റ്റാണല്ലോ.) താമസിയാതെ പട്ടാമ്പിക്കു തിരിച്ചു. സ്റ്റേഷന്റെ അടുത്തുള്ളൊരു പീടികയിൽ കയറി. 'എന്തും ചെയ്യാൻ മടിക്കാതിരിക്കുന്ന'തിന്റെ മുന്നോടിയായി വി. എ. യുടെ 'കാർമികത്വ'ത്തിൽ ആദ്യമായി ഇറച്ചി തിന്നു! വണ്ടി വഴി കോഴിക്കോട്ടെത്താതെ കല്ലായിയിലിറങ്ങി, കോഴിക്കോട്ടേക്കു നടന്നു. കോഴിക്കോട്ടു വണ്ടിയിറങ്ങിയാൽ പോലീസ് പിടിക്കുമെന്ന പേടിയാണ്. പിറ്റേന്നു തലശ്ശേരി ജഗന്നാഥ് ടെമ്പിളിലിറങ്ങി ടൗണിലേക്കു നടന്നു. റെയിൽവേ സ്റ്റേഷന്റെ പിന്നിൽ താവക്കര(കണ്ണൂർ)ക്കാരൻ കിട്ടായി(കെ. കെ. കൃഷ്ണൻ)യുടെ ഒരു മരപ്പീടികയുണ്ടായിരുന്നു. അവിടെ പകൽ മരക്കച്ചവടക്കാരുടെ മട്ടിൽ ഞാനും വി. എ. യും ഇരിക്കും. രാത്രിയായാൽ പബ്ലിക്ക് ലൈബ്രറിയിൽ പോയി രഹസ്യമായി പത്രങ്ങൾ വായിച്ച് അന്നന്നത്തെ സമരവാർത്തകളറിയും. (ഉച്ചയ്ക്ക് അയില ചുട്ടതും രാത്രി അവിലും പഴവുമാണു ഭക്ഷണം.) രാത്രി മരപ്പീടികയിൽ തിരിച്ചുവന്ന് *സ്വതന്ത്രഭാരത*ത്തിന്റെ മാറ്റർ തയ്യാറാക്കും. തലശ്ശേരി കൃഷ്ണക്കിണിയുടെ വീട്ടിൽ ടൈപ്പ് വാങ്ങി വെച്ച് കംപോസ് ചെയ്ത്തു ഫ്രെയ്മിലാക്കി മരം കൊണ്ടുപോകുന്ന

ലോറിയിൽ മർക്കര(കുടക്)യ്ക്കയയ്ക്കും. *മാതൃഭൂമി*യിൽനിന്നു രാജി വെച്ച ശങ്കരൻ വൈദ്യർ അന്നു മർക്കരയിലുണ്ട്. കുഞ്ഞിക്കണ്ണൻ ടെയ്ലർ മുഖേന അദ്ദേഹം പത്രം അടിച്ചുതരും. പിന്നെ നടന്നു വില്പന.

ആയിടയ്ക്കാണ് സഞ്ജയനുമായി പരിചയപ്പെട്ടത്. ഞാൻ വളരെ 'ഭവ്യത'യോടെ സ്വയം പരിചയപ്പെടുത്തി. അദ്ദേഹം എന്റെ 'പഴയ പാട്ടു'ം മറ്റും മുൻപേ വായിച്ചിരുന്നു. സഞ്ജയൻ കവിതകളും ലേഖനങ്ങളും *സ്വതന്ത്രഭാരത*ത്തിലേക്കു തന്നു സഹായിച്ചിരുന്നു.

അങ്ങനെ ഒരു വിധം മുടക്കം കൂടാതെ പത്രമടിയും വില്പനയും നടക്കവേ, പെട്ടെന്നൊരു ദിവസം, അച്ചടിച്ച പത്രം വന്നുകണ്ടില്ല. അന്വേഷിക്കാൻ മർക്കരയ്ക്കു പോയി. അവിടെയെത്തിയതു നട്ടപ്പാതിരയ്ക്കാണ്. ശങ്കരൻ വൈദ്യരെ അറസ്റ്റു ചെയ്തിരിക്കുന്നു. കുഞ്ഞിക്കണ്ണൻ ടെയ്ലർ വിവരം പറഞ്ഞു. പേടിച്ചുവിറച്ചുകൊണ്ട് അദ്ദേഹം ഉപദേശിച്ചു: "ഇനി ഇവിടെ നിൽക്കണ്ട. വേഗം പൊയ്ക്കോ."

രാത്രിതന്നെ തലശ്ശേരിക്കു മടങ്ങി.

ചോദ്യം: ആ യാത്രാനുഭവങ്ങളാണോ 'കുടകുഗാന'ത്തിലെയും 'തീവണ്ടിയിലെ പാട്ടി'ലെയും പശ്ചാത്തലം?

ഉത്തരം: അതെ.

ചോദ്യം: പിന്നീട് *സ്വതന്ത്രഭാരതം* അച്ചടിക്കാൻ എന്താണു ചെയ്തത്?

ഉത്തരം: ഇരിട്ടിക്കാടുകളിൽ കുറച്ചു സ്ഥലം വാങ്ങി അവിടെ രഹസ്യമായി ഒരു പ്രസ്സ് തുടങ്ങാമെന്ന് ഒരു പദ്ധതിയുണ്ടാക്കി. കല്യാട്ടെ ശമാനനോട് വേറൊരാളുടെ പേരിൽ കുറേ സ്ഥലം വാങ്ങാൻ തീരുമാനിച്ചു. ആ വനത്തിൽ രണ്ടുനിലയിൽ ആൾപ്പാർപ്പില്ലാത്ത ഒരു പുരയുണ്ടായിരുന്നു. അതിന്റെ മുകളിൽ ഞാനും വി. എ. യും കെട്ടും ഭാണ്ഡവും; താഴെ ഒരു തിരുവിതാംകൂർ കുടുംബം. ഇരിട്ടിപ്പുഴയിൽ കുളി. അവിലും പഴവും ഭക്ഷണം. അങ്ങനെ അവിടെ കുറച്ചുനാൾ താമസിച്ചു സ്ഥലപരിചയം നേടി ക്രമേണ പ്രസ്സ് തുടങ്ങാനാണ് പ്ലാൻ. ഒരിക്കൽ കണ്ണൂരിൽ കിട്ടായിയുടെ വീട്ടിൽ പോയി മടങ്ങിവരുമ്പോഴേക്കും മരപ്പുരയിലെ സാധനങ്ങളെല്ലാം കളവു പോയിരിക്കുന്നു! താഴത്തെ കുടുംബവും അപ്രത്യക്ഷമായിരിക്കുന്നു. അങ്ങനെ ആ പ്ലാൻ പൊളിഞ്ഞു.

വീണ്ടും പട്ടാമ്പിക്കു വന്നു. അവിടെ വിദ്വാൻപരീക്ഷയ്ക്കു പഠിക്കുന്ന മട്ടിൽ വി. എ. യും ബി. ഒ. എല്ലിനു പഠിച്ചുകൊണ്ടു ഞാനും ഒരു വീട്ടിൽ താമസിച്ചു. എറണാകുളത്തു പോയി ഒരു മാസംകൊണ്ടു കംപോസിങ്ങ് പഠിച്ചു. പത്രം പലേടത്തുനിന്നും അച്ചടിപ്പിച്ചു



കൊണ്ടുവന്ന് വിതരണം നടത്തി. അങ്ങനെയിരിക്കെയാണ് കീഴരിയൂർ ബോംബുകേസ്സിൽ കേശവൻനായരെ അറസ്റ്റു ചെയ്തത്.

ചോദ്യം: അറസ്റ്റിൽനിന്ന് എൻ. വി. എങ്ങനെ രക്ഷപ്പെട്ടു?

ഉത്തരം: അതിലും ഫറൂക്ക് ബോംബുകേസ്സിലും ഞാൻ അറസ്റ്റു ചെയ്യപ്പെട്ടില്ല. ഒന്നാമത് എന്നെ ആരുമത്ര കണക്കാക്കില്ല. മുഷിഞ്ഞ വേഷം. ആൾ വളരെ ചെറുപ്പം. ഒരിക്കൽ കോഴിക്കോട്ടെ കോൺഗ്രസ്സ് പ്രവർത്തകനായ ജയദേവറാവുവിന്റെ വീടു പോലീസ് വളഞ്ഞപ്പോൾ ഞാൻ അവിടെയുണ്ടായിരുന്നു. 'സ്വാതന്ത്ര്യവാര'ത്തോടനുബന്ധിച്ചുള്ള ലഘുലേഖ തയ്യാറാക്കാൻ ഞാൻ എഴുതിവെച്ചിരുന്ന സ്റ്റെൻസിൽ ഉടൻ കത്തിച്ചുകളയാൻ റാവു കൊങ്ങിണിഭാഷയിൽ നിർദേശിച്ചു. സ്റ്റെൻസിൽ കത്തി പാതിയാവുമ്പോഴേക്കും പോലീസ്സുകാർ കണ്ടെത്തി. റാവുവിനെ പോലീസ് പിടിച്ചു. ഞാൻ പുറത്തേക്കു പോയി. വേലക്കാരനോ മറ്റോ ആണെന്നേ എന്നെ കരുതിയിരിക്കൂ. അങ്ങനെ രക്ഷപ്പെട്ടു.

ചോദ്യം: പിന്നീട് ആ ശ്രമങ്ങൾ ഉപേക്ഷിക്കുകയാണോ ചെയ്തത്?

ഉത്തരം: അല്ല. കോഴിക്കോട് സെന്റ് ജോസഫ്സ് സ്കൂളിൽ ജോലി സ്വീകരിച്ചതുതന്നെ ബോംബുകേസ്സിന്റെ ഡിഫെൻസും മറ്റു പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള ഒരു 'മറ'യായിട്ടാണ്. ഗ്രാമസേവാസംഘപ്രവർത്തനങ്ങൾ, ഹിന്ദിപ്രചാരണം, കോളറാ റിലീഫ് പ്രവർത്തനങ്ങൾ എന്നിവയുമായി അവിടെ കുറച്ചുകാലം കഴിഞ്ഞു. അന്നു പയ്യന്നൂരിലെ വി. എം. ഗോവിന്ദൻ നമ്പീശനായിരുന്നു പ്രധാനകൂട്ടുകാരൻ. പിന്നീട് കൊടകര നാഷണൽ സ്കൂളിൽ ചേർന്നപ്പോഴും ഇതുപോലുള്ള പ്രവർത്തനങ്ങളുണ്ടായിരുന്നു. കസ്തൂർബാ മെമ്മോറിയൽ ഫണ്ട്, ടീച്ചേഴ്സ് യൂനിയൻ എന്നിവയോടനുബന്ധിച്ച പ്രവർത്തനങ്ങളാണ് മുഖ്യമായും. കോൺഗ്രസ് സോഷ്യലിസ്റ്റു പാർട്ടി പുനരുദ്ധാരണശ്രമവും ആയിടയ്ക്കായിരുന്നു.

ചോദ്യം: മദ്രാസിൽ റിസർച്ചിനു പോയത് ഏതാണ്ടിക്കാലത്തുതന്നെയല്ലേ? അവിടത്തെ –

മിസ്സിസ്സ് എൻ. വി: ആ അനുഭവങ്ങളൊക്കെ എസ്. കെ. നായർ വിവരിച്ചിട്ടുണ്ടല്ലോ.

എൻ. വി: അതെ.

ചോദ്യം: അതല്ല. അവിടെയെത്തിയപ്പോഴും ഈ രാഷ്ട്രീയപ്രവർത്തനങ്ങളുണ്ടായിരുന്നുവോ എന്നു ചോദിക്കാനാണു വിചാരിച്ചത്. 'അമ്മു സ്വാമിനാഥനു വോട്ടു പിടിക്കാൻ നിക്കറുമുടുത്ത് എൻ. വി. ഓടിനട

ന്നതി'നെപ്പറ്റി ഡോ. എ. അയ്യപ്പൻ അനുസ്മരിച്ചിട്ടുള്ളതുകൊണ്ടാണിതു ചോദിക്കുന്നത്.
ഉത്തരം: റിസർച്ചിനോടൊപ്പം കുറച്ചു രാഷ്ട്രീയവും ഉണ്ടായിരുന്നു. മുറി നിറയെ ആയുധങ്ങളുള്ള ഒരു വീട്ടിൽ ഞങ്ങളെയെല്ലാം ഒരിക്കൽ ചില പ്രവർത്തകർ കൂട്ടിക്കൊണ്ടുപോയി. ഗവണ്മെന്റുമായി നേരിട്ടുള്ള സംഘട്ടനത്തിനുതന്നെയായിരുന്നു ഒരുക്കം. ഏതായാലും, ഉന്നതനേതാക്കന്മാർ ഇതിനെ പ്രോത്സാഹിപ്പിച്ചില്ല. അരുണാ ആസഫലി ഈ ആയുധങ്ങളെല്ലാം കണ്ടിട്ട് പറഞ്ഞതിങ്ങനെയാണ്: "ഹാന്റോവർ ദീസ് ടു ദി നെക്സ്റ്റ് പോലീസ് സ്റ്റേഷൻ!"ഹോട്ടൽതൊഴിലാളികൾക്കു നൈറ്റ് ക്ലാസ് നടത്തുകയും മറ്റും അന്നു ഞങ്ങളുടെ പരിപാടിയിൽ പെട്ടിരുന്നു. പിന്നീടു ഗാന്ധിജിയെ ജയിലിൽനിന്നു വിടുകയും സമരമുറ മാറുകയും ചെയ്തതോടെ തിരഞ്ഞെടുപ്പ് വന്നു. അന്നാണ് അമ്മു സ്വാമിനാഥന് വോട്ടു പിടിക്കാൻ നടന്നത്.
ചോദ്യം: ഇടയ്ക്കൊരു ചോദ്യം – എൻ. വി. യുടെ ബിരുദങ്ങൾ സംസ്കൃതത്തിലല്ലേ? റിസർച്ച് മലയാളത്തിലും?
ഉത്തരം: സംസ്കൃതത്തിൽ റിസർച്ചിന് അപേക്ഷ കൊടുത്തപ്പോൾ എം. എ. ഉണ്ടായിരുന്നില്ല. അതുകൊണ്ട് സെലക്ഷൻ കിട്ടിയതുമില്ല. മലയാളത്തിനാണ് പിന്നെ അപേക്ഷ കൊടുത്തത്. അതിനു സെലക്ഷൻ കിട്ടുകയും ചെയ്തു. ഒടുവിൽ എം. ലിറ്റുമെടുത്ത് മദ്രാസ് സർവകലാശാലയിൽ ഒരു ജോലിക്കപേക്ഷിച്ചപ്പോൾ മലയാളത്തിൽ 'അടിസ്ഥാനയോഗ്യത'യൊന്നുമില്ലാത്ത എനിക്കു ജോലി തരുന്നതെങ്ങനെയെന്നു ലക്ഷ്മണസ്വാമി മുതലിയാർ (വൈസ് ചാൻസലർ) തടസ്സവാദമുന്നയിച്ചു. ചേലനാട്ട് അച്യുതമേനോന്റെയും എ. ഗോപാലമേനോന്റെയും മറുപടി രസകരമായിരുന്നു: "സംസ്കൃതം നല്ലപോലെ പഠിച്ചവർക്കു മലയാളം പഠിപ്പിക്കാൻ വേറെ ക്വാളിഫിക്കേഷൻ ആവശ്യമില്ല." ജോലി ഏതായാലും കിട്ടിയില്ല.
ചോദ്യം: എന്തിനാണ് കൊടകരയ്ക്കു വീണ്ടും മടങ്ങിയത്?
ഉത്തരം: അത് വൈകാരികമായൊരു കാരണത്താലാണ്. കൊടകര സ്കൂളിന്റെ മാനേജർ വേലായുധമേനോൻ, റിസർച്ചിനു പോകുമ്പോൾ എന്നോടു തിരിയെ വരണമെന്നു പറയുകയും ഞാൻ സമ്മതിക്കുകയും ചെയ്തിരുന്നു. അങ്ങനെയിരിക്കെയാണ് തികച്ചും അവിചാരിതമായും അകാരണമായും ശ്രീ. മേനോനെ ഒരു റൗഡി കുത്തിക്കൊലപ്പെടുത്തിയത്. എന്നിട്ടും വാക്കു പാലിക്കേണ്ടതാവശ്യമാണെന്നു തോന്നി. മടങ്ങിവന്നു.
ചോദ്യം: മാറിയ പരിതസ്ഥിതിയിൽ രാഷ്ട്രീയം കുഴപ്പമൊന്നും വരുത്തിയില്ലേ?
ഉത്തരം: ഓഹോ. വരുത്തി. 'പാലിയം സത്യാഗ്രഹ'ത്തിൽ പങ്കെടുത്തവരെ തല്ലിയതിൽ പ്രതിഷേധിച്ച് 'എക്സ്പ്രസ്സി'ൽ പ്രസ്താവന കൊടുത്തതിന് അധ്യാപകരായ ഞങ്ങളെ പിരിച്ചുവിടാൻ നോട്ടീസ് തന്നു. പലരും മാപ്പു ചോദിച്ചു. ഞാനും എം. എസ്സ്. മേനോനും മാത്രം മാപ്പു ചോദിക്കാൻ തയ്യാറായില്ല. അക്കാലത്ത് അധ്യാപകപ്രസ്ഥാനത്തിൽ ഞങ്ങൾ കുറേ സജീവമായി പ്രവർത്തിക്കുകയുണ്ടായി.
ചോദ്യം: തുടർന്ന് കേരളവർമ കോളേജിലേക്കും അവിടെനിന്നു *മാതൃഭൂമി*യിലേക്കും പ്രവൃത്തിരംഗം മാറിയതും മറ്റും പ്രസിദ്ധമാണ്. ഒരു ചോദ്യം മാത്രം: *മാതൃഭൂമി*യിൽനിന്നു രാജിവെച്ചു ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയരക്ടർ സ്ഥാനത്തേക്കു വന്നത് ഒരു നഷ്ടമായി തോന്നുന്നുണ്ടോ?
ഉത്തരം: ഇല്ല. (ചിരിച്ചുകൊണ്ട്) *മാതൃഭൂമി*യിലെ പെൻഷൻ നഷ്ടമായെന്നു മാത്രം!
ചോദ്യം: അപ്പോൾ ആ ആറു കൊല്ലത്തെ പ്രവർത്തനങ്ങളിൽ സന്തൃപ്തനാണെന്നർഥം. അല്ലേ?
ഉത്തരം: അതെ. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വരുന്നതിന് എത്രയോമുൻപ്, ഐക്യകേരളം പിറവിയെടുക്കുന്നതിനും മുൻപ്, ഈ ആശയത്തെക്കുറിച്ച് എത്രയോ ചിന്തിച്ചിട്ടുള്ളവനാണ് ഞാൻ.
ചോദ്യം: 1952–ൽ കെ. ടി. രാമുണ്ണിമേനോൻ സ്മാരകവായനശാലയുടെ ഉദ്ഘാടനസമ്മേളനത്തിലവതരിപ്പിച്ച പ്രബന്ധമാണ് ('മലയാളസാഹിത്യത്തിന്റെ അഭിവൃദ്ധിക്ക് ഒരു പഞ്ചവത്സരപദ്ധതി' – പിന്നീട് ആ ലേഖനം *പരിപ്രേക്ഷ്യ*ത്തിൽ ചേർത്തു) ഉദ്ദേശിക്കുന്നത്. അല്ലേ?
ഉത്തരം: അതെ. ആ സ്വപ്നം ഒരു പരിധിയോളം സാക്ഷാത്കരിക്കുവാൻ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവർത്തിച്ചപ്പോൾ എനിക്കു കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല, കോത്താരി കമ്മീഷൻ റിപ്പോർട്ട് വന്നതിനുശേഷം അതിലെ പ്രാദേശികഭാഷാമാധ്യമവാദവുമായി മലബാറിൽ എത്രയിടങ്ങളിലാണ് ഞാൻ പ്രസംഗിച്ചു നടന്നിട്ടുള്ളതെന്നതിനു കണക്കില്ല. അന്നു പലരും അതിനെ എതിർക്കാനുപയോഗിച്ച വാദം, മലയാളത്തിൽ ഉന്നതനിലവാരത്തിൽ പാഠപുസ്തകങ്ങളാക്കാൻ പറ്റിയ കൃതികളില്ലെന്നതാണ്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനഫലമായി ആ 'മുടന്തൻ ന്യായ'വും തകർന്നിരിക്കയാണ്.
ചോദ്യം: ഇനി പൊതുവായ ചില ചോദ്യങ്ങൾ – പുരോഗമനസാഹിത്യകാരനായ എൻ. വി. രണ്ട് ആട്ടക്കഥകളെഴുതിയത് യാദൃച്ഛിക

മാണോ? അതോ, അതിന്റെ പിന്നിൽ പ്രത്യേകം വല്ല ഉദ്ദേശ്യവുമുണ്ടോ?

ഉത്തരം: ബുദ്ധന്റെ രണ്ടായിരത്തഞ്ഞൂറാം ജന്മാഘോഷത്തോടനുബന്ധിച്ച് കോഴിക്കോട് ആകാശവാണി ഡയരക്ടർ ബുദ്ധചരിതം ഒരാട്ടക്കഥയാക്കാമെന്ന നിർദേശം ഉന്നയിച്ചു. ഒളപ്പമണ്ണയായിരുന്നു അതിനു പറ്റിയ ആൾ. അദ്ദേഹം തയ്യാറാവാത്തതിനാൽ എനിക്കതു ചെയ്യേണ്ടിവന്നു. തുടർന്നു ടാഗോർജന്മശതാബ്ദിക്കു 'ചിത്രാംഗദ'യും എഴുതേണ്ടിവന്നു.

ചോദ്യം: ചിലപ്പോൾ ചില വാദവിഷയങ്ങൾ എടുത്തിടുകയും പിന്നെ അവയെപ്പറ്റി നിശ്ശബ്ദനാവുകയും ചെയ്യുക എൻ. വി. യുടെ ഒരു കുസൃതിയാണെന്നു ചിലർ പറയാറുണ്ട്. 'കവിതയുടെ കൂമ്പടഞ്ഞു' എന്ന പ്രശ്നമവതരിപ്പിച്ചത് ഉദാഹരണമായി അവർ ചൂണ്ടിക്കാട്ടുന്നു. ഇതിൽ എത്രത്തോളം ശരിയുണ്ട്?

ഉത്തരം: ഒളപ്പമണ്ണയുടെയും ഒ. എം. അനുജന്റെയും രണ്ടു കവിതാസമാഹാരങ്ങൾ *ജയകേരള*ത്തിൽ നിരൂപണം ചെയ്യേണ്ടിവന്നു. ഈ സമാഹാരങ്ങൾ അവരുടെതന്നെ മുൻനിലവാരത്തോടു നീതി കാണിക്കുന്നവയായിരുന്നില്ല. അക്കാലത്തു കവിതയുടെ കാലം കഴിഞ്ഞുവെന്ന വാദം യൂറോപ്പിലെങ്ങും പ്രചരിച്ചിരുന്നു. ഈ പുസ്തകങ്ങൾ കണ്ടാൽ അതു ശരിയാണെന്നു തോന്നും എന്നു 'കൂമ്പടഞ്ഞ കവിത' എന്ന തലവാചകത്തിൽ എഴുതിയ ആ നിരൂപണലേഖനത്തിൽ ഞാൻ അഭിപ്രായപ്പെട്ടു. തുടർന്ന് ഒളപ്പമണ്ണ, കെ. എ. കൊടുങ്ങല്ലൂർ മുതലായവർ പങ്കെടുത്ത ഉശിരൻ വാദപ്രതിവാദങ്ങളുണ്ടായി. ഇതിൽ ഞാൻ എന്തെങ്കിലുമൊരു വാദവിഷയമെടുത്തിട്ട പ്രശ്നമേ ഉണ്ടായട്ടില്ല.

ചോദ്യം: കോഴിക്കോട്ട് ബാലചിത്രരചനാമത്സരത്തിൽ എൻ. വി. വലിയ ഉത്സാഹം കാണിച്ചിരുന്നല്ലോ? ചിത്രരചനയെപ്പറ്റി, അതിലെ ആധുനികപ്രവണതകളെപ്പറ്റി, എന്താണഭിപ്രായം?

ഉത്തരം: കുട്ടികൾക്കു ചിത്രരചനയിൽ താല്പര്യമുണർത്തുന്നതിന്നായി ജീവിതം സമർപ്പിച്ച കെ. പി. ആന്റണിയോടുള്ള സ്നേഹാദരങ്ങളാണ് ആ മത്സരത്തിൽ ഉത്സാഹം കാണിക്കാൻ പ്രേരകം. ചിത്രകലയിലെ ആധുനികപ്രവണതകളെപ്പറ്റി പറയാൻ ഞാൻ അധികാരിയല്ല.

ചോദ്യം: എന്താണു ഹോബി?

ഉത്തരം: അങ്ങനെ പ്രത്യേകിച്ചൊന്നുമില്ല.

ചോദ്യം: സിനിമ കാണാറുണ്ടോ?



ഉത്തരം: ഉണ്ടായിരുന്നു. (ചിരിച്ചുകൊണ്ട്) ഇപ്പോൾ മൂന്നു മണിക്കൂർ കളയേണ്ട എന്നാലോചിച്ചു കാണാൻ പോകാറില്ല!

ചോദ്യം: എൻ. വി.ക്കു ധാരാളം ശത്രുക്കളുണ്ടെന്നു കേൾക്കുന്നു. അവരെക്കുറിച്ചെന്തു തോന്നുന്നു?

ഉത്തരം: അങ്ങനെ ശത്രുക്കളുണ്ടെന്നു കരുതുന്നില്ല.

ചോദ്യം: 'നാസ്തികൻ' എന്ന പേരിലൊരു ലേഖനം എഴുതിയിരുന്നുവെന്നു പറഞ്ഞുവല്ലോ. എൻ. വി. വാസ്തവത്തിൽ നാസ്തികനാണോ?

ഉത്തരം: ഇതിന് ഒറ്റവാക്കിൽ ഉത്തരം പറയാൻ വിഷമമാണ്. സാധാരണയർഥത്തിൽ ഞാൻ മതവിശ്വാസിയല്ല. മരണത്തിനുശേഷമുള്ള സ്വർഗനരകങ്ങളിലും പുനർജന്മത്തിലും മോക്ഷത്തിലും എനിക്കു വിശ്വാസമില്ല. സന്താനപരമ്പരകളിലൂടെ ഭൗതികപാരമ്പര്യവും ജീവിതത്തിൽ നന്നായി നിർവഹിച്ച പ്രവൃത്തികളിലൂടെ 'ആധ്യാത്മിക'പാരമ്പര്യവും (പറ്റിയ മറ്റൊരു വാക്കില്ലാത്തതിനാൽ ഇതു പ്രയോഗിക്കുന്നതാണ്) നിലനിൽക്കും. എന്നെന്നേക്കുമായി അതു നശിക്കുമെന്നു തോന്നുന്നില്ല. ഈ നിലയിലുള്ള അതിജീവനം (സർവൈവൽ) ഓരോ വ്യക്തിക്കുമുണ്ട് എന്നാണു തോന്നുന്നത്. പിന്നെ മനുഷ്യന്റെ ചില മൗലികദാഹങ്ങളെ മതം തൃപ്തിപ്പെടുത്തുന്നുണ്ട്. കല, ശാസ്ത്രം, തത്ത്വജ്ഞാനം മുതലായവ മതത്തിന്റെ തണലിൽ വളർന്നിട്ടുണ്ട്; ചില വശങ്ങളിൽ തളർന്നിട്ടുണ്ടെങ്കിലും. അതിനാൽ മതത്തെ എതിർത്തതുകൊണ്ട് വലിയ കാര്യമുണ്ടെന്നു തോന്നുന്നില്ല.

ചോദ്യം: കേരളസാഹിത്യസമിതി തുടങ്ങിയതും തുടർച്ചയായി ക്യാമ്പുകൾ നടത്തിയതുമെല്ലാം എൻ. വി. യുടെ നേതൃത്വത്തിലാണല്ലോ. അതേക്കുറിച്ചുള്ള അഭിപ്രായമെന്താണ്?

ഉത്തരം: സമസ്തകേരളസാഹിത്യപരിഷത്ത് നിഷ്ക്രിയമായ കാലഘട്ടത്തിൽ ഒരു സാംസ്കാരികസമിതിയുടെ ആവശ്യം അനുപേക്ഷണീയമായിവന്നു. എസ്. കെ. പൊറ്റക്കാടാണ് സമിതിരൂപവത്കരണത്തിൽ മുൻകൈയെടുത്തത്. സാഹിത്യസമിതി അതിന്റെ ആഭിമുഖ്യത്തിൽ കൊല്ലം തോറും തുടർച്ചയായി ആറേഴുദിവസം നടത്താറുള്ള ക്യാമ്പുകൾ വഴി വളരെ വിലപ്പെട്ട സേവനം ചെയ്തിട്ടുണ്ടെന്നാണു തോന്നുന്നത്.

ചോദ്യം: "എന്റെ ചേതന രൂപപ്പെട്ടുവന്ന പ്രഥമ-ദ്വിതീയമഹായുദ്ധങ്ങളുടെ അന്തരാളഘട്ടം ആശയുടെയും പ്രതീക്ഷയുടെയും കർമയോഗത്തിന്റെയും അന്തരീക്ഷത്തെയാണ് ലോകത്തിന്റെ മിക്ക ഭാഗ

ങ്ങളിലും ഉളവാക്കിയിരുന്നത്; ഗാന്ധിജിയുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സഹനാത്മകമായ ധർമയുദ്ധം നടന്നുകൊണ്ടിരുന്ന ഇന്ത്യയിൽ പ്രത്യേകിച്ചും. ഇതുനിമിത്തമാവാം, എന്റെ തലമുറയുടെ കൈവല്യം വൈയക്തികമെന്നതിലേറെ സാമൂഹ്യമായിരുന്നു. ഈ സാമൂഹ്യകൈവല്യം നേടുന്നതിനുള്ള പ്രായോഗികമായ ഒരായുധമായിരുന്നു, മറ്റെല്ലാ സിദ്ധികളുമെന്നപോലെ, ഞങ്ങൾക്കു കവിതയും. സാമൂഹ്യദുഃഖത്തെപ്പറ്റി അഗാധബോധമുണ്ടായിരുന്ന ഞങ്ങൾക്കു വ്യക്തിഗതമായ ദുഃഖം ഗോപനീയമായൊരു ദൗർബല്യമോ പരമരഹസ്യമായി സൂക്ഷിക്കേണ്ട ഒരു സാധനയോ ആയിരുന്നു. നൈരാശ്യത്തിന്റെ കാഞ്ഞിരവള്ളികൾ എമ്പാടും പടർന്നുകയറിമറിഞ്ഞിട്ടുണ്ടെങ്കിലും ഇന്നും എന്റെ ജീവിതത്തിന്റെ അടിച്ചട്ടം ഈ ജീവിതദർശനംതന്നെ." (സുഗതകുമാരിയുടെ *പാവം മാനവഹൃദയ*ത്തിന്റെ അവതാരികയിൽ എൻ. വി.). ജീവിതദർശനത്തെപ്പറ്റിയുള്ള ഈ പ്രസ്താവനയിൽ വല്ല മാറ്റവും വരുത്തണമെന്നു തോന്നിയിട്ടുണ്ടോ?

ഉത്തരം: ഇല്ല. എന്നിൽ ഗാന്ധിജിയുടെ ശക്തമായ സ്വാധീനത്തെപ്പറ്റി അതിൽ സൂചനയുണ്ടല്ലോ. വിവേകാനന്ദൻ, രാമകൃഷ്ണപരമഹംസൻ എന്നിവരും ആദ്യകാലത്ത് എന്നിൽ അഗാധമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അവരുടെ ആത്മീയാഭിപ്രായങ്ങൾ എന്നെ ആകർഷിച്ചിട്ടില്ലെന്നു കൂട്ടത്തിൽ പറയട്ടെ. പിന്നീടു മാർക്സും ലെനിനുമാണ് എന്നെ സ്വാധീനിച്ചത്. വ്യക്തി നശ്വരനാണ്; ദുർബലനാണ്. പക്ഷേ, സമൂഹം ശാശ്വതമാണ്, ബലിഷ്ഠവും അരോഗവും സുന്ദരവുമാണ്. പ്രസാദാത്മകമാണ് എന്റെ ജീവിതദർശനം. ചുരുക്കത്തിൽ –

പോവുക മാനവ മുന്നോട്ടേക്കേ;
ഭാവുകമാവുക നിൻ മാർഗം.
ഇതിലും വിസ്തൃതതരഗഗനങ്ങളെ
വിരയാവൂ നിന്നുന്മേഷം.
താമരപോലേ വിടരാവൂ നര–
കോമളജീവിതസംഹ്ലാദം.
നിറവും മണവും മധുവുമതിങ്കൽ–
ത്തിറമോടു മുറ്റിത്തികയാവൂ.
ഉജ്ജ്വലതരമായ്ത്തീരാവൂ നര–
വിജ്ഞാനത്തിൻ കൈപ്പന്തം.
കല്ലറ കൈവിട്ടെഴുനേൽക്കാവൂ
ക്രിസ്തുകണക്കേ നരവർഗം.



ബന്ധവിമുക്തം ഹംസംപോൽ മനു–
സന്തതി വാനിലുയർന്നാവൂ.
പൂർണവികാസം കൈക്കൊള്ളാവൂ
വിണ്ണിൻമഹിമകൾ മണ്ണിന്മേൽ.
ഉണ്മയുമഴകും നന്മയുമാർന്നിനി
യുയരാവൂ പുതുതലമുറകൾ!

(ആഗസ്റ്റ് കാറ്റിൽ ഒരില)

★